മലയാളരാജ്യം
ആഴ്ചപ്പതിപ്പ്



# THE MALAYALA RAJYAM ILLUSTRATED WEEKLY

Vol. XXII

As. 2

No: 228

6th March 1950

സിനിമാപംക്തി

# എം. എസ്. സുബ്ബലക്ഷ്മി

അഖിലേന്ത്യം പ്രശസ്തി ആർജ്ജിച്ചിട്ടുള്ള ഒരു അനുഗൃഹീതഗായികയത്രെ കോകിലഗാന ഇശൈവാണി ശ്രീമതി എം. എസ്. സുബ്ബലക്ഷ്മി. "മീരാ" എന്ന ഹിന്ദിചലച്ചിത്രത്തിന്റെ പ്രോൽഘാടനവേളയിൽ പൌരസ്ത്യകോകിലം ആയിരുന്ന ശ്രീമതി സരോജിനീദേവി, എം. എസ്സി-നെക്കുറിച്ച് അഭിപ്രായപ്പെട്ടിട്ടുള്ളതു നോക്കുക: "ഭാരതത്തിന്ന് പൊതുവേ അഭിമാനപൂർവം അനുസ്മരിക്കുവാൻ കഴിയുന്ന വിശിഷ്ട കലാകാരികളിൽ പ്രഥമഗണനീയയത്രെ ശ്രീമതി എം. എസ്. സുബ്ബലക്ഷ്മി. ഭാരതത്തിന്റെ മാത്രമല്ല ലോകത്തിന്റെതന്നെ അനർഘനേട്ടമായി അവർ പ്രശോഭിക്കട്ടെ." ദിവംഗതയായ ആ കവയിത്രിയുടെ അഭിപ്രായം അന്വർത്ഥമായിത്തന്നെ നിലകൊള്ളുന്നു. തെന്നിന്ത്യൻ സംഗീതനഭസ്സിൽ സുബ്ബലക്ഷ്മിയെക്കാൾ സംഗീതകലയിൽ ശാസ്ത്രീയപരിജ്ഞാനം നേടിയിട്ടുള്ള വിദുഷീശിരോമണികൾ ധാരാളമുണ്ട്. പക്ഷെ എം. എസ്സിന്റെ കണ്ഠമാധുര്യം അവർക്കാർക്കും ലഭിച്ചിട്ടില്ല. സുബ്ബലക്ഷ്മിയുടെ ഗാനമാധുരി ഏതൊരു ഹൃദയത്തിനും ആത്മനിർവൃതി അരുളും, നാഡീഞ്ഞരമ്പത്തിൽ അലിയിച്ചുചേർക്കും, വികാരവിശേഷങ്ങളെ തട്ടിയുണർത്തും. സംഗീതം ഒരു ശാസ്ത്രത്തിൽ കവിഞ്ഞ് കലയായതുകൊണ്ട് ശാസ്ത്രീയപരിജ്ഞാനമില്ലാത്തവരെപ്പോലും ആകർഷിക്കുന്നതു് അതിന്റെ ശബ്ദമാധുര്യമാണല്ലോ. കസ്തൂർബാ ഫണ്ടിന്റെ ആവശ്യത്തിലേക്ക് എം. എസ്സി-ന്റെ സംഗീതസദസ്സുകൾ മുഖാന്തിരം ഒന്നരലക്ഷം രൂപാ പിരിച്ചെടുക്കാൻ കഴിഞ്ഞതിൽനിന്നുതന്നെ സാധാരണജനങ്ങൾക്ക് സുബ്ബലക്ഷ്മിയുടെ സംഗീതസുധ ആസ്വദിക്കുന്നതിനുള്ള ആവേശവും വ്യക്തമാകുന്നുണ്ട്. ഗാന്ധിസ്മാരകനിധിക്കുവേണ്ടി ബോംബെയിൽ വച്ചു നടത്തപ്പെട്ട സംഗീതക്കച്ചേരിക്ക് ഒന്നേകാൽലക്ഷംരൂപായുടെ പിരിവുണ്ടായിരുന്നുവെന്നു കേൾക്കുമ്പോൾ ആരാണ് അതിൽ അത്ഭുതപ്പെടാത്തതു്? ഗാനകലയിൽക്കൂടി അനശ്വരവും വ്യാപകവുമായ വിശ്രുതി നേടിയിട്ടുള്ള സുബ്ബലക്ഷ്മി സംസ്കാരസമ്പന്നരായ കലാഭക്തന്മാരുടെ അഭിമാനഭാജനവും ആരാധനാപാത്രവുമാണ്.

പ്രാചീനകാലംമുതല്ക്കേ മധുരാപുരി കലകളുടെ ഒരു വിശ്രുതകേന്ദ്രമായിരുന്നു. സംഗീതം, സാഹിത്യം, നാട്യം മുതലായ കലകൾക്ക് മധുരയുടെ മഹത്തായ സംഭാവനകൾ അമൂല്യവും അവിസ്മരണീയവുമാണ്. മധുരയിൽ വളരെക്കാലങ്ങളായി സംഗീതാദികലകളിൽ പ്രശസ്തിസമ്പാദിച്ചിരുന്ന ഒരനുഗൃഹീത ബ്രാഹ്മണകുടുംബത്തിലാണ് സുബ്ബലക്ഷ്മി ജനിച്ചതു്. ഒരു തികഞ്ഞ സംഗീതവിദുഷിയും പ്രസിദ്ധ വീണവായനക്കാരിയുമായിരുന്ന ശ്രീമതി ഷൺമുഖവടിവായിരുന്നു സുബ്ബലക്ഷ്മിയുടെ മാതാവു്. ജന്മസിദ്ധമായ വാസനയും പ്രശസ്തപാരമ്പര്യവും വിദഗ്ദ്ധമായ ശിക്ഷണവുംകൂടി ലഭിച്ചപ്പോൾ ബാല്യത്തിൽത്തന്നെ സുബ്ബലക്ഷ്മിയുടെ ഗാനങ്ങൾക്ക് തികവും വടിവും ലയവും ലഭിച്ചു. കേവലം പത്തുവയസ്സുമാത്രം പ്രായമുണ്ടായിരുന്നപ്പോൾ ഗ്രാമഫോൺ കമ്പനിക്കാർ അവരുടെ ഗാനങ്ങൾ റിക്കാർഡുചെയ്യുവാനും ആരംഭിച്ചു. പ്രസ്തുത ഗാനങ്ങൾ കലാവൈശിഷ്ട്യത്തിൽ അന്യൂനമല്ലായിരുന്നുവെങ്കിലും സ്വരമാധുര്യത്തിൽ ഒട്ടും പിന്നോക്കമായിരുന്നില്ല. ആ ബാലിക തുടർന്നു പത്തുകൊല്ലക്കാലം നിരന്തരമായി സംഗീതകലയിൽ അഭ്യസനം നിർവഹിക്കുകയും ഒരു തികഞ്ഞ സംഗീതവിദുഷിയായി പരിണമിക്കുകയും ചെയ്തു.

റേഡിയോവിൽക്കൂടി സംഗീതം പ്രക്ഷേപണം ചെയ്യുവാൻ ആരംഭിച്ചതോടുകൂടിയാണ് സുബ്ബലക്ഷ്മിയുടെ പ്രശസ്തി പ്രവൃദ്ധമായതു്. അമൃതനിഷ്യന്ദികളും നിസർഗ്ഗസുന്ദരവുമായ അവരുടെ ഗാനതല്ലജങ്ങൾ അന്തരീക്ഷത്തിൽ അലതല്ലി ശ്രോതാക്കളുടെ കർണ്ണങ്ങളിൽ പീയൂഷവർഷം ചൊരിയുവാൻ തുടങ്ങി. ആ ഗാനനിർഝരി ശ്രോതാക്കളെ പരമാനന്ദത്തിൽ ആറാടിച്ചു. ശ്രുതി, ലയം, താളം ഇവയുടെ സാന്ദ്രതയിൽക്കൂടി രൂപം പ്രാപിക്കുന്ന ആ മോഹനഗാനങ്ങൾ കലാപ്രേമികളുടെ ഹൃദയത്തിൽ സജീവമായി പതിയുവാൻ തുടങ്ങി. അതോടുകൂടി സുബ്ബലക്ഷ്മിക്ക് സംഗീതലോകത്തിൽ ഉച്ചപ്രതിഷ്ഠ ലഭിക്കുകയും ചെയ്തു. താമസംവിനാ സിനിമാനിർമ്മാതാക്കളുടെ ശ്രദ്ധയേയും ആ ഗായിക ആകർഷിക്കുവാൻ ആരംഭിച്ചു.

"സേവാസദന"മാണ് സുബ്ബലക്ഷ്മി ആദ്യമായി അഭിനയിച്ച തമിഴ് ചലച്ചിത്രം. പ്രഥമചിത്രത്തിൽപോലും അവർ വിജയകരമായി അഭിനയിച്ചു. സംഗീതത്തിൽ മാത്രമല്ല അഭിനയത്തിലും അവർ ചതുരയാണെന്ന് ആ ചിത്രം തെളിയിച്ചിട്ടുണ്ട്. അടുത്തതായി "ശകുന്തള"യിലാണ് സുബ്ബലക്ഷ്മി അഭിനയിച്ചതു്. ഈ ചിത്രം മദ്രാസിൽ അൻപത്തിരണ്ടുവാരം തുടർച്ചയായി പ്രദർശിപ്പിക്കപ്പെട്ടിട്ടുണ്ടെന്നു പറഞ്ഞാൽ അതിന്റെ മഹത്വത്തിനു മറ്റു തെളിവുകൾ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. പ്രസ്തുത ചിത്രത്തിലെ പ്രണയരംഗത്തിൽ നായികാനായകന്മാർ (സുബ്ബലക്ഷ്മിയും ബാലസുബ്രഹ്മണ്യവും) കൂടിച്ചേർന്നു പാടുന്ന ആ മനോഹരഗാനം ഏതൊരു ഹൃദയത്തെയാണു് പുളകംകൊള്ളിക്കാത്തതു്? അത്ഭുതകരവും സംഗീതമധുരവുമായ ആ ഗാനത്തിന്റെ ശകലമെങ്കിലും പാടുവാനറിയാത്ത സിനിമാപ്രേമികൾ വിരളമായിരിക്കും. "സാവിത്രി" എന്ന പുരാണചിത്രത്തിൽ നാരദന്റെ ഭാഗം അഭിനയിച്ചിരിക്കുന്നതും സുബ്ബലക്ഷ്മിയാണ്. ആ ചിത്രത്തിന് നിരൂപകദൃഷ്ടിയിൽ പല കുറവും ദർശിക്കുവാൻ കഴിയുമെങ്കിലും സുബ്ബലക്ഷ്മിയുടെ ഗാനങ്ങളെക്കുറിച്ച് ആർക്കും അപലപിക്കുവാൻ നിവൃത്തിയില്ല. 'മീരാ'യിലെ അഭിനയത്തോടുകൂടിയാണ് സുബ്ബലക്ഷ്മിയുടെ പ്രശസ്തി ഉച്ചകോടിയിലേക്ക് ഉയർന്നതു്. ഭക്തിരസം തുളുമ്പുന്ന അവരുടെ ഗാനങ്ങൾ ഏതൊരു ശിലാഹൃദയത്തെയും അലിയിപ്പിക്കാതിരിക്കുകയില്ല. "ഭക്തമീരാ"യുടെ ഹിന്ദിപതിപ്പും സുബ്ബലക്ഷ്മിയുടെ അഭിനയചാതുരിയുടെയും ശബ്ദമാധുരിയുടെയും പ്രത്യക്ഷലക്ഷ്യമായി പ്രശോഭിക്കുന്നു.

സുബ്ബലക്ഷ്മി സുശീലയും സുന്ദരിയുമാണ്. ഹൃദയവിശാലത, ആദർശശുദ്ധി, ഔദാര്യബുദ്ധി, വിനയസ്വഭാവം മുതലായവയത്രെ അവരുടെ വ്യക്തിവൈശിഷ്ട്യങ്ങൾ. "കല്കി"യുടെ മാനേജിംഗ് പാർട്ട്നറായ മി: ടി. സദാശിവമത്രെ അവരുടെ ഭർത്തൃപദം അലങ്കരിക്കുന്നതു്. അനുഗൃഹീതകലാകാരനും സംസ്കാരസമ്പന്നനുമായ സദാശിവത്തിന്റെ സന്തതസാഹചര്യം സുബ്ബലക്ഷ്മിക്കു വേണ്ട പ്രചോദനവും പ്രോത്സാഹനവും നൽകിക്കൊണ്ടിരിക്കുന്നു. മധുരഗാനചതുരയും അഭിനയകുശലയുമായ സുബ്ബലക്ഷ്മിയുടെ കലാവൈദഗ്ദ്ധ്യത്തെ ഉത്തരേന്ത്യക്കാരും അഭിനന്ദിച്ചുതുടങ്ങിയിരിക്കുന്നതു് അഭിമാനകരമാണു്. സംഗീതസുധയുടെ ജനിത്രിയായ സുബ്ബലക്ഷ്മി ഇനിയും പല തമിഴ് ചിത്രങ്ങളിലും ഹിന്ദിചിത്രങ്ങളിലും അഭിനയിക്കുന്നതിന് ഇടയുണ്ട്. ശ്രീമതി സുബ്ബലക്ഷ്മിയുടെ കലാപരമായ കഴിവുകളും സാമർത്ഥ്യങ്ങളുമെല്ലാം വേണ്ടരീതിയിൽ പ്രയോജനപ്പെടുത്തിയെടുക്കുന്നതിൽ തമിഴ്ചിത്രനിർമ്മാതാക്കൾ കൂടുതൽ ഉത്സുകരായിത്തീരട്ടെ. ഭാവനാസമ്പന്നയും സംഗീതവിദുഷിയുമായ സുബ്ബലക്ഷ്മിയുടെ കലാസേവനം ഭാരതീയചലച്ചിത്രകലയെ കൂടുതൽ ശോഭാമയമാക്കിത്തീർക്കുകയും ചെയ്യട്ടെ!

— ൦ —

## സിനിമായുടെ ഉത്ഭവവും വളർച്ചയും

— :൦: —

സിനിമാ ഇന്നത്തെ ലോകത്തിൽ സർവ്വജനാരാധ്യമായ ഒരു ദൃശ്യകലാപ്രയോഗമായി ഉയർന്നിട്ടുണ്ട്. ജനതതിക്കു ചലച്ചിത്രദർശനത്തിനുള്ള അമിതമായ അഭിവാഞ്ഛയാണു് ഈ വ്യവസായത്തിന്റെ പുരോഗതിക്കു് ഇത്രമാത്രം പിൻതുണനൽകിയിട്ടുള്ളതു്. ഭൗതികപരിഷ്കാരങ്ങളുടെ അഭിവൃദ്ധിയിൽ ഇന്നു ചലച്ചിത്രങ്ങൾ അവിഭാജ്യഘടകമായിത്തന്നെ വർത്തിക്കുന്നു. പണ്ഡിതപാമരഭേദമെന്യേ മനുഷ്യരുടെ ദൈനംദിനജീവിതത്തിൽ ചലച്ചിത്രങ്ങൾ ഇന്നു സ്വാധീനശക്തി ചെലുത്തിക്കൊണ്ടിരിക്കുന്നു. അധുനാതനപരിഷ്കാരങ്ങളെല്ലാം പ്രചരിപ്പിക്കപ്പെടുന്നതു് സിനിമായിൽക്കൂടിയാണ്. "പ്രചരണ"ചിത്രങ്ങളുടെ ആവശ്യകത പരിഷ്കൃതഗവർമ്മേൻറുകൾക്കെല്ലാം ബോദ്ധ്യപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ചലച്ചിത്രങ്ങൾവഴി വിദ്യാഭ്യാസത്തെ കൂടുതൽ കാര്യക്ഷമവും പ്രയോജനപ്രദവുമാക്കിത്തീർക്കാമെന്ന് അനുഭവം സാക്ഷ്യം വഹിക്കുന്നു. മാനവസംസ്കാരത്തെ നിലനിർത്തുവാനും പരിഷ്കൃതലോകത്തിന്റെ പുരോഗതിയെക്കുറിച്ചു ബോധനം നൽകുന്നതിനും ചലച്ചിത്രങ്ങൾ സാരമായി സഹായിക്കുന്നുണ്ട്. സാർവത്രികമായി പ്രാധാന്യമർഹിക്കുന്ന സിനിമായുടെ ഉത്ഭവത്തെയും വളർച്ചയെയുംകുറിച്ചുള്ള ഒരു ചുരുങ്ങിയ ചരിത്രമാണ് ചുവടെ കുറിക്കുന്നതു്.

ഛായാഗ്രഹണവിദ്യയുടെ കണ്ടുപിടുത്തംമുതലാണ് സിനിമായും ആരംഭിച്ചതു്. ഡാവിൻചി എന്നൊരു ഇറ്റാലിയൻ പതിനാറാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഛായാഗ്രഹണത്തിനുള്ള ക്യാമറാ നിർമ്മിക്കുന്നതിനുള്ള പരിശ്രമം തുടങ്ങി. അദ്ദേഹത്തിന്റെ ശ്രമം പരിപൂർണ്ണവിജയത്തിൽ എത്തിച്ചേർന്നില്ലെങ്കിലും ഛായാഗ്രഹണം ഏതാണ്ടു നിവർത്തിച്ചിരുന്നു. ഛായയെ പകർത്തുന്നതിനുള്ള പ്രത്യേകതരം ഒരു കടലാസ് കണ്ടുപിടിച്ചതു് തോമസ് വെഡ്ജ് എന്ന ശാസ്ത്രജ്ഞനാണ്. ഛായാഗ്രഹണം സെല്ലുലോയിഡിൽ നിർവഹിക്കപ്പെടാമെന്നു കണ്ടുപിടിക്കപ്പെട്ടതു അനന്തരകാലത്തുമാത്രമാണ്. ൧൮൮൯-ൽ വില്യം ഫ്രീസ് ഗ്രീൻ ചിത്രങ്ങളെ ചലിപ്പിക്കുവാൻ കഴിയുമെന്നു വെളിപ്പെടുത്തി. ചിത്രങ്ങളെ ഒരു ഉരുളിൽ ചുറ്റി ദ്രുതകണ്ണാടിയുടെ ഒരുവശത്തു പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള ഉപകരണങ്ങളുടെ സഹായത്തോടുകൂടി കാണുന്നപക്ഷം മറുവശത്തു ഘടിപ്പിച്ചിട്ടുള്ള വെള്ളത്തുണിയിൽ ചിത്രങ്ങൾ ഒന്നൊന്നായി പ്രത്യക്ഷപ്പെടുത്തുവാൻ സാധിക്കുമെന്നു ൧൮൯൫-ൽ അഗസ്റ്റ്ലൂമി സഹോദരങ്ങൾ പരീക്ഷിച്ചറിഞ്ഞു. എഡിസൺ "സിനിമാറ്റോഗ്രാഫ്" കണ്ടുപിടിച്ചതോടുകൂടി സിനിമായ്ക്കു കൂടുതൽ പുരോഗമനം ലഭിച്ചു. അതോടുകൂടി ൧൯൦൦-ൽ അഗസ്റ്റ്ലൂമി സഹോദരങ്ങൾ "ദി ചാലഞ്ച് ഓഫ് ദി ഡ്രാഗൺസ്" എന്ന മൂകചിത്രം ആദ്യമായി നിർമ്മിച്ചു പ്രദർശിപ്പിച്ചു. ക്യാമറായുടെ നിർമ്മാണത്തിലുണ്ടായ പുരോഗതിയോടുകൂടി സിനിമാനിർമ്മാണത്തിലും വിസ്മയജനകമായ പരിവർത്തനങ്ങൾ സംഭവിച്ചു.

൧൯൧൩-ൽ ദാദാസാഹേബ് ഫാൽക്കേയുടെ നേതൃത്വത്തിൽ ഇന്ത്യയിൽ ചലച്ചിത്രനിർമ്മാണം ആരംഭിച്ചു. "ഹരിശ്ചന്ദ്രൻ" എന്ന മൂകചിത്രമാണു ആദ്യമായി നിർമ്മിക്കപ്പെട്ടതു്. അനന്തരം അനാർക്കലി ബുദ്ധചരിതം മുതലായ കഥകൾ ചലച്ചിത്രത്തിൽ നിർമ്മിക്കപ്പെട്ടു. തുടർന്നു തമിഴ്, ഹിന്ദി, തെലുങ്ക്, കന്നടം മുതലായ ഇന്ത്യയിലെ വിവിധ ഭാഷകളിലായി അനവധി മൂകചിത്രങ്ങൾ നിർമ്മിക്കപ്പെട്ടു. എഡിസൺ ഗ്രാമഫോൺ കണ്ടുപിടിച്ചതോടുകൂടിയാണ സിനിമാലോകത്തു "സ്വനചിത്ര"ങ്ങളുടെ നിർമ്മാണം ആരംഭിച്ചതു്. ൧൯൨൭-ൽ ആദ്യത്തെ സ്വനച്ചിത്രം പ്രദർശിപ്പിക്കപ്പെട്ടു. ൧൯൩൧-ൽ "ആലം ആര" എന്ന ഹിന്ദിചിത്രം ഇന്ത്യയിൽ നിർമ്മിക്കപ്പെട്ടു. "ശ്രീനിവാസകല്യാണ"മായിരുന്നു തമിഴിൽനിർമ്മിച്ച ആദ്യത്തെ ചിത്രം. മലയാളത്തെ സംബന്ധിച്ചിടത്തോളം ആദ്യത്തെ മൂകചിത്രം "വിഗതകുമാരനും" സ്വനച്ചിത്രം ബാലനുമാണ്.

— ൦ —

## മലയാള ചലച്ചിത്രങ്ങൾ

— ൦ —

മലയാളചലച്ചിത്രങ്ങൾ പുരോഗതിയിലേക്കു കാലൂന്നിത്തുടങ്ങിയിരിക്കുന്നതു് തികച്ചും ആശാസ്പദമാണു്. ഇതുവരെ മലയാളത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള ചലച്ചിത്രങ്ങൾ നിശിതമായി നിരൂപണംചെയ്യപ്പെട്ടിട്ടുണ്ട്. മലയാളചിത്രങ്ങൾ കൂടുതൽ നന്നാകണമെന്നുള്ള സദുദ്ദേശം കൊണ്ടുമാത്രമാണ നിരൂപകലോകം നിർദ്ദാക്ഷിണ്യം അവയെ വിമർശിച്ചിട്ടുള്ളതും. എന്നിരുന്നാലും ഇതരഭാഷകളിലെ പ്രാരംഭചിത്രങ്ങളും നമ്മുടെ ചിത്രങ്ങളുമായി തട്ടിച്ചുനോക്കുന്നപക്ഷം നമ്മുടെ ചലച്ചിത്രവ്യവസായം മാറോപടി എങ്കിലും മുന്നോട്ടു നീങ്ങിയിട്ടുണ്ടെന്നു ബോദ്ധ്യമാകുന്നതാണ്. മലയാളത്തിൽ ആദ്യം നിർമ്മിച്ച വിഗതകുമാരനിൽതന്നെ കേരളത്തിന്റെ പ്രകൃതിഭംഗി എടുത്തുകാണിക്കുന്നതിനു വിജയകരമായി സാധിച്ചിരുന്നു. രണ്ടാമത്തെ ചിത്രമായ മാർത്താണ്ഡവർമ്മയ്ക്കു പ്രചാരം ലഭിക്കാതെ പോയതു ഗ്രന്ഥത്തിന്റെ അവകാശത്തെക്കുറിച്ചുള്ള ഒരു കേസ്സ് ഉത്ഭവിച്ചതുകൊണ്ടുമാത്രമാണ്. മലയാളത്തിലെ പ്രഥമ ചലച്ചിത്രമായ ബാലന് കേരളക്കരയിൽ ഹൃദ്യമായ സ്വീകരണംതന്നെ ലഭിച്ചു. അടുത്ത ചിത്രമായ ജ്ഞാനാംബിക കഥാഗതിയിലും സംഭാഷണരീതിയിലും ഒരു പടികൂടി പുരോഗമിച്ചു. പുരാണകഥയെ ആസ്പദമാക്കി നിർമ്മിച്ച പ്രഹ്ലാദ എന്ന ചിത്രവും കുറെ വിജയം വരിക്കുകതന്നെ ചെയ്തു. നാലാമതായി അവതരിപ്പിച്ച "നിർമ്മല" മലയാള ചലച്ചിത്രവ്യവസായത്തിൽ ഒരു പുതിയ അദ്ധ്യായംതന്നെ തുറന്നു. അഞ്ചാമത്തെ ചിത്രമായ വെള്ളിനക്ഷത്രം മലയാളികളുടെ സ്വന്തം സ്റ്റുഡിയോവിൽ നിർമ്മിച്ചതിനാൽ അത്യന്തം നമുക്കു അഭിമാനകരമായിരുന്നു. ഇതുവരെയുണ്ടായിട്ടുള്ള ചിത്രങ്ങളെ വെല്ലത്തക്ക രീതിയിൽ അടുത്തകാലത്തു നല്ലതുകളും നിർമ്മിക്കപ്പെട്ടിരിക്കുന്നു. ഏകദേശം എട്ടുപത്തു മലയാള ചലച്ചിത്രങ്ങൾ ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നു. ഈ ദ്രുതപരിതഃസ്ഥിതിയിൽ മലയാള ചലച്ചിത്രവ്യവസായത്തിനു കൂടുതൽ ശോഭനമായ ഭാവിയുണ്ടെന്നും വിശ്വസിക്കാം.

— ൦ —

## ഫിലിം വാർത്തകൾ

— * —

ഇന്ത്യയിലെ പ്രമുഖ സംവിധായകർ ആരെന്നതിനെക്കുറിച്ച് "പ്രജാമത" എന്ന കന്നടവാരിക വായനക്കാരിൽനിന്ന് ഒരു വോട്ടെടുപ്പു നടത്തിയിരിക്കുന്നു. പ്രസ്തുത വോട്ടെടുപ്പിൽ ഉത്തരേന്ത്യൻ ഡയറക്ടറായ ശാന്താറാമിനു് [illegible] വോട്ടുകളും ദക്ഷിണേന്ത്യൻ ഡയറക്ടറായ എസ്. എസ്. വാസന് [illegible] വോട്ടുകളും ലഭിച്ചിരിക്കുന്നു. പ്രഥമസ്ഥാനാർഹനായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന വാസനാണു് "ചന്ദ്രലേഖാ" എന്ന ചിത്രം ഡയറക്ടുചെയ്തിട്ടുള്ളതും.

* * *

മദ്രാസിലെ തിയോസഫിക്കൽ സൊസൈറ്റിയിലെ ഒരു പ്രമുഖാംഗമായ ശ്രീറാമിന്റെ പുത്രിയായ ശ്രീമതി രാധാ ബർണിയർ ഇൻറർനാഷണൽ ഫിലിംസ് നിർമ്മിക്കുന്ന "റിവർ" എന്ന ചലച്ചിത്രത്തിൽ അഭിനയിക്കുന്നതിന് തിരഞ്ഞെടുത്തിരിക്കുന്നു. ശ്രീമതി രാധ ബനാറീസ് സർവകലാശാലയിൽനിന്ന് സംസ്കൃതത്തിൽ എം. ഏ. ബിരുദം നേടിയിട്ടുള്ള ഒരു യുവതിയാണ്.

* * *

നരേന്ദ്രാ പിക്ചേഴ്സിന്റെ "അമരകവി" എന്ന തമിഴ് ചിത്രം ഏപ്രിൽ ൧൪-ാംനു പ്രമുഖ കേന്ദ്രങ്ങളിൽ പ്രദർശനം ആരംഭിക്കുന്നതാണ്. ടി. ആർ. രാജകുമാരിയും ത്യാഗരാജഭാഗവതരുമാണ് ഈ ചിത്രത്തിൽ അഭിനയിച്ചിരിക്കുന്നതു്.

* * *

രാജരാജേശ്വരി ഫിലിം കമ്പനിക്കാരുടെ "സൌദാമിനി" എന്ന ചിത്രത്തിൽ എം. കെ. രാധ, ടി. ആർ. രാമചന്ദ്രൻ, കണ്ണാംബ, വരലക്ഷ്മി മുതലായവർ അഭിനയിച്ചുകൊണ്ടിരിക്കുന്നു. കെ. ബി. നാഗഭൂഷണമാണ് ഈ ചിത്രം ഡയറക്ടു ചെയ്യുന്നതു്. തെലുങ്കുഭാഷയിലും ഈ ചിത്രം പകർത്തപ്പെടുന്നതാണ്.

* * *

"൧൯൫൦-ലെ മദ്രാസ് ഫിലിം ഡയറി" എന്നൊരു ഗ്രന്ഥം തെന്നിന്ത്യൻ ഫിലിം ചെയിമ്പർ ആഫ് കാമേഴ്സിന്റെ മാനേജർ മി. വി. രാമാരാവു പ്രസിദ്ധീകരിച്ചിരിക്കുന്നു. തെന്നിന്ത്യൻ ചലച്ചിത്രവ്യവസായത്തിന്റെ എല്ലാവശങ്ങളെക്കുറിച്ചുമുള്ള വിശദവിവരങ്ങൾ ഈ ഗ്രന്ഥത്തിൽനിന്നു ലഭിക്കുന്നതാണ്.

* * *

ഇക്കഴിഞ്ഞ പന്ത്രണ്ടുമാസത്തിനകം ഇൻഡ്യയിൽ [illegible] ചലച്ചിത്രങ്ങൾ റിലീസ് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ [illegible] എണ്ണം ബോംബെയിലും [illegible] എണ്ണം കൽക്കത്തയിലും [illegible] എണ്ണം മദ്രാസിലുമാണ് സംവിധാനം ചെയ്യപ്പെട്ടതു്.

* * *

പശ്ചിമബംഗാളിൽ ഇന്ത്യൻ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിനെക്കുറിച്ച് പാകിസ്ഥാൻ ഗവൺമെന്റ് നിയമപരമായ ഒരു നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നു. ഇന്ത്യയിൽ നിർമ്മിക്കപ്പെടുന്ന നാലു ചിത്രങ്ങൾ പശ്ചിമബംഗാളിൽ പ്രദർശിപ്പിക്കുന്നതിന് പാകിസ്ഥാനിൽ നിർമ്മിച്ചിട്ടുള്ള ഒരു ചിത്രം ഇന്ത്യയിൽ പ്രദർശിപ്പിക്കണമെന്നാണ് പാകിസ്ഥാൻ ഗവൺമെന്റിന്റെ നിർദ്ദേശം.

(ശേഷം നാലാംപേജിൽ)

## വിഷയവിവരം

— :*: —


| | | പേജ് |
|---|---|---|
| 1. | സിനിമാപംക്തി | 2 |
| 2. | ചിത്രങ്ങൾ | 3 |
| 3. | പത്രപ്രവർത്തനപ്രശ്നങ്ങൾ — ശാസ്തമംഗലം പി. ഗോവിന്ദപ്പിള്ള ബി. ഏ. ബി. എൽ. തിരുവനന്തപുരം | 4 |
| 4. | നായരും പിള്ളയും മാറും — ആനന്ദക്കുട്ടൻ | 5 |
| 5. | വനിതാപംക്തി — ശ്രീ മിസ്സിസ് സരോജാനായർ | 6 |
| 6. | പഴയ അളവുഗണിതവും — തദനുസൃതപഞ്ചാംഗങ്ങളും — പി. ആർ. ഗോപാലവാര്യർ | 7 |
| 7. | ചിത്രങ്ങൾ | 8, 9 |
| 8. | ബാലപംക്തി — അമ്പാടി ഇക്കാവമ്മ | 10 |
| 9. | എങ്ങോട്ട്—കാന്തും മാംസവും (കവിത) — തൈക്കാട്ട് ചന്ദ്രശേഖരൻനായർ | 10 |
| 10. | ഇനിയത്തെ പുന്നാരം (കവിത — പാണാവള്ളി രാമകൃഷ്ണപിള്ള | 10 |
| 11. | വിസ്മയം (കവിത) എൻ. ഭാർഗ്ഗവി | 10 |
| 12 | പിരിഞ്ഞപ്പോൾ (കവിത) — കൈപ്പള്ളിൽ കൃഷ്ണപിള്ള ബി. ഏ. | 10 |
| 13 | ഈ ആഴ്ചയിലെ നക്ഷത്രഫലം — തകഴി കെ. രാമവാര്യർ | 11 |
| 14. | വിനോദപംക്തി | 11 |
| 15. | സാഹിത്യകാരന്റെ സ്വപ്നം (ഏകാങ്കനാടകം — മേക്കന്നത്തു കുഞ്ഞികൃഷ്ണൻനായർ | 12 |
| 16. | ലോകസമാധാനത്തിന് — അവസാനത്തെ പോംവഴി — ടി. സി. കൃഷ്ണമേനോൻ കുമാരാലയം | 13 |
| 17. | ഗ്രന്ഥവിഹാരം | 14 |
| 18. | പച്ചിലവളം — കെ. എസ്. നീലകണ്ഠൻ | 15 |
| 19. | ബാപ്പുജിയുടെ ഒരു ദിവസം — വിദ്വാൻ കെ. എൻ. പരമേശ്വരൻപിള്ള | 16 |
| 20. | പതിനാറുവയസ്സുള്ള അമ്മയ്ക്കു് — പതിനൊന്നുവയസ്സുള്ള മകൻ | 16 |


മുഖചിത്രം:—നീനാഡുംബാസ് ലോകപ്രശസ്തിസമ്പാദിച്ച കായികാഭ്യാസവിദഗ്ദ്ധയാണ്. ഡിസ്കസ്ത്രോയിൽ 53 മീറ്റർ 25 സെൻറിമീറ്റർ എറിഞ്ഞുകൊണ്ട് കഴിഞ്ഞപ്രാവശ്യം റെക്കാർഡ് സൃഷ്ടിച്ച നീനാ അതിനെ അതിലംഘിക്കുവാൻ ഇപ്പോൾ പരിശീലനം ആരംഭിച്ചിരിക്കുന്നു. ചെക്കോസ്ലോവാക്യ കായികാഭ്യാസികളുമായും ബുഡാപെസ്റ്റിൽവച്ചു നടന്ന ലോകവിദ്യാർത്ഥിമത്സരത്തിലും ചില സുപ്രധാന വിജയങ്ങൾ നീനാ വരിക്കുകയുണ്ടായി.

(USSR in construction)

# മലയാളരാജ്യം

## ആഴ്ചപ്പതിപ്പ്

പുസ്തകം ൨൨ | കൊല്ലം, ൧൧൨൫ കുംഭം ൨൩-ാംനു- തിങ്കളാഴ്ച 6th March 1950. | ലക്കം ൨൨൭




ഇന്ത്യൻറിപ്പബ്ളിക്ക് ഉൽഘാടനംപ്രമാണിച്ചു് പ്രാഗിലെ ഇന്ത്യൻസ്ഥാനപതി നൽകിയ സ്വീകരണം. മഹാത്മാഗാന്ധിയുടെ ചിത്രത്തിനുതാഴെ പ്രാഗിലെ ലാർഡ്മേയർ ഡാക്ടർ വാസെക്കും ഇന്ത്യൻസ്ഥാനപതി ശ്രീ. നെടുങ്ങാടി രാഘവനും നില്ക്കുന്നതാണു് ചിത്രം.



ഹർഡിത്സ്ചാമ്പ്യൻ മി. ഡിക്ലാസ് ഫെബ്രുവരി 11-ാംനു- ബാംബെയിൽവച്ചു നടന്ന അഖിലേന്ത്യാ ഒളിമ്പിക്ക് മത്സരത്തിൽ 400 മീററർ ഹർഡിൽസ് 55.7 സെക്കൻഡ്കൊണ്ടു് പൂർത്തിയാക്കി ഒന്നാം സ്ഥാനം കരസ്ഥമാക്കുകയുണ്ടായി. മി: ഡിക്ലാസ് മദ്രാസ് ലയോളാകാളേജിലെ ഒരു വിദ്യാർത്ഥിയും കൊല്ലം ഹാപ്കിൻസ് ആൻറു വില്യംസിലെ ഇൻജിനിയറായ മി: ഡിക്ലാസിൻെറ പുത്രനുമാണു്.

# പത്രപ്രവർത്തനപ്രശ്നങ്ങൾ

ശാസ്തമംഗലം, പി. ഗോവിന്ദപ്പിള്ള ബി. ഏ. ബി. എൽ, തിരുവനന്തപുരം.

പത്രപ്രവർത്തനത്തിൽ ഉത്ഭവിച്ചുകൊണ്ടിരിക്കുന്ന ചില പ്രശ്നങ്ങളെപ്പററിയാണ് ഈ ലേഖനത്തിൽ വിവരിക്കുന്നതു്. ഒന്നാമതായി, ഒരു പൌരൻ, ഒരു പത്രത്തിൽ ഒരു ലേഖനം പേരുവയ്ക്കാതെ പ്രസിദ്ധപ്പെടുത്തുകയും, താൻ ആരാണെന്നു പത്രാധിപരെ മാത്രം അറിയിക്കുകയും, തന്റെ പേരു ആർക്കും പറഞ്ഞുകൊടുക്കരുതെന്നു പത്രാധിപരോടു് പറയുകയും, ആ വ്യവസ്ഥയിൽ പത്രാധിപർ ആ ലേഖനം പ്രസിദ്ധപ്പെടുത്തുകയും ചെയ്താൽ, ആ ലേഖനകർത്താവു് ആരാണെന്നു്, ഗവർമ്മെന്റിൽനിന്നും ആവശ്യപ്പെട്ടാൽ പത്രാധിപർ പേരു് വെളിപ്പെടുത്താമോ എന്നായിരുന്നു പ്രശ്നം. ഈ പ്രശ്നം ഈയിടെ ഇംഗ്ലണ്ടിൽ ഉന്നയിച്ചു. ന്യൂസ്റ്റേറ്റ്സ്മാൻ ആൻഡ് നേഷൻ New Statesman and nation എന്നപത്രത്തിൽ ഒരാൾ "ജോൺ ഹാഡോ' John Haddow എന്ന കള്ളപ്പേരുവച്ചു പോലീസിനു എതിരായി ഒരു ലേഖനം എഴുതുകയും, ആയതു ആ പത്രത്തിൽ പ്രസിദ്ധപ്പെടുത്തണമെന്നും, തന്റെ പേരു് ആരേയും അറിയിക്കരുതെന്നും പറഞ്ഞു, പത്രാധിപരെ ഏൽപ്പിക്കുകയും, ആ ലേഖനം അപ്രകാരം പ്രസിദ്ധപ്പെടുത്തുകയുംചെയ്തു. ഹോം സിക്രട്ടറി ആ ലേഖനത്തിലെ പ്രസ്താവനകളെപ്പററി അന്വേഷണം നടത്തിയതിൽ പ്രസ്താവനകൾ കളവാണെന്നു ബോദ്ധ്യപ്പെട്ടതിനാൽ, ലേഖനകർത്താവിന്റെ പേരു് അറിയിക്കണമെന്നു പത്രാധിപരോടു് ആവശ്യപ്പെട്ടു. പത്രാധിപർ ആ അപേക്ഷ നിരസിച്ചു. യാതൊരു കാരണവശാലും, താൻ ലേഖനകർത്താവിന്റെ പേരു വെളിപ്പെടുത്തുകയില്ലെന്നും, വേണ്ടിവന്നാൽ താൻ തന്നെ ജയിലിൽ പോകുവാൻ തയ്യാറുണ്ടെന്നും അറിയിച്ചു. തന്റെ നിലയെപ്പററി പത്രാധിപർ അടുത്ത ലക്കത്തിൽ ഇപ്രകാരം വിശദീകരിച്ചു.

ഒരു പത്രാധിപക്കു്, ഒരു ഡാക്ടരെപ്പോലെയോ, ഒരു അഭിഭാഷകനെപ്പോലെയോ, തന്റെ തൊഴിൽപരമായി ലഭിക്കുന്ന സംഗതികൾ പുറത്തു വിടാതിരിക്കുന്നതിനുള്ള സകല അവകാശങ്ങളുമുണ്ടു്. ചട്ടപ്രകാരവും, ഈ അവകാശമുണ്ടു്. അഫിഷ്യൽ സീക്രട്ട്സ് ആക്ട് (Official Secrets Act)-ഉം, പാർലമെൻററി പ്രിവിലേജു (Parliamentary privilege)-ം അനുസരിച്ചു മാത്രമെ ഒരു പത്രാധിപരുടെ മേൽ, തനിക്കു ലഭിച്ച അറിവിന്റെ കേന്ദ്രം വെളിപ്പെടുത്തുവാൻ ഗവർമ്മെൻറിനു ആവശ്യപ്പെടാൻ പാടുള്ളു. എന്നാൽതന്നേയും, പത്രാധിപർ സ്വയം ജയിൽവാസം വരിക്കുകയല്ലാതെ, തനിക്കു സ്വകാര്യമായി കിട്ടിയ വാർത്തയുടെ കേന്ദ്രത്തെ വെളിപ്പെടുത്തുന്നതു പത്രധർമ്മമല്ല. സ്വാതന്ത്ര്യത്തിന്റെ കാവൽക്കാർ (Watch dogs of Liberty) എന്നു അഭിമാനിക്കുന്ന പത്രപ്രവർത്തകരുടെമേൽ ഒരു തീരാക്കളങ്കമായി തീരുകയും ചെയ്യും. കൂടാതെയും, ലേഖനത്തിന്റെ കർത്താവിനേയോ, ആ സംഗതികളുടെ കേന്ദ്രത്തേയോ, വെളിപ്പെടുത്താതിരിക്കുന്നതു്, രാജ്യനന്മയ്ക്കുകൂടി ഉതകുന്നതായിരിക്കും. എങ്കിൽ മാത്രമെ, അഴിമതികൾ വെളിയിൽ വരുകയുള്ളു. രണ്ടാമതായി പറയുന്നതു്, ഒരു പത്രാധിപർ, തനിക്കു കിട്ടുന്ന ലേഖനങ്ങളെപ്പററി അന്വേഷിച്ചു സത്യമാണെന്നു ബോദ്ധ്യപ്പെട്ടാൽ മാത്രമെ പ്രസിദ്ധപ്പെടുത്താൻ പാടുള്ളു എന്നാണ്. ഇതിലും യാതൊരു അർത്ഥവുമില്ല. ലേഖനകർത്താവു് യോഗ്യനാണോ എന്നും ലേഖനം അപകീർത്തികരമല്ലയോ എന്നും, ലേഖനം ഉത്തമവിശ്വാസമായി എഴുതിട്ടുള്ളതാണോ എന്നും മാത്രമെ നോക്കേണ്ട കടമ പത്രാധിപക്കുള്ളു. ഒരു പാർലമെൻററി അംഗത്തിന്റെ കടമയിൽ കൂടുതലായി ഒരു പത്രാധിപക്കു് കടമയില്ല. ഒരു പാർലമെൻററി അംഗം. പാർലമെൻറിൽവച്ചു് എന്തു പ്രസ്താവനകൾ ചെയ്താലും, അവ തെററായിരുന്നാൽതന്നേയും, അതൊരു കുററമാകുകയില്ല. അതുപോലെതന്നെയാണ് പത്രാധിപരുടെ കടമയും. എപ്പോഴാണോ, പത്രാധിപക്കു്, ഒരു പാർലമെൻററി അംഗത്തിന്റെ അവകാശം കൊടുക്കാതിരിക്കുന്നതു്, അന്നുമുതൽ ആ രാജ്യം അധഃപതിക്കുകയും, അഴിമതികൾക്കു് വിളനിലമാകുകയും ചെയ്യും. പത്രാധിപന്മാർ നിരുത്തരവാദികളല്ല. അവരുടെ ചുമതലയെപ്പററി പൂർണ്ണബോധമുള്ളവരും, ഏററവും ഉത്തരവാദത്തോടും, ഉത്തമവിശ്വാസത്തോടും പ്രവർത്തിക്കുന്നവരുമാണ്. രാജ്യത്തിലെ പൌരന്മാരെ, സ്വേച്ഛാധികാരഭരണത്തിൽനിന്നു് രക്ഷിക്കേണ്ട ചുമതല, ആ രാജ്യത്തിലെ നീതിന്യായക്കോടതികൾക്കുള്ളതുപോലെ, പത്രങ്ങൾക്കുമുണ്ടു്.

* * *

പത്രസ്വാതന്ത്ര്യമെന്നാലെന്തെന്നും, പത്രസ്വാതന്ത്ര്യം ഇപ്പോൾ ഭാരതത്തിൽ ഉണ്ടോ എന്നും, ഉണ്ടെങ്കിൽ എപ്രകാരമാണെന്നും ഉള്ള പ്രശ്നം, ഇന്ത്യയിൽ പലയിടത്തും ഉന്നയിച്ചു തുടങ്ങിയിരിക്കുന്നു. പത്രസ്വാതന്ത്ര്യം എന്നാൽ എന്താണ്? പത്രസ്വാതന്ത്ര്യം എന്നാൽ, ഏതൊരു പൌരനും, യാതൊരു തടസ്ഥവുംകൂടാതെ പത്രം തുടങ്ങുന്നതിനും, സാധാരണ നിയമം അനുസരിച്ചുള്ള കുററങ്ങൾ ചെയ്താൽ മാത്രമെ ശിക്ഷയ്ക്കു് അർഹനാവുകയുള്ളു എന്നുമുള്ള പരിതഃസ്ഥിതിയാണ് പത്രസ്വാതന്ത്ര്യം. ലാർഡ് മാൻസ്ഫീൽഡ് (Lord Mansfield) എന്ന ഇംഗ്ലീഷ് ജഡ്ജി പറഞ്ഞിട്ടുള്ളതു് ഇപ്രകാരമാണ്. "മുൻകൂട്ടി ലൈസൻസ് വാങ്ങാതേയും, സാധാരണനിയമങ്ങൾക്കു് വിധേയനായി മാത്രവും പത്രം നടത്തുന്നതിനുള്ള സ്വാതന്ത്ര്യത്തെ ആണ് പത്രസ്വാതന്ത്ര്യമെന്നു് പറയുന്നതു്". (The Liberty of the Press consists in printing without any previous licence, subject to the consequences of the ordinary law". ലാർഡ് എല്ലൻബറോ (Lord Ellenborough) എന്ന വേറൊരു ഇംഗ്ലീഷ് ജഡ്ജി പറഞ്ഞിട്ടുള്ളതു് ഇപ്രകാരമാണ്: "ഇംഗ്ലണ്ടിലെ നിയമം സ്വാതന്ത്ര്യത്തിന്റെ നിയമമാണ്. ആയതിനാൽ സ്വാതന്ത്ര്യത്തിന്റെ നിയമാവലിയിൽ, ഒരു പത്രം തുടങ്ങുന്നതിനു് ഒരു ലൈസൻസ് ആവശ്യമില്ലാത്തതാകുന്നു. എന്നാൽ ഒരാൾ ഒരു പത്രം പ്രസിദ്ധപ്പെടുത്തിയാൽ സാധാരണനിയമപ്രകാരം ഒരു സാധാരണപൌരനെ ശിക്ഷിക്കാമെങ്കിൽമാത്രമെ ഒരു പത്രപ്രവർത്തകനേയും ശിക്ഷിക്കാവു". മേൽ ഉദ്ധരിച്ചതിൽനിന്നും, പത്രപ്രവർത്തനത്തിന്റെമേൽ സാധാരണ നിയമമല്ലാതെ, മററുനിയമങ്ങൾ ഉണ്ടാക്കുന്നതു് പത്രപ്രവർത്തനസ്വാതന്ത്ര്യത്തെ ഹനിക്കുന്നതായിരിക്കും എന്നാണ് ഇംഗ്ലണ്ടിലെ അഭിപ്രായം. ഈ അഭിപ്രായംതന്നെയാണ് അമേരിക്കയിലും. എന്നാൽ റഷ്യയിൽ നേരെമറിച്ചാണ്. പത്രങ്ങൾ രാഷ്ട്രത്തിനുവേണ്ടിമാത്രമാണെന്നും, പത്രങ്ങൾ രാഷ്ട്രത്തിനു് വിപരീതമായി പ്രവർത്തിക്കുവാൻപാടില്ലെന്നും, അതിനാൽ പത്രവാർത്തകൾ എല്ലാംതന്നെ രാഷ്ട്രത്തിനനുകൂലമായിരിക്കണമെന്നും, വിദേശരാജ്യങ്ങൾ മുതലാളിഭരണമാകയാൽ വിദേശരാജ്യങ്ങളിലെ വാർത്തകൾ മുഴുവനും കളവാണെന്നും, ആയതിനാൽ ആ വാർത്തകൾ റഷ്യയിൽ പരസ്യപ്പെടുത്താൻ പാടില്ലെന്നുമാണ് റഷ്യയിലെ നിയമം. അതായതു് ഒരു ദേശീയരാഷ്ട്രവും (Democradic State) ഒരു സ്വേച്ഛാധികാരരാഷ്ട്രവും (Totalitarian State) തമ്മിലുള്ള വ്യത്യാസമാണ്. ദേശീയരാഷ്ട്രത്തിന്റെ ആദർശം രാഷ്ട്രം ജനങ്ങൾക്കുള്ളതാണെന്നും (State is for the people), സ്വേച്ഛാധികാരരാഷ്ട്രത്തിന്റെ ആദർശം ജനങ്ങൾ രാഷ്ട്രത്തിന്റേതാണെന്നും (The People is for the State) എന്നുമാണ്. എന്നാൽ പരിഷ്കൃതന്മാരും സ്വാതന്ത്ര്യപ്രിയന്മാരും ഇംഗ്ലണ്ടിലേയും അമേരിക്കയിലേയും ആദർശങ്ങളാണ് കൈക്കൊണ്ടിരിക്കുന്നതു്. ഇൻഡ്യയിൽ പത്രപ്രവർത്തനസ്വാതന്ത്ര്യമുണ്ടോ, ഉണ്ടെങ്കിൽതന്നെ ഏതുമാതിരിയാണ്, ബ്രിട്ടീഷുഭരണത്തിനുണ്ടായിരുന്ന പത്രസ്വാതന്ത്ര്യംതന്നെ ഇപ്പോൾ ഇൻഡ്യയിലുണ്ടോ എന്നുള്ള പ്രശ്നമാണ് അടുത്തതു്. കൽക്കട്ടാ ഹൈക്കോടതി ജഡ്ജിയായിരുന്ന മി. പി. ആർ, ദാസ് പറയുന്നതു്, ഇൻഡ്യയിൽ പത്രസ്വാതന്ത്ര്യമില്ലെന്നും, ബ്രിട്ടീഷു ഭരണത്തിലുണ്ടായിരുന്ന പത്രസ്വാതന്ത്ര്യംതന്നെ ഇപ്പോൾ ഇൻഡ്യയിൽ ഇല്ലെന്നുമാണ്. പ്രസ്സ് ആക്ട് (Press Act)കൾ കൂടാതെ, ഇപ്പോൾ പൊതുരക്ഷാനിയമങ്ങൾ നടപ്പിലാക്കി പത്രസ്വാതന്ത്ര്യത്തെ ഹനിച്ചിരിക്കുന്നു എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഉദാഹരണമായി അദ്ദേഹം പറയുന്നതു് ഇതാണ്. ബ്രിട്ടീഷുഭരണകാലത്തു, ഒരു ഗവർണർജനറൽ, ഹൈക്കോടതിയെപ്പററിയോ ഹൈക്കോടതികളുടെ സ്വാതന്ത്ര്യത്തെപ്പററിയോ ഹാനികരമായ പ്രസ്താവനകൾ ചെയ്താൽ ഉടൻതന്നെ, പത്രങ്ങൾ വലിയ ഒച്ചപ്പാടുകൾ ഉണ്ടാക്കുമെന്നായിരുന്നു. എന്നാൽ ഈയിടെ, ഇൻഡ്യയിലെ പ്രധാനമന്ത്രി നെഹ്റു, ഹൈക്കോടതികൾ ഗവർമ്മെൻറിന്റെ മുകളിൽ ഉപരിമണ്ഡലങ്ങളായിരിക്കുന്നതിനോ, ഗവർമ്മെൻറിന്റെ നടപടികളെ വിമർശനംചെയ്യുന്നതിനോ താൻ സമ്മതിക്കുകയില്ല (The High Courts will nor be tolerated as a fourth estate in the State and the judiciary will not be tolerated to exist as a revising authority over the executive) എന്നു് പ്രസ്താവിച്ചപ്പോൾ, യാതൊരു പത്രങ്ങളും വിമർശിച്ചില്ല. എന്തുകൊണ്ടെന്നാൽ, ഗവർമ്മെൻറിനെ വിമർശിച്ചാൽ, ആപത്താകുമെന്നു് വിചാരിച്ചാണ്. പൊതുരക്ഷാനിയമം എന്ന കോടാലി, എപ്പോഴും പത്രങ്ങളുടെ തലയ്ക്കുമീതെ തൂങ്ങിനിൽക്കുന്നു.

കൽക്കട്ടാ ഹൈക്കോടതിയിൽ ഈയിടെയുണ്ടായ ഒരു വിധിയിൽ, പൊതുരക്ഷാനിയമം എന്ന പേരിൽ പത്രസ്വാതന്ത്ര്യത്തെ ധ്വംസിക്കുന്നു എന്നു് വിവരിച്ചു ചീഫ്ജസ്റ്റീസ് പ്രസ്താവിച്ചതു് ഇപ്രകാരമാണ്: "ഇൻഡ്യാ സ്വതന്ത്രമായതിൽ പിന്നീടു്, പൊതുരക്ഷാനിയമം നടപ്പിലാക്കി, ഗവർമ്മെൻറു നടപടികളെ വിമർശിക്കുന്നതിനുള്ള അവകാശത്തെ തടയുന്നതു് തെററാണ്, ഒരു ദേശീയഭരണത്തിൽ, അധികാരത്തിലിരിക്കുന്ന കക്ഷിയെ വിമർശിക്കുന്നതിനും, അവരുടെ നടപടികളെ കർക്കശമായി നിരൂപണം ചെയ്യുന്നതിനും, ഏതൊരു പൌരനും അവകാശമുണ്ടു്. അധികാരകക്ഷിയെ പുറംതള്ളി, ഏതുകക്ഷി അധികാരത്തിൽ വരുന്നതിനു ശ്രമിക്കുന്നതിനും, ആയതിലേയ്ക്കുവേണ്ടി സമ്മതിദായകന്മാരോടു്, അധികാരകക്ഷിയുടെ ന്യൂനതകൾ കാട്ടിക്കൊടുക്കുന്നതിനുമുള്ള കടമ ഏതുകക്ഷിക്കുമുണ്ടു്. അതിനാൽ പൊതുരക്ഷാനിയമംമൂലം ഏതുകക്ഷിയുടെ വാമൂട്ടുന്നതിനുള്ള ശ്രമം നിന്ദാർഹമാണ്."

മറെറാരുപ്രധാന പ്രശ്നം, അഖിലലോക പത്രസ്വാതന്ത്ര്യമാണ്. ഈ ഉദ്ദേശസാദ്ധ്യത്തിനായി "ഇൻറർനാഷണൽ കാൺഫറൻസ് ആൺ ഫ്രീഡം ആഫ് ഇൻഫർമേഷൻ" (International Confrence on freedom of Information) സ്ഥാപിച്ചു പ്രവർത്തനങ്ങൾ തുടങ്ങിയിരിക്കുന്നു. ഈ സ്ഥാപനത്തിന്റെ ഉദ്ദേശം ഒരു അഖിലലോകപത്രപ്രവർത്തനസമിതി സ്ഥാപിക്കണമെന്നും, ഇപ്പോൾ രാജ്യങ്ങൾ തമ്മിൽ തമ്മിൽ ഉള്ള വാർത്താവിതരണതടസ്ഥങ്ങൾ നീക്കണമെന്നും, യാതൊരു ഗവർമ്മെൻറിന്റേയും നിയന്ത്രണങ്ങൾകൂടാതെ വാർത്തകളും അഭിപ്രായങ്ങളും പ്രസിദ്ധപ്പെടുത്താൻ അവകാശം വേണമെന്നും, പത്രപ്രവർത്തകന്മാർക്കു് യാതൊരു തടസ്ഥമില്ലാതെ ഭൂലോകത്തിൽ എവിടേയും സഞ്ചരിക്കുന്നതിനും വാർത്തകൾ പ്രസിദ്ധപ്പെടുത്തുന്നതിനുമുള്ള അവകാശമുണ്ടായിരിക്കണമെന്നും, രാജ്യങ്ങൾ തമ്മിൽ തമ്മിൽ പത്രപ്രവർത്തകരെ കൈമാററം ചെയ്യണമെന്നും മററുമാണ്. ഈ അവകാശങ്ങൾ, ലോകത്തിന്റെ സാമുദായികമായും, രാഷ്ട്രീയമായും, മുള്ള വളർച്ചയ്ക്കും ഒരുമിപ്പിനും സഹായിക്കും എന്നു അഭിപ്രായപ്പെടുന്നു.

* * *

മേൽ ഉദ്ധരിച്ചിട്ടുള്ള പ്രശ്നങ്ങൾ പത്രപ്രവർത്തകർ ഗാഢമായി പരിചിന്തനം ചെയ്യേണ്ടതാണ്.

— ം —



ഷർട്ടുനഗരം—ഉത്തരഅയർലൻഡിലെ ലണ്ടൻഡറിനഗരം ഷർട്ടിന്റെ നഗരമെന്നു ഇന്നു അറിയപ്പെടുന്നു. ഷർട്ടുതുന്നൽ ഇവിടെ മുൻകാലത്തു ഒരു കുടിൽവ്യവസായമായിരുന്നെങ്കിൽ ഇന്നു വൻതോതിൽ വലിയ വ്യവസായശാലകളിൽ വിലപിടിച്ച ആധുനികയന്ത്രസാമഗ്രികളുടെ സഹായത്തോടുകൂടി നടത്തപ്പെട്ടുവരുന്ന ഒരു വ്യവസായമായിത്തീർന്നിട്ടുണ്ടു്. തൻമൂലം സാധനത്തിന്റെ വിലയ്ക്കു സാരമായ കുറവുവരുത്തുന്നതിനും സാധിക്കുന്നു. ചിത്രത്തിൽ കാണുന്നതു കാളറിന്റെ "മുന" ശരിയാക്കുന്നതിനും മറിക്കുന്നതിനുമുള്ള പ്രസ്സ് ആണ്.

"ശരത് ചന്ദ്രാ ചിട്ടിഫണ്ടു്" വക്കല

ഏ ബി. സി. ക്ലാസ്സുകളിലായി

**4000 രൂപായുടെ**

പ്രതിമാസലേലച്ചിട്ടി ഉടനെ തുടങ്ങുന്നു

| | | | | | | |
|---|---|---|---|---|---|---|
| A | പ്രതിമാസം | 20 രൂപാവീതം | 50 മാസം. | മുതൽ | 1000 X 2 |
| B | " | 10 | " | " | " | 500 X 3 |
| C | " | 5 | " | " | " | 250 X 2 |

വരിച്ചാലയും മററു വിവരങ്ങളും ആവശ്യപ്പെട്ടാൽ ഉടൻ അയച്ചുതരുന്നതാണ്.

മാനേജർ, കെ. നീലകണ്ഠപ്പിള്ള,
ശരത്ചന്ദ്രാ ചിട്ടിഫണ്ടു്, വക്കല.

(രണ്ടാംപേജിൽനിന്നു തുടർച്ച)

ഡി. ഡി. കശ്യപ് "കമാൽടീപ്പൂ" എന്ന ഹിന്ദിചിത്രത്തിന്റെ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. സുരയ്യ, ബേബിശകുന്തള, അമരനാഥ്, ജീവൻ, രാജ്മെഹറ, ബദ്രീപ്രസാദ്, ലീലാമിശ്രാ, നിരഞ്ജൻ, ശമ്മാ മുതലായ പ്രഖ്യാതതാരങ്ങൾ അഭിനയിച്ചുകൊണ്ടിരിക്കുന്ന ഈ ചിത്രത്തിന്റെ മ്യൂസിക്ക് ഡയറക്ടർ ശ്യാംസുന്ദരമാണ്.

* * *

ഇന്ത്യയ്ക്കു പുറമെ പ്രദർശിപ്പിക്കേണ്ട ആവശ്യത്തിനായി ഡയറക്ടർ ശാന്താറാം അദ്ദേഹത്തിന്റെ ഡാക്ടർ കോട്നീസ്കീ അമർകഹാനി എന്ന ഹിന്ദിചലച്ചിത്രത്തിന്റെ ഇംഗ്ലീഷുപതിപ്പു തയാറാക്കുന്നു.

* * *

സോഹറാബ്മോഡി "ശീശ്മഹൽ" എന്നൊരു പുതിയ ഹിന്ദിച്ചിത്രത്തിന്റെ സംവിധാനം ആരംഭിക്കുന്നു. നസ്സീം, നിഗാർസുൽത്താന, പുഷ്പാഹൻസ്, സോഹറാബ്മോഡി എന്നിവർ അഭിനയിച്ചുകൊണ്ടിരിക്കുന്നു.

* * *

അശോക്കുമാർ, മധുബാല, ഗീതാബാലി, യാക്കൂബ്, ശ്യാമദുഗ്ഗ്, ഖോട്ടേ, കനൈയാലാൽ തുടങ്ങിയ പ്രമുഖതാരങ്ങൾ എം. ആൻറ് ടി. ഫിലിംസിന്റെ "നിശാനാ"യിൽ അഭിനയിക്കുന്നു.

* * *

വർമ്മാഫിലിംസിന്റെ "പതംഗ" എന്ന ചിത്രത്തിന്റെ പ്രദർശനം താമസംവിനാ ആരംഭിക്കുന്നതാണ്. നൈഗർ, ശ്യാമ, ഗോപ്, കക്കു, രാജമെഹറ, യാക്കൂബ് തുടങ്ങിയ സുപ്രസിദ്ധതാരങ്ങളാണ് ഈ ചിത്രത്തിൽ അഭിനയിക്കുന്നതു്. അറുപതു പുത്രിമാരും ഒരു പുത്രനുമുള്ള ഒരു പിതാവിന്റെ ദാമ്പത്യജീവിതമാണ ചിത്രത്തിന്റെ കഥാഭാഗമായി തിരഞ്ഞെടുത്തിരിക്കുന്നതു്.

* * *

വരുണാഫിലിംസ് നിർമ്മിച്ചുശ്രമാൽ എന്ന ചിത്രം പ്രദർശിപ്പിച്ചു തുടങ്ങിയിരിക്കുന്നു. രസകരമായ കഥാഘടന, വികാരതരളിതമാക്കുന്ന സംഭവങ്ങൾ, ഹൃദ്യമായ സംഗീതം എന്നിവ ഈ ചിത്രത്തിൽ ഒത്തിണങ്ങിയിട്ടുണ്ടു്. നർഗ്ഗീസ്, ജയരാജ്, ബദ്രീപ്രസാദ്, മജ്നു, റെഹ്മാൻ എന്നിവരാണ പ്രധാനഭാഗങ്ങൾ അഭിനയിക്കുന്നതു്.

— ം —

കളിയും കാര്യവും:—

# നായരും പിള്ളയും മററും

ആനന്ദക്കുട്ടൻ

മന്നത്തു പത്മനാഭപിള്ളയും, മന്മഥൻനായരും ഈയിടെ മന്നത്തുപത്മനാഭനും, മന്മഥനുമായി മാറി. അവർ ഹിന്ദുക്കളുടെയിടയിലുള്ള ജാതിക്കെതിരായി സമരം നടത്തുന്നതിൽ അങ്ങനെ മുൻകൈ എടുത്തിരിക്കുന്നു. മുൻകാലങ്ങളിൽ നായന്മാർ കുടുമ മാറ്റി ക്രാപ്പാക്കി; ഭസ്മചന്ദനാദികൾ ഉപേക്ഷിച്ചു; കടുക്കൻ വേണ്ടെന്നുവച്ചു. ഇപ്പോൾ നായർ ജാതിപ്പേരുംകളഞ്ഞു. അങ്ങനെ ജാതിപ്പിശാചിനെ നായർ ആട്ടിപ്പായിച്ചുകഴിഞ്ഞു.

മന്നത്തിനേയും മന്മഥനേയും മററും അനുകരിക്കാൻ എല്ലാ നായന്മാരും മററു ഹിന്ദുക്കളും തയാറാകുമോ? മററുള്ളവർ അതിനു തയാറില്ലെങ്കിൽ ചിലർമാത്രം പേരുമാറിയതുകൊണ്ടു വല്ല പ്രയോജനവുമുണ്ടോ? അഥവാ ഓരോ ജാതിക്കാരും അവരവരുടെ ജാതിപ്പേരു എടുത്തുകളഞ്ഞാൽ മതിയോ? ഇവയൊക്കെ ഉല്പതിഷ്ണുക്കൾ അവഗാഢം ചിന്തിക്കേണ്ടതാണ്. റിപ്പബ്ലിക്കൻഭരണഘടനയിൽ ഇടക്കാലത്തേക്കു പ്രത്യേകം വ്യവസ്ഥകൾ ചെയ്തിരിക്കുന്നതുപോലെ ജാതിപ്പേരുമാററത്തിലും ഏതാനും ഇടക്കാലവ്യവസ്ഥകൾ ഉണ്ടാക്കേണ്ടതാണ്. എന്തെല്ലാമാണ് ഇടക്കാലത്തേക്കു ഏർപ്പെടുത്തേണ്ട വ്യവസ്ഥകൾ?

ഹിന്ദുക്കളുടെയിടയിൽ—മന്നത്തിന്റെ ഭാഷയിൽ പറഞ്ഞാൽ—നായർമുതൽ നായാടിവരെയുള്ള അന്തരാളജാതിക്കാരുണ്ട്. അവർക്കെല്ലാം പേരിനോടുകൂടെ ജാതിചിഹ്നവുമുണ്ട്. പരമേശ്വരയ്യർ, കേരളവർമ്മ, ശങ്കരൻനമ്പൂരി, തുപ്പൻനമ്പൂതിരിപ്പാട്, ഗോവിന്ദൻഭട്ടതിരി, ഹരിശർമ്മാ, ശൂലപാണിവാര്യർ, രാമപ്പിഷാരടി, കൃഷ്ണനുണ്ണി, സുബ്രഹ്മണ്യൻതിരുമുമ്പ്, പാച്ചുമൂത്തത്, പരമേശ്വരൻ ഇളയത്, രാഘവൻനമ്പ്യാർ, മാധവച്ചാക്യാർ, ദാമോദരൻനമ്പ്യാതിരി, കേശവൻഉണ്ണ്യാതിരി. ഗോവിന്ദൻ നമ്പിടി, ശങ്കരനെഴുത്തച്ഛൻ, സുബ്രഹ്മണ്യൻപോററി. നാരായണൻവാഴുന്നവർ, ആരൻമൂസ്സ്, രാമൻ ഇളേടം, രാമൻവല്യത്താൻ, പത്മനാഭക്കിണി, രാമക്കമ്മത്തി, രാമൻനമ്പീശൻ, വേലായുധക്കൈമ്മൾ, ശങ്കരൻനായർ, ഈച്ചരമേനോൻ, വാസുദേവപ്പണിക്കർ, കുഞ്ഞുകൃഷ്ണക്കുറുപ്പ്, നാരായണപ്പൊതുവാൾ, ശങ്കരമാരാർ, ഗോവിന്ദനുണ്ണിത്താൻ, കോവുണ്ണിയച്ഛൻ, പ്രഭാകരൻകർത്താ, കൃഷ്ണൻമേനോക്കി, അച്യുതൻതമ്പി, പപ്പുപിള്ള, ചട്ടനാഥക്കരയാളർ, ചാമിആചാരി, കുമാരനാശാരി, കരുണാകരത്തണ്ടാർ, നാണപ്പണിക്കൻ, ചെല്ലപ്പൻനാടാർ, പത്മനാഭൻചാന്നാർ, ഗോവിന്ദപ്പൈ, വെങ്കിടേശ്വരനായ്ക്കൻ, കൃഷ്ണഷേണായി, പ്രഭാകരമല്ലൻ, വിശ്വനാഥഭട്ട്, സുന്ദരേശഹെഗ്ഡൻ, രാമകൃഷ്ണക്കണിയാർ, ഗോപാലഗണകൻ—എന്നിവരെല്ലാം ഹിന്ദുക്കളാണ്. ഇവരാകമാനം ജാതിചിഹ്നങ്ങൾ വർജ്ജിച്ചെങ്കിൽമാത്രമെ ഉദ്ദിഷ്ടഫലം സിദ്ധിക്കുകയുള്ളു.

ഇങ്ങനെ ചെയ്യുമ്പോൾ ചിലപേരുകാർക്ക് അല്പം ദുർഘടം ഉണ്ടാകാനിടയുണ്ട്. ഈശ്വരപിള്ളയെന്ന പേരുകാരൻ ജാതിചിഹ്നസംവർജ്ജനംകൊണ്ടു ഈശ്വരനായിത്തീരുന്നു. അയാൾ എവിടെയെങ്കിലും ഒരു മതപ്രസംഗം ചെയ്യുന്നു എന്നു വിചാരിക്കുക. പത്രത്തിൽ ആ വിവരം ഇപ്രകാരം പരസ്യപ്പെടുത്തുന്നു.—"അടുത്തതിങ്കളാഴ്ച വൈകിട്ട് തിരുനക്കരക്ഷേത്രമൈതാനത്തുവച്ചു ശ്രീ: ഈശ്വരൻ ഒരു മതപ്രസംഗം ചെയ്യുന്നതാണെന്നറിയുന്നു." പണ്ടത്തെ ഈശ്വരപിള്ളയുടെ പ്രസംഗം കേൾക്കാൻ ദേവസ്വംസൂപ്രണ്ടും, ക്ഷേത്രസിൽബന്തികളും മാത്രമേ ഹാജരായിരുന്നുള്ളു എങ്കിൽ ഇന്നത്തെ ഈശ്വരന്റെ പ്രസംഗംകേട്ടു മോക്ഷമടയാൻ വരുന്ന ജനാവലിയെക്കണ്ടു ഈശ്വരൻതന്നെ പരിഭ്രമിച്ചേക്കും. ഇനി മറെറാന്ന്, പുതുമയില്ലാത്ത പേരുള്ള ചിലർ തങ്ങളുടെ പേരുകൾ ഏതാനും ഇംഗ്ലീഷ് അക്ഷരങ്ങളാക്കിക്കുറുക്കി മോടിപിടിപ്പിച്ചു ഒടുവിൽ ജാതിചിഹ്നവും ചേർക്കുന്ന പതിവുണ്ട്. അതായതു കുഞ്ഞിപ്പാടത്തു കുഞ്ഞിക്കോരൻകർത്താ എന്ന വത്സലൻപേര് കെ. കെ. കർത്താ എന്ന് അഴകോടെ പ്രത്യക്ഷപ്പെടുന്നതുകാണാം. ജാതിചിഹ്നം മാററിയാൽ കെ. കെ. എന്ന രണ്ടക്ഷരംമാത്രം നിൽക്കും. അപ്പോൾ കുഞ്ഞിപ്പാടത്തു കുഞ്ഞിക്കോരൻകർത്താ കെ. കുഞ്ഞിക്കോരനായി മാറേണ്ടിവരും. കുഞ്ഞിക്കോരൻ സുന്ദരനും, വിദ്യാസമ്പന്നനുമാണെങ്കിലും ആ പേരുകേട്ടാൽ പാളത്തൊപ്പിവച്ച ഒരു മണ്ണുണ്ണാക്കന്റെ പ്രതീതിയല്ലേ നമുക്കുണ്ടാവുക. ശ്രീ: കെ. കുഞ്ഞിക്കോരൻ അവിവാഹിതനാണെങ്കിൽ മുഖശ്രീയുള്ള വല്ല സ്ത്രീകളും അയാളുടെ ഭാര്യയായിരിക്കാൻ ആഗ്രഹിക്കുമോ? അതുതന്നെ തുപ്പൻനമ്പൂരിപ്പാടിനും സംഭവിച്ചേക്കും. നമ്പൂരിപ്പാടെന്നു ജാതിചിഹ്നം പോയാൽ പിന്നീടവശേഷിക്കുന്നതു തുപ്പൻ മാത്രമാണ്. തുപ്പൻ അടുത്തുവരാൻ ശുചിത്വബോധമുള്ളവർ സമ്മതിക്കുകയില്ല. സ്ത്രീസമാജത്തിൽ മന്മഥൻ നായർ പ്രസംഗിക്കുന്നതിൽ ആർക്കും ആക്ഷേപമില്ല. എന്നാൽ കാർത്തികപ്പള്ളി വനിതാസമാജത്തിൽ മന്മഥന്റെ സാന്നിദ്ധ്യമുണ്ടായിരിക്കുമെന്നു പറഞ്ഞാൽ അവിടെയെത്താൻ വെമ്പൽകൊള്ളുന്ന കന്യകയായ മകളെ അച്ഛൻ തീർച്ചയായും അയയ്ക്കുകയില്ല. അതുകൊണ്ടു നമ്മുടെ ജാതിചിഹ്നങ്ങൾ ഉപേക്ഷിക്കുന്നതോടുകൂടിത്തന്നെ ഹിന്ദുക്കൾക്കു പൊതുവായി സ്വീകരിക്കാവുന്നതും മേൽപറഞ്ഞ അപാകതകളില്ലാത്തതുമായ പേരുകളുടെ പട്ടിക ദേവസ്വം, ബോർഡോ, ഹിന്ദുമഹാമണ്ഡലമോ പ്രസിദ്ധപ്പെടുത്തുന്നതു നന്നായിരിക്കും.

ശൂലപാണിയെ പട്ടാളത്തിലും ചക്രപാണിയെ ക്രെഡിററുബാങ്കിലും നിയമിക്കുന്നതാണ് നന്ന്. ഈശ്വരൻ അമ്പലങ്ങളിൽത്തന്നെയിരിക്കട്ടെ. ഈമാതിരി വർജ്ജ്യങ്ങളായ അനേകം പേരുകൾ ഹിന്ദുക്കളുടെയിടയിൽ നിലവിലിരിക്കുന്നതുകൊണ്ടു ലിസ്ററു തയാറാക്കുന്നതിന് എല്ലാജാതിക്കാരുമടങ്ങിയ ഒരു കമ്മിററിയെത്തന്നെ നിയമിക്കേണ്ടതാണ്.

**മന്നത്തിനേയും മന്മഥനേയും മററും അനുകരിക്കാൻ എല്ലാ നായന്മാരും മററു ഹിന്ദുക്കളും തയാറാകുമോ? മററുള്ളവർ അതിനു തയാറില്ലെങ്കിൽ ചിലർമാത്രം പേരുമാറിയതുകൊണ്ടു വല്ല പ്രയോജനവുമുണ്ടോ? അഥവാ ഓരോ ജാതിക്കാരും അവരവരുടെ ജാതിപ്പേരു എടുത്തുകളഞ്ഞാൽ മതിയോ? ഇവയൊക്കെ ഉല്പതിഷ്ണുക്കൾ അവഗാഢം ചിന്തിക്കേണ്ടതാണ്.**

പുരുഷനാമങ്ങൾപോലെതന്നെ സ്ത്രീനാമങ്ങളും ഈ പരിഷ്കാരപരിധിയിൽ ഉൾപ്പെടേണ്ടതാണ്. അരത്തമ്മപ്പിള്ളയും, കാർത്ത്യായനിഅമ്മയും, ദേവകി അന്തർജ്ജനവും, പാർവ്വതിപിഷാരസ്യാരും, അമ്മിണിവാര്യസ്യാരും, ഭഗവതിത്തങ്കച്ചിയും, വിജയലക്ഷ്മിക്കൊച്ചമ്മയും, മനോരമത്തമ്പുരാട്ടിയും, പാർവ്വതിഇല്ലോടമ്മയും, ഉണ്ണൂലിനങ്ങ്യാരും, പാറുക്കുട്ടിനേത്യാരമ്മയും, ശ്രീദേവി നമ്പിഷ്ഠാതിരിയും, ഭാഗീരഥിക്കുഞ്ഞമ്മയും, അലമേലു അമ്മാളും ഉടച്ചുവാർത്തതീ . സ്ത്രീനാമങ്ങളിൽ ഐകരൂപ്യം വരുത്തുവാൻ പ്രായേണ വലിയ പ്രയാസമില്ല. എന്നാൽ വിവാഹിതകളായ സ്ത്രീകൾ ഭർത്തൃനാമധേയംകൂടി ചേർത്തു പേരുകൾ പരിഷ്കരിക്കുമ്പോൾ അവിടെ അല്പം അപാകതമുണ്ട്. ലളിതാരാമവർമ്മ പിന്നീട് ലളിതാരാമനായും, പത്മിനി എൻ. മേനോൻ പത്മിനീനന്ദനനായും മാറും. ഈ മാററത്തിന് ശുഭഭദ്രതപോരെന്നു ചിലർ വാദിച്ചേന്നുവരാം. അതിനാൽ ഈ ദുർഘടത്തിനും ഹിന്ദുമഹാമണ്ഡലം പരിഹാരം നേടേണ്ടിയിരിക്കുന്നു.

ജാതിചിഹ്നങ്ങൾ മുറിച്ചുകളഞ്ഞതുകൊണ്ടുമാത്രം ഹിന്ദുമഹാമണ്ഡലത്തിന്റെ ജാതിനിർമ്മാർജ്ജനസംരംഭം ഫലപ്രദമാകുമെന്ന് വിചാരിക്കാൻ നിവൃത്തിയില്ല. അതിനു മറെറാരു വിദ്യകൂടി പ്രയോഗിക്കേണ്ടതാണ്. ജാതിചിഹ്നങ്ങൾതമ്മിൽ ഒരു എക്സ്ചേഞ്ചു നടത്തണം. എന്റെ ഒരു ഈഴവസുഹൃത്തിന്റെ പേര് രാമൻപിള്ളയെന്നാണ്. ഇങ്ങനെ പേരുകേട്ടാൽ ജാതി തിരിച്ചറിയാൻ പാടില്ലാത്തവിധം ജാതിചിഹ്നങ്ങൾ ഒന്നു കൂട്ടിക്കുഴയ്ക്കണം. ജാതിതിരിച്ചുള്ള പട്ടിക എടുത്തുവച്ചു ഉദ്യോഗനിയമനങ്ങളെപ്പററി ഘോരഘോരം വിമർശിച്ചു മുഖപ്രസംഗമെഴുതുന്ന പത്രങ്ങൾ ഈ വിദ്യയിൽ മുട്ടുകുത്തിപ്പോകും. പുലയജാതിയിൽപ്പെട്ട പുല്ലൻനാരായണനെ പുല്ലൻനമ്പൂതിരിപ്പാടാക്കണം. ആ ജാതിയിൽ തന്നെ രാമൻനായ്യാരും ശങ്കരൻരവിയും ഉണ്ടാവണം. അതുപോലെതന്നെ മന്നത്തുപത്മനാഭപിള്ള മന്നത്തുപത്മനാഭൻമൂത്തതും, ആർ. ശങ്കർ ശങ്കരൻഇളയതും, ശങ്കരനാരായണയ്യർ ശങ്കരനാരായണക്കരയാളരും ഗോവിന്ദമേനോൻ ഗോവിന്ദൻപോററിയും മന്മഥൻനായർ മന്മഥശർമ്മായിയും വേലായുധൻനായർ വേലായുധശർമ്മായുമായി മാറണം. ആദ്യം അല്പം അരോചകമായിത്തോന്നുമെങ്കിലും പേരുകൊണ്ടുള്ള ജാതിനിർണ്ണയത്തെ ഉച്ചാടനംചെയ്യാൻ ഈ മാർഗ്ഗം വളരെ ഫലവത്താണ്. ഇതു ഇടക്കാലത്തേയ്ക്കു മതിതാനും. അതുകൊണ്ടു ഹിന്ദുമതപരിഷ്കാരത്തിൽ നിഷ്ണാതന്മാരായ നേതാക്കന്മാർതന്നെ ഇക്കാര്യത്തിൽ സാധാരണ ജനങ്ങൾക്കു നേതൃത്വം നൽകേണ്ടതാകുന്നു.

ഇക്കാലത്തു ഏതാനും ഹിന്ദുനാമങ്ങൾ ക്രിസ്ത്യാനികൾ അപഹരിച്ചിട്ടുണ്ട്. അവരുടെ ഇടയിൽ ജോൺ രാമകൃഷ്ണപിള്ളയും, വറുഗീസ് പണിക്കരുമാറും ഇപ്പോൾ കടന്നുകൂടിയിരിക്കുന്നു. അമ്മിണി, വത്സല, ഓമന, ശാന്ത, വിജയമ്മ മുതലായി ഒട്ടനേകം സ്ത്രീനാമങ്ങളും അവർ മുഷ്ടിച്ചിട്ടുണ്ട്. നാം ഈ വാദം ഉന്നയിക്കുമ്പോൾ ഹിന്ദുനാമങ്ങൾമുഴുവൻ ക്രൈസ്തവനാമങ്ങളുടെ തത്ഭവമോ, തത്സമമോ ആണെന്നു വല്ല "പാലകല്യാണി"ക്കാരും വാദിച്ചേക്കും. കുറുപ്പു ഉതുപ്പിൽനിന്നും, മേനോൻ മൈനാനിൽനിന്നും പണിക്കർ പഞ്ചിക്കാരനിൽനിന്നു, മൂസ്സതു മോസസ്സിൽനിന്നും, ഇളയതു ഇടിക്കുളയിൽനിന്നും പിഷാരടി പിലിപ്പോസിൽനിന്നും ഉണ്ടായതാണെന്നു പറയാൻ അവർ മടിക്കുന്നവരല്ല. ഏതായാലും മേലാൽ ആമാതിരി മോഷണങ്ങൾ നടക്കാൻ അനുവദിച്ചുകൂടാ. ക്രിസ്ത്യാനികൾ ഹിന്ദുനാമങ്ങൾ ഇനിയും മോഷ്ടിക്കുന്നപക്ഷം അവരുടെ പേരുകളായ മത്തായി, വക്കി, ചാണ്ടി, ഇട്ടി, മാണി, കോശി തുടങ്ങിയ ഭൂതകാലക്രിയകളെല്ലാം ഹിന്ദുസ്ത്രീനാമങ്ങളാക്കി നാം പകരം വീട്ടേണ്ടതാണ്.

ശങ്കർ എന്നതുപോലെ, ഉത്തരേന്ത്യൻപേരുകളുടെ മാതൃകയിൽ, അവസാനം 'ർ' ചേർത്തു പരിഷ്കരിക്കാവുന്ന പേരുകൾ ഹിന്ദുക്കൾ മേലാൽ സ്വീകരിക്കുന്നതു കൊള്ളാം. ശങ്കർ, ഭാസ്കർ, പ്രഭാകർ, ശ്രീധർ, കുമാർ എന്നിങ്ങനെയുള്ള പേരുകൾ ധാരാളം വേണം. അതുപോലെ തന്നെ ഗോവിന്ദ്, നാരായൺ, ചന്ദർ (ചന്ദ്രൻ) പ്രസാദ് മുതലായ പേരുകളും സ്വീകാര്യമാണ്. സ്ത്രീകളുടെ കാര്യത്തിൽ അവിവാഹിതകളെ തിരിച്ചറിയുന്നതിനുവേണ്ടി "കുമാരി" എന്നുകൂടി പേരിനുമുമ്പേ ചേർക്കുന്നതു നന്നായിരിക്കും. അങ്ങനെ കുമാരിസുഭദ്രയും, കുമാരിപാർവ്വതിയും, കുമാരികല്യാണിയും, കുമാരിനങ്ങേലിയും, കുമാരിനീലിയും കന്യകമാരാണെന്നു പേരുകൊണ്ടുതന്നെ അറിയണം.

ജാതിചിഹ്നങ്ങളോടുകൂടിയുള്ള ഹോട്ടലുകളുടെ പേരുകൾ തിരുത്താൻ ഹിന്ദുമഹാമണ്ഡലത്തിൽനിന്നും ഒരു സന്നദ്ധസംഘത്തെ നിയോഗിക്കേണ്ടതാണ്. നായർഹോട്ടലും, നായർടീഷാപ്പും, നായർസമാജംക്ലബ്ബും, ബ്രാഹ്മണാൾകാപ്പിശാപ്പും, ബ്രാഹ്മണഹോട്ടലും, ബ്രാമിൻസ് റെസ്റ്റാറൻറും എല്ലാം ഇനി പുലരാൻ അനുവദിച്ചുകൂടാ. അതതുകരയോഗം സെക്രട്ടറിമാരുടെ നേതൃത്വത്തിൽ ഓരോ സന്നദ്ധസംഘത്തെ സംഘടിപ്പിക്കുകയും അവരുടെയെല്ലാം ക്യാപ്റ്റനായി കരയോഗം രജിസ്ട്രാറെ നിയമിക്കുകയും ചെയ്യേണ്ടതാണ്. മററു ഹിന്ദുസമുദായസംഘടനകളും ഇപ്രകാരം സന്നദ്ധസംഘങ്ങളെ സംഘടിപ്പിച്ചു കാര്യക്ഷമമായി പ്രവർത്തിക്കണം.

പേരു കേട്ടാൽ ജാതി തിരിച്ചറിയാൻ കഴിയാത്ത വിധം ഹിന്ദുക്കൾ പരിഷ്കരിച്ചതുകൊണ്ടു മാത്രമായില്ല. ആളു കണ്ടാലും ജാതി തിരിച്ചറിയരുത്. തമിഴബ്രാഹ്മണനും മലയാളബ്രാഹ്മണനും, ഭട്ടനും, കന്നടനും, മരയശാരിയും, മൂത്തതും ഇളയതും, കുശവനും പൂണൂൽ ധരിക്കുന്ന പതിവുണ്ട്. നൂലിനു വിലകൂടിയ ഇക്കാലത്തു എല്ലാവരും പൂണൂൽ ധരിക്കുന്നതു വലിയ നഷ്ടമായതുകൊണ്ടു് എല്ലാവരും പൂണൂൽ വർജ്ജിക്കുകയാണുത്തമം. ബ്രാഹ്മണരുടെ പാളത്താറും അയ്യങ്കാരുടെ മാർഗ്ഗാപിയും നിരോധിക്കാതെ തരമില്ല. ചില ജാതിക്കാർ ശിരസ്സിന്റെ മുൻഭാഗം അർദ്ധചന്ദ്രാകൃതിയിൽ വടിച്ചുകളഞ്ഞു, ശേഷിച്ചമുടി വാഴമരവിയുടെ ആകൃതിയിൽ പിന്നിലേക്കു കെട്ടിയിടുന്നതു ഉടൻ നിർത്തലാക്കേണ്ടതാണ്. കാതു തുളയ്ക്കുന്നതു ഫാഷനല്ലാതായിത്തീർന്നിരിക്കുന്നു. അതുകൊണ്ടു് അക്കാര്യത്തിൽ പ്രത്യേക നിബന്ധന ആവശ്യമില്ല. ഇപ്രകാരം വേഷത്തിലും ഐകരൂപ്യം വരുത്തുമ്പോൾ ജാതിഭേദം ബാഹ്യമായി നീങ്ങി എന്നു സമാധാനിക്കാം.

നമ്മുടെ സിരകളിൽ കുടികൊണ്ടിരിക്കുന്ന ജാതിചിന്ത ഉച്ചാടനം ചെയ്യാനുള്ള മാർഗ്ഗം മിശ്രവിവാഹമാണെന്നു മഹാത്മജിയും, രാജാജിയും പറഞ്ഞിട്ടുണ്ട്. ഇപ്പോൾ ഒന്നിൽപരം അവിവാഹിതകളായ പെൺമക്കളുള്ള മേൽജാതിക്കാർ ഒന്നിനെയെങ്കിലും താണവർഗ്ഗത്തിൽപ്പെട്ട ഒരു യുവാവിനു കൊടുക്കുകയും, ആ പെൺകുട്ടിക്കു പിതൃസമ്പാദ്യത്തിന്റെ മൂന്നിൽ രണ്ടുഭാഗം കൊടുക്കുകയും ചെയ്യാൻ സന്നദ്ധത പ്രദർശിപ്പിക്കേണ്ടതാണ്. അങ്ങിനെ വീടുകളിലും വിവിധജാതികളെക്കൊണ്ടു ഒരു സമ്മിശ്രണം നടത്തുമ്പോൾ നാം ഹിന്ദുക്കളായിത്തീരും. ദേവീപ്രസാദത്തിനുവേണ്ടി നരബലിവരെ നടത്തിയ പൂർവ്വികന്മാരുടെ രക്തം സിരകളിലോടുന്ന ഓരോ ഹിന്ദുവും നിസ്സാരമായ ഈ ത്യാഗം അനുഷ്ഠിക്കുന്നില്ലെങ്കിൽ അതു ശോചനീയമെന്നേ പറയേണ്ടു. ഇപ്പോൾ സജാതീയ വിവാഹം നടത്തിയിട്ടുള്ള യുവാക്കന്മാർ അന്യജാതിയിൽനിന്ന് ഒന്നോ രണ്ടോ ഭാര്യമാരെ സ്വീകരിക്കാൻ ഒരുക്കമാണെങ്കിൽ അങ്ങിനെയുള്ള ത്യാഗികളെ കണ്ടുപിടിച്ച് അവരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. എന്നാൽ അന്യജാതിയിൽനിന്ന് സ്വീകരിക്കുന്ന ഭാര്യമാരെ തക്കതായ കാരണംകൂടാതെ ഉപേക്ഷിക്കുന്നതു കുററകരമാക്കുകയും വേണം.

നായരും പിള്ളയും ഉപേക്ഷിച്ചു മാതൃകകാട്ടിയ അന്നനേതാക്കന്മാർതന്നെ ഏതാദൃശകാര്യങ്ങളിൽ സാധാരണജനങ്ങൾക്കു മാർഗ്ഗനിർദ്ദേശം ചെയ്യുമെന്നു പ്രതീക്ഷിക്കാം.



ഒളിമ്പിയാഡുമത്സരം—ഫെബ്രുവരി 11-വരെ ന്യൂസിലൻഡിൽ ആക്കലൻഡുനഗരത്തിൽവച്ചു നടത്തുന്ന നാലാമത്തെ ബ്രിട്ടീഷുസാമ്രാജ്യകായികാഭ്യാസപ്രകടനങ്ങളിൽ പങ്കെടുക്കുന്നതിനു 17 കാമൺവെൽത്തുരാജ്യങ്ങളുടെ പ്രതിനിധികൾ പുറപ്പെട്ടിട്ടുണ്ട്. മിസ്സ് ഡറൊത്തി മാൻലി (ഇടതു) യും മിസ്സ് ജീൻഡെസ്ഫോർജസ്സും ലണ്ടനിൽവച്ചു അവരുടെ പരിശീലനം പൂർത്തിയാക്കുന്നു.

# വനിതാപംക്തി



## "സ്ത്രീ"

മിസ്സിസ് സരോജനായർ

പ്രിയസഹോദരികളേ, വന്ദനം.

'സ്ത്രീ' എന്ന വാക്കുതന്നെ, സ് ത് ര് അധികം ഈ, എന്നിങ്ങനെയുണ്ടായതാണ്. സ്=സത്വഗുണം, ത്=തമോഗുണം, ര്=രജോഗുണം; സത്വഗുണം സ്ഥിതി, തമോഗുണം സംഹാരം, രജോഗുണം സൃഷ്ടി. സൃഷ്ടിസംഹാരങ്ങളുടെ സത്ത—അതായത് ആകർഷണാപകർഷണഗുണങ്ങളുടെ തുല്യത—അതുതന്നെയാണ് സമഗ്രപ്രപഞ്ചത്തിനും ഹേതുഭൂതമായ പ്രകൃതിശക്തി. അതിനു സ്ത്രീലിംഗം കൊടുത്തപ്പോൾ "സ്ത്രീ" പദമുണ്ടായി. സ്ത്രീയുടെ മഹിമയെപ്പററി ഇനി എന്തുപറയണം!

നല്ലവണ്ണം ഉഴുത്, വേണ്ട വളമിട്ട് തയാറാക്കിയ ഭൂമിയിൽ വിത്ത് ഏതുമിട്ടാലും, അതു മുളയ്ക്കുകതന്നെ ചെയ്യും. ശ്രദ്ധിച്ചു പരിചരിച്ചാൽ തഴച്ചുവളരും. പുഴക്കുത്ത്, ഏറമ്പ് മുതലായ ശല്യങ്ങളുണ്ടാകാതെ സൂക്ഷിക്കാമെങ്കിൽ അതു നല്ല ഫലംതരും, പിന്നീടതിൽനിന്നും ഒന്നാംതരം വിത്തുകളും കിട്ടും. നോക്കുക, അതിസൂക്ഷ്മാകൃതിയിലുള്ള ഒരു ജീവാണു സ്ത്രീഗർഭത്തിൽ കടന്നുകഴിഞ്ഞാൽ അതിനവിടെ പത്തുമാസത്തെ വളർച്ചയാണുള്ളതു്. സ്ത്രീയുടെ രക്തത്തിൽനിന്നാണ് ആ ജീവാണു ഒന്നൊന്നര മുഴം നീളത്തിലുള്ള മനുഷ്യാകൃതിയിൽ വളരുന്നതു്. സ്ത്രീയുടെ മനസ്സ്, ശരീരം, ആഹാരം എന്നിവയനുസരിച്ച്, ആ മനുഷ്യജീവിയുടെ മാനസികശാരീരികഘടനകളും സംജാതമാകും. വളർച്ച പൂർത്തിയായാൽ പ്രകൃതിശക്തിയെ ഉദാഹരിക്കാനെന്നോ എന്നു തോന്നുമാറു അത്ഭുതകരമായ രീതിയിൽ അതു ഭൂജാതമാകുന്നു. അപ്പോൾ ആ ജീവിക്കു ഭയം, സങ്കടം, വിശപ്പ്, സന്തോഷം മുതലായ വികാരങ്ങൾ കാണുന്നുണ്ട്—പക്ഷെ കുറച്ചുമാത്രം. ശാരീരികാവയവങ്ങൾ ഓരോന്നും അതിനുണ്ട്—പക്ഷെ ചെറിയതോതിൽ. ഒരു മനുഷ്യനാകണമെങ്കിൽ ഇനിയും അതിന്റെ മനസ്സും ശരീരവും എത്രയെത്രയോ വളരണം. അതിനോ, അതിനുംവേണം സ്ത്രീ. സ്ത്രീയുടെ രക്തത്തിലൂറുന്ന പാൽവേണം, അവളുടെ ശ്രദ്ധാപൂർവമുള്ള പരിചരണം വേണം, അവളുടെ സാഹചര്യംകൊണ്ടുള്ള സംസ്കാരംവേണം. സ്ത്രീയുടെ സംഭാഷണംകേട്ടും, പ്രവൃത്തികൾ കണ്ടും, ഉപദേശങ്ങൾ അനുസരിച്ചും അതു്, ബാല്യം കൗമാരം എന്നീ അവസ്ഥകളെ ക്രമേണ തരണം ചെയ്തു് യുവത്വത്തിൽ പ്രവേശിക്കുന്നു. അപ്പോഴത്തേക്കും അതൊരു മനുഷ്യരൂപമായി, സ്വഭാവസംസ്കരണവും വന്നുകഴിഞ്ഞു. പൂർണ്ണവളർച്ചയെപ്രാപിച്ച മനുഷ്യനിൽ പിതാവിന്റെ ശാരീരികാംശം എത്രയുണ്ടോ അത്രതന്നെയുള്ളൂ മാനസികാംശവും. മനുഷ്യന്റെ നന്മതിന്മകളിൽ ഭൂരിഭാഗവും—ഏകദേശം മുഴുവനുംതന്നെ—അവന്റെ മാതാവിന്റെ ഗുണദോഷങ്ങളെ ആശ്രയിച്ചിരിക്കും. പിതാവും നല്ലതാണെങ്കിൽ ഗുണങ്ങൾ ഇരട്ടിയായി വിളങ്ങും. വിത്തുഗുണം പത്തു് എന്നുണ്ടല്ലോ.

യുവത്വത്തിലേക്കുകടന്ന പുരുഷൻ സ്വാഭാവികമായി ഒരു സഹധർമ്മിണിയെ ആവശ്യപ്പെടുക പതിവാണല്ലോ. അങ്ങനെ, അമ്മ, ഭാര്യ എന്നുതുടങ്ങി മിക്കവാറും ജീവിതകാലം മുഴുവനും പുരുഷൻ സ്ത്രീയുടെ സാഹചര്യത്തിലും സംരക്ഷണയിലും കഴിയാനാണിടവരുന്നതു്. അതുകൊണ്ടു പുരുഷനെ കർത്തവ്യപഥത്തിൽ സ്ഥിരചിത്തനാക്കാനും അതിൽനിന്നും വ്യതിചലിപ്പിക്കാനും സ്ത്രീ വിചാരിച്ചാൽ കഴിയും. പുരുഷന്മാർക്കു സ്വതഃസിദ്ധമായ കായികബലമാണല്ലോ രാഷ്ട്രത്തിന്റെ ശുഭപ്രാപ്തിഹേതു, വാസ്തവത്തിൽ ഒരു രാഷ്ട്രത്തിന്റെ ഉന്നതിയും അവനതിയും തൊട്ടിലാട്ടുന്ന അബലഹസ്തങ്ങളിലാണു സ്ഥിതിചെയ്യുന്നതു്.

ലോകംമുഴുവനും കീർത്തിക്കത്തക്ക മാഹാത്മ്യംനേടിയ നേതാക്കന്മാരെല്ലാം അവരുടെ യശസ്സിനു് അമ്മയോടോ ഭാര്യയോടോ കടപ്പെട്ടിരിക്കും. ഉദാഹരണം ചിലതു പറയാം.

൧. മഹാനായ യേശുദേവൻ ത്യാഗം, വിശ്വപ്രേമം എന്നീ മഹദ്ഗുണങ്ങളെ മനുഷ്യനിൽവളർത്തി, ഭൂമിയെ സ്വർഗ്ഗമായി മാററത്തക്ക 'ക്രിസ്തുമതം' സ്ഥാപിച്ചു. ചിരംജീവിയായിഭവിച്ചു. പരിശുദ്ധകന്യകയും ആദർശപത്നിയുമായി, സ്നേഹസ്വരൂപിണിയായിവർത്തിച്ച ശ്രീമറിയമാണു് അദ്ദേഹത്തിനെ പ്രസവിച്ചുവളർത്തിയതു്.

൨. നീതിമാനും സത്യസന്ധനുമായ വിശ്രുതനബി സുഖം ശാന്തിമോക്ഷം എന്നിവയ്ക്കു നിദാനമായ ഇസ്ലാംമതസ്ഥാപകനായി, രാഷ്ട്രീയനേതാവായി, യശഃശരീരനായിഭവിച്ചു. വിദുഷിയും സമർത്ഥയും ഉചിതജ്ഞയും ആയ ഭാര്യ കദീജയാണു് അദ്ദേഹത്തിന്റെ ജീവിതനൗകയെ കാററും കോളും നിറഞ്ഞ ലോകമഹാസമുദ്രത്തിലൂടെ സഫലതയോടെ മുന്നോട്ടുനയിച്ചതു്.

൩. ഹിന്ദിയിലെ മഹാകവിയെന്നും ശ്രീരാമന്റെ ഉത്തമഭക്തനെന്നും ലോകംകൊണ്ടാടുന്ന തുളസീദാസൻ ചെറുപ്പത്തിൽ വലിയ വിഷയാസക്തനായിരുന്നു. വിവേകിനിയും ബുദ്ധിമതിയുമായ ഭാര്യ രത്നാവലിയുടെ സമയോചിതമായ തത്വസംഭാഷണമാണു് അദ്ദേഹത്തെ 'മഹാത്മാ'വാക്കിയതു്.

൪. ചന്ദ്രമണീദേവിയുടെ ത്യാഗബുദ്ധിയും മോക്ഷചിന്തയും സ്നേഹസ്വഭാവവും പുത്രനായ ശ്രീരാമകൃഷ്ണനിൽക്കൂടി ലോകത്തിൽ പ്രകാശിച്ചു. ലൗകികദുഃഖങ്ങൾ പലതുണ്ടായിരുന്നിട്ടും പുത്രന്റെ ആത്മീയചിന്തയെ ആ മഹതി ഉത്തേജിപ്പിക്കയാണുചെയ്തതു്. ശ്രീരാമകൃഷ്ണദേവന്റെ പത്നി ശ്രീശാരദാദേവിയാകട്ടെ യുവതിയും സുന്ദരിയുമായിട്ടാണ് ഭർത്തൃസവിധത്തിൽ എത്തിയതു്. തത്വചിന്തയിൽ മുഴുകിയിരുന്ന ഭർത്താവിനെ വേണമെങ്കിൽ ഭൗതികതയിലേയ്ക്കു വലിച്ചിടാൻ അവർക്കു സാധിക്കുമായിരുന്നു. എന്നാൽ അവരുടെ ത്യാഗബുദ്ധി അതിനനുവദിച്ചില്ല. നിത്യകന്യകയായി, ലോകമാതാവായി, അവർ ഭർത്തൃശുശ്രൂഷചെയ്തു കാലംകഴിച്ചു. 'പരമഹംസ'നായിത്തീർന്ന ശ്രീഭഗവാൻ ലോകത്തിനു മൂർത്തമായി ഇന്നും അശരീരിയായി ജീവിച്ചിരിക്കുന്നുണ്ടല്ലോ.

൫. നരേന്ദ്രൻ ബുദ്ധിമാനായിരുന്നു. വിദ്വാനായ പിതാവിന്റേയും സ്ത്രീരത്നമായ ഭുവനേശ്വരീമാതാവിന്റേയും ഗുണഗണങ്ങൾ അദ്ദേഹത്തിനു കിട്ടിയിരുന്നു. ലോകത്തിൽ മായാദുഃഖങ്ങളുജ്ഝിച്ചു ശാശ്വതാനന്ദം നേടാൻ വഴിനോക്കിയിരിക്കവേയാണു് പിതാവു മരിച്ചതു്. അമ്മയും ഇളയസഹോദരങ്ങളും നിത്യതയ്ക്കു നരേന്ദ്രനെയാണു് വഴികണ്ടിരുന്നതു്. പ്രാരബ്ധത്തിൽ കിടന്നു സാധു, മേൽഗതി കാണാതെ വലഞ്ഞു. അമ്മയാണു് അവിടെ നരേന്ദ്രനെ രക്ഷിച്ചതു്. അവർ പറഞ്ഞു: 'കുഞ്ഞേ, മനുഷ്യജന്മം ദുർല്ലഭമാണു്. അതു കിട്ടിയാൽ പാഴാക്കരുതു്. ആത്മമുക്തി, അതായതു ശാശ്വതസുഖം, അതിനുള്ള വഴി തേടുകയാണു് മനുഷ്യന്റെ കർത്തവ്യം. ജീവന്മുക്തനായിത്തീർന്നിട്ടു് നീ ലോകരെ ഉദ്ധരിക്കുന്നതു കാണണമെന്നാണെന്റെ ആഗ്രഹം. ഞങ്ങളെയെല്ലാം സൃഷ്ടിച്ച ശക്തി രക്ഷിച്ചുകൊള്ളും' എന്നു്. നരേന്ദ്രൻ അതനുസരിച്ചു പ്രവർത്തിച്ചു, വിവേകാനന്ദനായിത്തീർന്നു. പാശ്ചാത്യപൗരസ്ത്യചിന്താസരണികളെ അദ്ദേഹം ഒന്നിച്ചു. ഭൗതികതയെ ആത്മീയതയോടിണക്കി. സനാതനസിദ്ധാന്തങ്ങളുടെ ശാസ്ത്രീയതയേയും വ്യാപകത്വത്തെയും പ്രകടീകരിച്ചു ലോകമൊട്ടുക്കും ജ്ഞാനദീപം കൊളുത്തി, ദുഃഖിച്ചുവലഞ്ഞ അനേകശതം ആത്മാക്കൾ നിർവൃതിയടയാൻ ഇടയായി.

൬. ധർമ്മം, സത്യം, സ്നേഹം, ത്യാഗം, ഭക്തി, ഏകാഗ്രത, ദൃഢനിശ്ചയം എന്നിവയുടെ ഇരിപ്പിടമായിരുന്നു ശ്രീമതി പുത്ലീബായി. കർമ്മചന്ദ്രഗാന്ധിക്കു മാതൃസ്വത്തായി ആ ഗുണങ്ങളെല്ലാം കിട്ടി. അദ്ദേഹം ധർമ്മസംസ്ഥാപകനും രാഷ്ട്രോദ്ധാരകനും കർമ്മയോഗിയുമായി വളർന്നു—ജീവിച്ചു. അതിന്റെ ഫലമായി അടിമത്വത്തിൽനിന്നും ഭവ്യഭാരതം ഉയർന്നെഴുന്നേററു. ഭാരതീയർക്കു് ഭൗതികസ്വാതന്ത്ര്യം ലഭിച്ചുകഴിഞ്ഞു. ഇനിയും അവർക്കു് ആത്മീയസ്വാതന്ത്ര്യം കിട്ടുവാനുണ്ടു്. അതിനും സ്ത്രീകൾതന്നെ വിചാരിക്കണം. വർത്തമാനഭാവി പൗരന്മാരെ വേണ്ടുംവണ്ണം നയിക്കേണ്ടതു് സ്ത്രീകളുടെ കടമയാണു്. സ്ത്രീകൾ വിചാരിച്ചാൽ ലോകർ നന്നാകും. ചീത്തയാക്കാനും അവർമതി. വിശ്വാമിത്രപരാശരപ്രഭൃതികൾപോലും ദുർമ്മാർഗ്ഗചാരികളായിത്തീർന്നതു സ്ത്രീകൾ കാരണമല്ലേ! മനുഷ്യർതമ്മിലുള്ള എല്ലാവിധ കലഹങ്ങൾക്കും—കനകംമൂലമുള്ള കലഹങ്ങൾക്കുപോലും മൂലകാരണം 'കാമിനി' അതായതു് സ്ത്രീ മാത്രമായിരിക്കും. വീട്ടിനും നാട്ടിനും ലോകത്തിനും മാർഗ്ഗദർശനമരുളേണ്ടതു് സ്ത്രീയുടെതന്നെ കർത്തവ്യമാണെന്നുള്ളതിനു സംശയമില്ല.

സ്ത്രീക്കു ജന്മനാ ഉള്ള ശക്തിയും മഹിമയും കോമളത്വവും അബലത്വവുംകൊണ്ടായിരിക്കാം പ്രകൃത്യാതന്നെ പുരുഷന്മാർ അവളെ ബഹുമാനത്തോടും സ്നേഹത്തോടും ആശയോടും കരുണയോടുംകൂടി വീക്ഷിക്കാറുള്ളതു്. സ്ത്രീയെ സുഖമായിരുത്താൻവേണ്ടിയാണു് പുരുഷന്റെ ശ്രമം മുഴുവനും. ബാല്യത്തിൽ അമ്മയ്ക്കും സഹോദരിക്കുംവേണ്ടിയും, യൗവനത്തിൽ പ്രേയസിക്കുവേണ്ടിയും, വാർദ്ധക്യത്തിൽ പുത്രിമാർക്കുവേണ്ടിയും പുരുഷൻ സേവനകർമ്മം അനുഷ്ഠിക്കുന്നു. തേനീച്ചക്കൂട്ടിൽ റാണിയീച്ചയെവച്ചു് മററീച്ചകൾ ശുശ്രൂഷിക്കുംപോലെ വീട്ടിനുള്ളിൽ സ്ത്രീയെവച്ചു പിതാവു്, സഹോദരൻ, ഭർത്താവു്, പുത്രന്മാർ എന്നിവർ രക്ഷിക്കുന്നു. പുരുഷന്റെ പരിശ്രമഫലം മുഴുവനും അനുഭവിക്കുന്നതിനു് സ്ത്രീക്കാണു പൂർണ്ണാവകാശം. അവർ പ്രതിഫലമായി സ്ത്രീയിൽനിന്നും സ്നേഹം മാത്രമാണു് ആവശ്യപ്പെടുന്നതു്. സ്ത്രീക്കു പിന്നെ എന്തുവേണം, അവളെ

"പിതാരക്ഷതി കൗമാരേ ഭർത്താരക്ഷതി യൗവനേ
പുത്രാരക്ഷതി വാർദ്ധക്യേ' എന്നുള്ളതിനാൽ
"നസാ വൈക്ലബ്യമർഹതി,"

അവൾക്കൊരു ബുദ്ധിമുട്ടുംവേണ്ട. 'ന സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്നതു പാഠമാററം മാത്രമാണു്. പിതാവും ഭർത്താവും പുത്രനും ഇല്ലാത്ത സ്ത്രീയെ രക്ഷിക്കാൻ സഹോദരനോ അമ്മാവനോ ബന്ധുപുരുഷന്മാരോ ആരെങ്കിലും കാണും. വെയിലും മഴയുംകൊണ്ടു്, ദുഷ്ടമനുഷ്യരുടെയിടയിൽ, ജീവിതമത്സരങ്ങളിൽ ഇടപെട്ടു്, ബുദ്ധിമുട്ടേണ്ടയാവശ്യം സ്ത്രീക്കുണ്ടാകുവാൻ ഒരു പുരുഷൻപോലും അറിഞ്ഞുകൊണ്ടു സമ്മതിക്കയില്ല. നിഃസ്വാർത്ഥരും സേവനപടുക്കളും ആയ സന്താനങ്ങളെ ജനിപ്പിച്ചുവളർത്തുക, ഭർത്താക്കന്മാരെ പ്രേമംകൊണ്ടു വശത്താക്കി നേർവഴിക്കുതിരിക്കുക, ബന്ധുക്കൾക്കും അതിഥികൾക്കും അയൽക്കാർക്കും ഉപകാരങ്ങൾ ചെയ്യുക, എന്നിത്യാദികാര്യങ്ങളാലാണു് സ്ത്രീകൾ സമുദായസേവനം അനുഷ്ഠിക്കേണ്ടതു്.

പുരാതന ഭാരതീയസ്ത്രീകൾ അവരുടെ നിലയും വിലയും അറിഞ്ഞുപെരുമാറിവന്നു. ത്യാഗമയമായ ജീവിതംനയിച്ചു് അവർ പുരുഷന്മാരുടേയും ഭാവിജനതയുടേയും ആരാധനാപാത്രങ്ങളായി. അസ്വാതന്ത്ര്യംകൊണ്ടല്ല, ശാരീരികവും മാനസികവും ആയ പരിശുദ്ധിക്കും രക്ഷയ്ക്കും വേണ്ടിയാണു് ശൈശവവിവാഹം, ഏകഭർത്തൃവ്രതം, സതി, മൂടുപടം, ഘോഷ മുതലായ ആചാരങ്ങൾ അന്നത്തെ സ്ത്രീകൾ സ്വമേധയാ സ്വീകരിച്ചതു്. അടിമകളായിട്ടല്ല, ആജ്ഞാകാരിണികളായി, ഗൃഹത്തിനധീശ്വരികളായി, ഭാരതീയസ്ത്രീകൾ വർത്തിച്ചുവന്നകാലമുണ്ടായിരുന്നു. യാഗം, ദാനം, അഭിഷേകം, തർക്കം യുദ്ധം, എന്തിനധികം, ജീവിതത്തിന്റെ നാനാവശങ്ങളിലും സ്ത്രീക്കു് പുരുഷനു തുല്യമായോ അതിലുമുപരിയായോ ഒരു സ്ഥാനമാണുണ്ടായിരുന്നതു്. 'അമ്മ'യെ സ്വർഗ്ഗഭൂമിയെക്കാൾ ബഹുമാനിക്കാൻശീലിച്ചുവന്ന ഭാരതീയർ ഭാര്യയേയും ആദരിക്കുവാൻ പഠിച്ചു. സ്വസന്താനങ്ങളുടെ അമ്മ എന്ന പവിത്രപദവിയാണു് അവർ ഭാര്യയ്ക്കു നൽകിയതു്. സ്ത്രീയുടെ കണ്ണുനീർ വീഴുന്ന സ്ഥലം നശിച്ചുപോകുമെന്നുപോലും അവർ വിശ്വസിച്ചു. പാശ്ചാത്യരുടെ പ്രണയഗോഷ്ഠികളോ ഷിവൽറിയോ ഒന്നുംതന്നെ പൗരസ്ത്യരുടെ സ്ത്രീഭക്തിക്കരികിൽ വരില്ല.

ഉത്തമഗൃഹിണിയുടെ ഗൃഹം ഒരു 'സേവാസദന'മായിരിക്കും. ഇറങ്ങിനടന്നു പണം പിരിച്ചു് സദനമോ ഉദ്ധാരയോ സംരക്ഷണശാലയോ സത്രമോ ഒന്നും അന്നു സൃഷ്ടിക്കേണ്ടയാവശ്യമില്ലായിരുന്നു. കണ്വമഹർഷിയുടെ ചിത്രംപോലെ ഗുരുക്കന്മാരെ ശുശ്രൂഷിച്ചും, ഭർത്താവിന്റെ ഇഷ്ടാനുവർത്തിനിയായും, ഉത്തമശിശുക്കളുടെ മാതാവായും, ഭൃത്യന്മാരിലും അനാഥരിലും ദയവുള്ളവളായും, സുഖദുഃഖങ്ങളിൽ ഒരുപോലെ ശാന്തചിത്തയായും, ഓരോ സ്ത്രീയും—ഇല്ലെങ്കിലും അധികം സ്ത്രീകളും—ജീവിച്ചു. ശുചിയായും സാത്വികബുദ്ധിയോടും സ്വയം പാകംചെയ്ത ഭക്ഷണപദാർത്ഥങ്ങൾ വീട്ടിലുള്ളവർക്കെല്ലാം വിളമ്പി, വന്നുചേരുന്ന ഏതൊരതിഥിക്കും സസന്തോഷം പങ്കുകൊടുത്തു്, ബാക്കിവരുന്നതുകൊണ്ടുമാത്രം തൃപ്തിപ്പെട്ടിരുന്ന ആ സ്ത്രീകളുടെ സേവനചാതുരിയുടെ ഒരംശംപോലും ഇന്നൊരു സ്ത്രീക്കെങ്കിലുമുണ്ടോ! ആർഭാടരഹിതമായ ജീവിതം, പക്വബുദ്ധി, ത്യാഗസന്നദ്ധത, ഇവയായിരുന്നു സ്ത്രീകളുടെ സമ്പാദ്യം. പ്രാകൃതികവും ധാർമ്മികവും ആയ ജീവിതം നയിക്കുന്ന സ്ത്രീക്കും അവളുടെ ബന്ധുമിത്രാദികൾക്കും ആതുരാലയമോ വൈദ്യനോ മരുന്നോ വേണ്ടിവരികയില്ല. ദാരിദ്ര്യവും ബാധിക്കയില്ലതന്നെ.

വിദുഷികളും വീരകളും തപസ്വിനികളും എല്ലാം ഈ ഭാരതഭൂമിയിൽ ജീവിച്ചിരുന്നതായി ചരിത്രം പറയുന്നുണ്ടു്. ഉപനിഷത്തു്, വേദം, വേദാന്തം എന്നിവപഠിച്ചു് ബ്രഹ്മവാദംകൊണ്ടു് യാജ്ഞവല്ക്യൻ മുതലായ മഹാപണ്ഡിതന്മാരെപ്പോലും തോല്പിച്ച ഗാർഗ്ഗി, മൈത്രേയി മുതലായവർ സ്ത്രീകളായിരുന്നു. സർവ്വജ്ഞപീഠംകയറുവാൻ ഭാവിച്ച ശ്രീശങ്കരാചാര്യരെ ഒററചോദ്യംകൊണ്ടു തോൽവിസമ്മതിപ്പിച്ച ഉദയഭാരതി എന്ന സ്ത്രീയും ഭാരതത്തിലാണു ജനിച്ചുവളർന്നതു്. ശ്രീകൃഷ്ണനേയും രാജാദശരഥനേയും സമയോചിതമായി പ്രവർത്തിച്ചു് മരണത്തിൽനിന്നും രക്ഷിച്ച സത്യഭാമയും കേകയപുത്രിയും സ്ത്രീവർഗ്ഗത്തിൽ പെട്ടവരാണു്. സേനാനായകത്വംതന്നെ വഹിച്ചു വീരയോദ്ധാക്കളോടൊപ്പം പോർക്കളങ്ങളിൽ ധീരധീരം പൊരുതിയ സാരന്ധ, ദുർഗ്ഗാവതി, പത്മിനി, അല്ലി മുതലായവരോ, അവരും ഭാരതീയസ്ത്രീകൾ. അഗ്നിപരീക്ഷയിൽ വിജയിനിയായ സീത, കാലനെത്തോല്പിച്ച സാവിത്രി, ഇരുമ്പുകടല വറുത്തെടുത്ത അനസൂയ, സൂര്യോദയം തടഞ്ഞ നളായണി, ച്യവനമഹർഷിയെ യുവകോമളനാക്കിയ സുകന്യ, മുതലായ തപസ്വിനികളും സ്ത്രീകൾതന്നെ. അവരുടെ വ്രതം പാതിവ്രത്യം മാത്രമായിരുന്നു. അതായതു് ഭർത്താവിനെ ഈശ്വരനായി വിചാരിച്ചു് പ്രതിഫലേച്ഛയോ സ്വാർത്ഥോദ്ദേശ്യമോ കൂടാതെ സേവനമനുഷ്ഠിച്ചു് മനഃശക്തിനേടി ജീവന്മുക്തയാകുന്ന തപം. അതിനു ഭർത്താവിൽ യാതൊരു ഗുണവും കാണണമെന്നില്ല. വെറും ത്യാഗബുദ്ധികൊണ്ടു് മനഃസംയമനം ശീലിക്കുകയെന്നതാണു തത്വം. രാജയോഗസിദ്ധാന്തങ്ങളാണു് പാതിവ്രത്യത്തിൽ നിഴലിച്ചുകാണുന്നതു്. നവീനശാസ്ത്രജ്ഞരുടെ അഭിപ്രായമനുസരിച്ചു് മനസ്സിന്റെ ഏകാഗ്രതകൊണ്ടു് പ്രകൃതിയെക്കീഴടക്കാമല്ലോ.

"മനസി വചസി കായേ ജാഗരേ സ്വപ്നസംഗേ
ന ഹി മമ പതി ഭാവോ നായകാദന്യപുംസി"

എന്നു സധൈര്യം സത്യപ്രതിജ്ഞചെയ്യാൻ കഴിയുന്ന ഏതൊരു സ്ത്രീക്കും അവരെപ്പോലെ അമാനുഷികപ്രവൃത്തികൾ ഇന്നും ചെയ്യുവാൻ കഴിയും.

വൈവാഹികജീവിതത്തിൽ പല സ്ത്രീകൾക്കും ഇന്നു നിരാശയാണുള്ളതു്. വിവാഹത്തിനുമുമ്പുള്ള ചില പ്രതീക്ഷകളാണു അതിനു കാരണം. ആശയാണു നിരാശയ്ക്കു വഴിതെളിക്കുന്നതു്. പ്രത്യുപകാരകാംക്ഷയും സ്വാർത്ഥതയുമാണു് ദുഃഖത്തിനു കാരണം. മനുഷ്യനിൽ സ്വതേയുള്ള മൃഗീയമായ കാമവികാരത്തെ ദൈവികമായ പ്രണയചിന്തയായി മാററുവാനുള്ള 'കരു'വാണു വിവാഹം എന്നു സ്ത്രീ മനസ്സിലാക്കണം. പ്രകൃത്യാ സ്ത്രീയ്ക്കുള്ള പ്രേമദാഹത്തെ സേവനതൃഷ്ണയാക്കിത്തിരിച്ചു് ആത്മീയൈക്യത്തിലെത്തിക്കാനുള്ള ബുദ്ധിപൂർവമുള്ള കണ്ടുപിടിത്തമാണു വൈവാഹികബന്ധം എന്നു സ്ത്രീ അറിയണം. ദാമ്പത്യജീവിതത്തിൽ കാലുകുത്തുന്ന സ്ത്രീയ്ക്കു ആശയുണ്ടെങ്കിൽ നിരാശയും, സുഖമുണ്ടെങ്കിൽ ദുഃഖവും, പിന്നെ പല ചുമതലകളും, നേരിടേണ്ടിവരും. ആത്മബലം, വിവേകബുദ്ധി, ഈശ്വരവിശ്വാസം എന്നിവമാത്രമായിരിക്കും രക്ഷായുധങ്ങൾ. രണ്ടിടത്തു ജനിച്ചു്, രണ്ടു സാഹചര്യത്തിൽവളർന്നു്, ഇരുമനഃസ്ഥിതിയോടുകൂടി, ഒരുമിച്ചുചേരുന്ന ദമ്പതികൾ ഒത്തൊരുമയോടെ കഴിയണമെങ്കിൽ വിഷമംതന്നെയാല്ലേ? ഒരുമിപ്പുണ്ടായില്ലെങ്കിലോ, വീടും, ഭാവി പൗരരും, രാഷ്ട്രവും എല്ലാം കെട്ടു. ആദ്ധ്യാത്മികചിന്തകൊണ്ടു മാനസിക വ്യത്യാസങ്ങളെ തൃണവൽഗണിക്കുകമാത്രമേ പോംവഴിയുള്ളൂ. ആത്മീയതയിലാണു ദാമ്പത്യജീവിതത്തിലെ വിജയരഹസ്യം നിർഭരമായിരിക്കുന്നതു്. സ്ത്രീപുരുഷഹൃദയങ്ങൾ പരസ്പരം ഇണങ്ങണമെങ്കിൽ—ശാശ്വതമായി ഭാര്യാഭർത്താക്കന്മാർ യോജിച്ചു ജീവിക്കണമെങ്കിൽ—ഭൗതികതയെ ത്യജിക്കണം. ചിന്തകളെല്ലാം പുരുഷനും ആകാം, Give and take policy യോ Mutual adjustment ഓ എല്ലാമാകാം. പക്ഷെ കൂടുതൽ ബുദ്ധിയും ഗുണവും ഉണ്ടെന്നഭിമാനിക്കുന്ന നാം—സ്ത്രീകൾ—തന്നെ ആദ്യം ശ്രമിച്ചു സാഫല്യമടയണം, അതാണു നമുക്കു വില. സ്ത്രീശക്തിയെ നാം പ്രവൃത്തിരൂപേണ തെളിയിക്കണം. സ്ത്രീകളുയരുമ്പോൾ പുരുഷന്മാർ താനേ ഉയർന്നുകൊള്ളും. അല്ലാതെ നിവൃത്തിയില്ലതന്നെ. പ്രസവിച്ചു വളർത്തുന്ന പുരുഷവർഗ്ഗത്തിനെ സ്ത്രീകൾക്കവരുടെയിഷ്ടംപോലെ നന്നാക്കാമല്ലോ.

പൂർണ്ണസ്വാതന്ത്ര്യം സ്ത്രീയ്ക്കു് ജന്മനാതന്നെയുണ്ടു്. പുരുഷന്മാരിലും മേലായ സ്ഥാനവും അവൾക്കുണ്ടു്. സുഖമായി വീടുംഭരിച്ചു്, പുരുഷന്മാരുടെ സഞ്ചാലകത്വവും കാര്യാററ്, രാഷ്ട്രീയോദ്ധാരകകളായി, നമുക്കു ജീവിക്കാം. സമത്വം വന്നാൽ പുരുഷന്മാർക്കു ചുമതലാബോധംകുറയും, സ്നേഹംകുറയും, വീട്ടിൽ ദുർഭിക്ഷം വന്നുചേരും ഗൃഹച്ഛിദ്രങ്ങൾ വർദ്ധിക്കും, കുട്ടികൾ വഴിപിഴയ്ക്കും, ദേശം അധഃപതിക്കും. പാശ്ചാത്യരീതിയിലുള്ള വിദ്യാഭ്യാസനമാണു ഇന്നത്തെ സ്ത്രീകളെ വഴിതെററിക്കുന്നതു്. പാശ്ചാത്യപരിഷ്കാരഭ്രമം അവരെ പുരുഷന്മാരുടെ അവഹേളനാപാത്രങ്ങളാക്കുന്നു. സ്ത്രീ വീണ്ടും പൂജനീയ ആകണമെങ്കിൽ പൗരസ്ത്യസംസ്കാരം പുനഃപ്രതിഷ്ഠിതമാകണം. ഭാരതത്തിലെ പുരാതന

സ്ത്രീകൾ നമുക്കാദർശമാകണം. വിദ്യാലയഡിഗ്രികളോ പരിഷ്കൃതവേഷവിധാനങ്ങളോ പാശ്ചാത്യഹാവഭാവാദികളോ പുരുഷനു സമാനമായുള്ള സ്വാതന്ത്ര്യവൃത്തികളോ ഒന്നുമില്ലാതെ ലജ്ജിച്ചും ഒതുങ്ങിയും അടങ്ങിയും മാഞ്ഞും മാറും ജീവിച്ച അടിമദേശത്തിലെ അടിമസ്ത്രീകൾ ആദർശമാകണം എന്നു കേൾക്കുമ്പോൾ ഇന്നത്തെ യുവസഹോദരികൾ പരിഹസിച്ചേക്കാം. എന്നാൽ ഒന്നാലോചിച്ചുനോക്കണം. സ്ത്രീക്കേതാണു നന്മ, ഏതാണു സുഖം, നല്ലവണ്ണം ശ്രദ്ധിച്ചാലോചിക്കണം. പുരുഷനോടൊപ്പം കായബലം സ്ത്രീക്കു പ്രകൃതി നൽകിയിട്ടില്ല. പക്ഷെ മനഃശക്തിയും ബുദ്ധിശക്തിയും കൂടുതൽ ഉണ്ടുതാനും. സമത്വം വേണ്ട നമുക്ക്. നമ്മുടെ ശക്തികൊണ്ടു്—സ്വഭാവശുദ്ധിയും ത്യാഗശീലവുംകൊണ്ടു്—നമുക്കു പുരുഷന്മാരെ ജയിച്ചു് അവരിലുപരിയായ നിലയെ പ്രാപിക്കണം.

സ്ത്രീവിദ്യാഭ്യാസപദ്ധതി ഒന്നു പരിഷ്കരിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു, സ്ത്രീകൾ ഒരുമിച്ചുകൂടി അതിനുള്ളമാർഗ്ഗമാരായേണ്ടതു് എത്രയും അത്യാവശ്യമാണു് നമുക്കു പരിശ്രമിച്ചു്, ഇന്നത്തെ പല വിഷമപരിതഃസ്ഥിതികളേയും മാററണം. പരദൂഷണവും പരപരിഹാസവും ചെയ്തു് മനസ്സും ബുദ്ധിയും സമയവും പാഴാക്കാതെ നമുക്കു നന്നാകണം. പുരുഷവർഗ്ഗവും അഖിലലോകവും നമ്മുടെകൂടെ ഉയരട്ടെ.

ക്ഷേത്രഗണിതം രസതന്ത്രം മുതലായവയൊന്നും നമുക്കു പഠിക്കേണ്ട. സ്ത്രീകൾക്കു പ്രത്യേകം വിദ്യാലയങ്ങൾ വേണം. ഗൃഹിണീധർമ്മം, ഗൃഹഭരണം, മനഃശാസ്ത്രം, പ്രഥമശുശ്രൂഷ, ശിശുസംരക്ഷണം, സംഗീതാദികലകൾ, സംസ്കൃതാദിഭാഷകൾ, പാചകവിധി, തയ്യൽ മുതലായ കരകൗശലവിദ്യകൾ, എന്നിവ സ്ത്രീകളെ നിർബ്ബന്ധിച്ചു പഠിപ്പിക്കണം. നല്ല വിവേകവും വിവരവും ഉള്ള സ്ത്രീകൾതന്നെ അദ്ധ്യാപികമാരായിവരണം. അദ്ധ്യാപകവൃത്തിക്കോ വൈദ്യവൃത്തിക്കോ അല്ലാതെ വെളിയിൽ ഒരുദ്യോഗവും സ്ത്രീകൾ നോക്കരുതെന്നുവച്ചാൽ വളരെ നന്നായിരിക്കും. വീട്ടിലിരുന്നു് കരകൗശലവേലകളോ മററുജോലിയോ ചെയ്യാം. വിഷമമുള്ളജോലികൾ പുരുഷന്മാർ നോക്കട്ടെ. ഉദ്യോഗമില്ലെന്നുവച്ചു് ഒരുസ്ത്രീക്കും കഷ്ടപ്പെടേണ്ടിവരികയില്ല. 'തൊഴിലില്ലായ്മ പ്രശ്നത്തിനും പരിഹാരം വരട്ടെ,

മതപഠനം സ്ത്രീക്കു നിശ്ചയമായും അനിവാര്യമാണു്. ഏതുമതമായാലുംമതി, എല്ലാമതവും പലതരത്തിൽ ഒന്നുതന്നെയാണല്ലോ പറയുന്നതു്. നല്ലവണ്ണം പഠിക്കുകയും അതിനെപ്പററി കൂലങ്കഷമായി ചിന്തിക്കുകയും വേണം. വിശാലപ്രേമം, ത്യാഗം, ക്ഷമ, സത്യം, ഏകാഗ്രത എന്നീ വിശിഷ്ടഗുണങ്ങൾ മതം നമ്മെ പഠിപ്പിക്കും. ഈ ഗുണങ്ങളാണു സൗഖ്യമാർഗ്ഗത്തിൽ മനുഷ്യന്റെ കണ്ണു തെളിക്കേണ്ടതു്. ഒരു ജീവിയുടെ സുഖസന്തോഷങ്ങൾ മറെറാരുജീവിയിലല്ല. തന്നിൽതന്നെയാണു് ആശ്രയിച്ചിരിക്കുന്നതു് എന്നു മതം പറഞ്ഞുതരുന്നു. പ്രത്യുപകാരം ഇച്ഛിക്കുന്നവനു് ആനന്ദാനുഭവമില്ല, സ്വാർത്ഥതയുടെ ഡിഗ്രികുറയുംതോറും മനുഷ്യനു സുഖംകൂടും എന്നെല്ലാം പറഞ്ഞുതരുന്നതും മതമാണു്.

നശ്വരമായ ഈ ലോകത്തിൽ മനുഷ്യനുള്ള അനിശ്ചിതകാലത്തിനിടയ്ക്കു നിരാശയും ദുഃഖവും അതൃപ്തിയുംകൊണ്ടു വലയുന്നതു ബുദ്ധിമോശമാണെന്നു സ്ത്രീകൾ ആദ്യം പഠിച്ചു് കുട്ടികളെ പഠിപ്പിക്കണം. ജീവിതം തനിക്കും മററുള്ളവർക്കും സുഖപ്രദമാക്കാനുള്ള വഴി ഭാവിപൗരാവലി സ്ത്രീകളിൽനിന്നും കണ്ടും കേട്ടും മനസ്സിലാക്കണം. ഭാരതീയസ്ത്രീയുടെ ആദർശം അഖിലലോകത്തിനും മാർഗ്ഗദീപമായി വിലസട്ടെ. ആദർശത്തിനൊത്തു ജീവിക്കാൻ ഓരോ സ്ത്രീയും ശ്രമിച്ചാൽ ലോകം ഉദ്ധരിക്കപ്പെടും. ലോകരുടെ വിഷമസമസ്യകൾ പരിഹരിക്കപ്പെടും. ഭാരതവനിതാദർശം ലോകത്തിനു മംഗളമരുളട്ടെ.

ജയ്ഹിന്ദ്.

—o—

* With the kind permission of the Director of Broad casting, Trivandrum.

മനോഹരമായ തലമുടി വളരുവാൻ

പ്രസിഡണ്ട് വെജിററബിൾ ഹെയർഓയിൽ ഉപയോഗിയ്ക്കുവിൻ
RATHOD TRADING CO.
SOWCARPET — MADRAS 1



ഐക്യനാടുകളിലെ 44000000 റോഡുവാഹനങ്ങളുടെ ആവശ്യത്തിനായി അമേരിക്കൻഗവമ്മെൻറുകൾ 1949-ൽ ചിലവാക്കിയ സംഖ്യ 3000000000 ഡാളറാണു്. മുൻവർഷത്തെക്കാൾ 5000000-ത്തിൽപരം വാഹനങ്ങൾ പ്രസ്തുത വത്സരത്തിൽ അമേരിക്ക നിർമ്മിച്ചു. രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ധാരാളമായുള്ള നല്ല വലിയ റോഡുകൾ അവിടത്തെ വാണിജ്യത്തിന്റെയും കൃഷിയുടെയും അനിതരസാധാരണമായ വികസനത്തെ സഹായിച്ചിട്ടുണ്ടു്. എല്ലാഭാഗങ്ങളിലും സുഗമമായി മോട്ടോർവാഹനഗതാഗതം നടത്താമെന്നുള്ളതു് ഐശ്വര്യവർദ്ധനവിന്റെ ഒരു കാരണമാണു്. ജെഴ്സിനഗരത്തിന്റെ ഒരു ഭാഗമാണു് ചിത്രത്തിൽ—അവിടെയുള്ള പലതരം റോഡുകളും ഗതാഗതത്തിനു ഏർപ്പെടുത്തിയിട്ടുള്ള പരിഷ്കാരങ്ങളും ചിത്രത്തിൽ കാണാം.

# പഴയ അശുദ്ധഗണിതവും തദനുസൃതപഞ്ചാംഗങ്ങളും

പി. ആർ. ഗോപാലവാര്യർ, പാണ്ടനാട്ട്.

യഥാശിഖാമയൂരാണാം
നാഗാനാം മണയോയഥാ
തദ്വദ്വേദാംഗശാസ്ത്രാണാം
ഗണിതം മൂർദ്ധനിസ്ഥിതം. എന്നും
വേദസ്യചക്ഷുഃ കില ശാസ്ത്രമേതൽ
പ്രധാനതാംഗേഷു തതോസ്യ യുക്താ.
അംഗൈര്യുതോന്യൈരപി പൂർണ്ണമൂർത്തി-
ശ്ചക്ഷുർവ്വിനാകഃ പുരുഷത്വമേതി.

എന്നും മററുമുള്ള പ്രമാണപ്രകാരം വേദത്തിന്റെ കണ്ണായ ഈ ജ്യോതിശ്ശാസ്ത്രം ജാതകം, ഗോളം, നിമിത്തം, പ്രശ്നം, മുഹൂർത്തം, ഗണിതം, ഇങ്ങനെ ആറംഗങ്ങളോടുകൂടിയതാണു്. ഈ ശാസ്ത്രവേദാംഗങ്ങളിൽവച്ചു അതിപ്രധാനമാകയാൽ ഇതുകൂടാതെ ലോകത്തിൽ യാതൊരു കാര്യവും സാദ്ധ്യമല്ല. ഷഡംഗയുക്തമായ ജ്യോതിഷത്തിന്റെ പ്രമാണഗ്രന്ഥം ഗണിതശാസ്ത്രമാണു്. ഈ ഗണിതശാസ്ത്രത്തെ സംബന്ധിച്ചു ഇന്നത്തെ ഗണിതകൃത്തുകളുടെ ഇടയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വിഷമതകൾ വാചാമഗോചരമാണത്രെ. അനേകവർഷങ്ങൾക്കു മുമ്പുണ്ടാക്കിയിട്ടുള്ളതും കാലാന്തരംകൊണ്ടു ശൈഥില്യംവന്നിട്ടുള്ളതുമായ പരഹിതഗണിതത്തെ വാമകരത്തിലും അതുപോലെതന്നെ ദൃഗ്ഗണിതത്തെ ദക്ഷിണകരത്തിലുംവച്ചു മുറുകിപ്പിടിച്ചുകൊണ്ടിരിക്കുന്ന ജ്യോതശ്ശാസ്ത്രജ്ഞന്മാർ വാസ്തവത്തിൽ ജ്യോതിഷശത്രുക്കളാണെന്നു് പറയാതെ നിവൃത്തിയില്ല. തന്നിമിത്തം അവർ മാത്രമല്ല വിഷമതകൾ നേരിടുന്നതു്. ജ്യോതിശ്ശാസ്ത്രോപജീവികളായ ഇതരന്മാർക്കുകൂടി വൈഷമ്യങ്ങൾ സംഭവിച്ചുകൊണ്ടുതന്നെയിരിക്കുന്നു. പഴയ അശുദ്ധഗണിതപ്രകാരമുള്ള "യോഗക്ഷേമാദി" ചില പഞ്ചാംഗങ്ങൾ കരസ്ഥമാക്കി ഒന്നാംതീയതിക്കുള്ള ഗ്രഹസ്ഫുടങ്ങളുടെ ഗതികൾ വച്ചുകൂട്ടി അംശകങ്ങൾ തെററിച്ചെഴുതി ഫലങ്ങൾ പറഞ്ഞു് അന്യന്മാരെ കബളിപ്പിക്കുന്നവർ ഇന്നും വിരളമല്ല. നിത്യസ്ഫുടങ്ങൾ ഉള്ള പഞ്ചാംഗം പ്രത്യക്ഷത്തിൽ ഉണ്ടായിരുന്നാലും അതുപയോഗിക്കാതെ ഒന്നാംതീയതിക്കു മാത്രം സ്ഫുടമുള്ള പഞ്ചാംഗംമതിയെന്നു ശഠിക്കുന്നവർ പലരുമുണ്ടു. പണ്ടത്തെ പരഹിതഗണിതവും ദൃഗ്ഗണിതവും ഇന്നു പരഹിതത്തിനും ഫലത്തിനും പററിയതല്ല. അതനുസരിച്ചു വ്രതങ്ങളും മുഹൂർത്തങ്ങളും ശ്രാദ്ധാദികളും സ്വീകരിക്കുന്ന പക്ഷം, മറേറതെങ്കിലും സൗകര്യമുള്ള ഒരു ദിവസം അതു നടത്തുകയാണു ഭേദം, "കുപുത്രാദപുത്രതാ വരം" എന്നാണല്ലോ അഭിജ്ഞമതം. പരഹിതമനുസരിച്ചു മുഹൂർത്തവും ദൃഗ്ഗണിതമനുസരിച്ചു ശ്രാദ്ധവ്രതാദികളും നക്ഷത്രതിഥ്യാദികളും സ്വീകരിക്കുന്ന ഈ പതിവു കേരളത്തിൽ ചിലയിടത്തെല്ലാമല്ലാതെ മററാണ്ടും നടപ്പുണ്ടെന്നു തോന്നുന്നില്ല? ചില പഞ്ചാംഗപ്രസാധകന്മാർ ശീലിച്ചുവരു പാലിക്കുന്നവരും സൂക്ഷ്മഗണിതം സ്വീകരിക്കുന്നതു ധർമ്മശാസ്ത്രത്തിനു വിരുദ്ധമാണെന്നു മററുചിലരും കല്പിക്കുന്നതു കേട്ടിട്ടുണ്ടു്. അഹോ!! എത്ര പാപം!! മുഹൂർത്തങ്ങളും ശ്രാദ്ധങ്ങളും വ്രതങ്ങളും മുതലായവയെല്ലാം വേണ്ടസമയത്തും ദിവസങ്ങളിലും അനുഷ്ഠിക്കാതെയിരിക്കുന്നതും യഥാസ്ഥാനത്തിലുള്ളതിനെ ത്യാജ്യകോടിയിൽ തള്ളുന്നതും മഹാപാപമത്രെ. എന്നതിനു രണ്ടു പക്ഷമുണ്ടെന്നു തോന്നുന്നില്ല? കേരളം ഒരു ഭ്രാന്താലയമാണെന്നു് ശ്രീ വിവേകാനന്ദൻ പറഞ്ഞിരിക്കുന്നതു ജ്യോതിഷത്തെ സംബന്ധിച്ചിടത്തോളം വാസ്തവമായിട്ടാണു കാണുന്നതു്.

യോഗഗ്രഹാണാം ഗ്രഹണൈക്യസാമ്യോ
മൗഢ്യം തഥാവക്രഗതൗ ച പഞ്ചസു
ദൃഷ്ടാന്തരൂപം കരണം യദന്വഹം
തേനാത്രിവാരം ഗണയേ ദ്വിജാഗ്രമാൻ.

ഇത്യാദികൾ ഒന്നുംതന്നെ നോക്കാതെ, കേവലം സ്ഖലിതബഹുവിധമായ പരഹിതഗണിതത്തെയും പഴയ ദൃഗ്ഗണിതത്തെയും അവലംബിക്കുന്നതു് കേവലം അസ്ഥാനഗന്ധാന്ധ്യംതന്നെ. പരഹിതഗണിതം തെററാണെന്നു ബോദ്ധ്യപ്പെട്ടതുകൊണ്ടാണു് ശ്രീ പരമേശ്വരാചാര്യർ ദൃഗ്ഗണിതം ഉണ്ടാക്കിയതു്. അനേകവർഷങ്ങൾകൊണ്ടു് അതിലുണ്ടായ സ്ഖലിതങ്ങൾ പരിഹരിക്കുന്നതിനു പലരും ശ്രമിച്ചെങ്കിലും നിർഭാഗ്യത്താൽ അതൊന്നും അടുത്തകാലംവരെ സാദ്ധ്യമായിട്ടില്ല. കേതകീജ്യോതിർഗ്ഗണിതം, രാജജ്യോതിർഗ്ഗണിതം, ഗണിതനിർണ്ണയം മുതലായ ഗ്രന്ഥങ്ങൾ സൂക്ഷ്മഗണിതത്തിനു ഏററവും പററിയവതന്നെ. കേരളേതരദേശങ്ങളിൽ ശുദ്ധപഞ്ചാംഗം കുറച്ചുമുമ്പുമുതൽതന്നെ പ്രചരിക്കുന്നുണ്ടെങ്കിലും മലയാളത്തിൽ ഈ സമ്പ്രദായം "ഗണിതവിലോചനി" ബ്രഹ്മശ്രീ പുരുഷോത്തമൻ നമ്പൂതിരി അവർകളാണു അവതരിപ്പിച്ചിട്ടുള്ളതു്. ഇതിലെ ഗണിതരീതി മിക്കവാറും കേരളീയർ പരിചയിച്ചിരിക്കുന്ന പന്ഥാവിൽ കൂടിയുമാണു്. ഇനി ശുദ്ധഗണിതമനുസരിച്ചു പഞ്ചാംഗങ്ങൾ ഗണിക്കാനും പ്രസിദ്ധീകരിക്കാനും ആർക്കും ഒരു പ്രതിബന്ധവുമില്ല? സമസ്തകേരളജ്യോതിഷപരിഷത്തിതിനെ അംഗീകരിച്ചു. രാജകീയമായ പ്രതിബന്ധവുമില്ലാ. ഈയാണ്ടത്തെ തിരു: ഗവണ്മെൻറു പഞ്ചാംഗത്തിൽ പരഹിതത്തിനും ദൃക്കിനും പുറമേ പുതിയ ദൃക്സിദ്ധവും ചേർത്തു കണ്ടു. ഇങ്ങനെയെല്ലാം അനുകൂലപരിതഃസ്ഥിതികൾ ലഭിച്ചിട്ടും പഴയതുതന്നെ ഇനിയും തുടർന്നു യോഗക്ഷേമാദിപഞ്ചാംഗങ്ങൾ പ്രസിദ്ധീകരിക്കുന്നപക്ഷം അതു ഗണിതത്തിന്റെ കണ്ഠച്ഛേദത്തിനു തുല്യമാണെന്നു പറയാതെ തരമില്ലാ. പക്ഷെ പുതിയരീതി കുറെ ജോലിക്കൂടുതലാണു്. പ്രയത്നംചെയ്യാതെ കാര്യം സാധിക്കയില്ലാ. അതുകൊണ്ടു എല്ലാ പഞ്ചാംഗകർത്താക്കളും ശുദ്ധഗണിതമനുസരിച്ചു പഞ്ചാംഗം ഗണിച്ചു പ്രചരിപ്പിക്കുവാൻ പ്രത്യേകം അഭ്യർത്ഥിച്ചുകൊള്ളുന്നു.

—o—

ലേഖനമാല
ഗ്രന്ഥകർത്താ,
സാഹിത്യകുശലൻ, ടി. കെ. കൃഷ്ണമേനോൻ.
അത്യന്തം ഗഹനങ്ങളായ അൻപതിൽപരം വിഷയങ്ങളെ അധികരിച്ചു് രചിച്ചിട്ടുള്ള ലേഖനപരമ്പരകളുടെ ഒരു സമ്പൂർണ്ണസമാഹാരം!
വില ൨ രൂ. ൪ ണ
ആവശ്യപ്പെടുക:- മാനേജർ,
ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.










# ഇന്ത്യയിലെ ഒന്നാമത്തെ നാവികപരിശീലന വിദ്യാലയം—കൊച്ചിയിൽ ശിലാസ്ഥാപനം നടന്നു

## വലിയ നാവികസങ്കേതമായി വികസിപ്പിക്കുവാൻപോകുന്ന കൊച്ചിയുടെ നാവികപ്രാധാന്യത്തെപ്പററി സർദാർ ബലദേവസിംഗ്

ഇന്ത്യൻ നാവികസേന പ്രായംകുറഞ്ഞ ഒന്നാണെങ്കിലും അതിനു ശോഭനമായ ഒരു ഭാവി ഉണ്ടെന്നുള്ളതു തീർച്ചയാണെന്നു ഇന്ത്യൻ രാജ്യരക്ഷാമന്ത്രി സർദാർ ബലദേവസിംഗ് ഫെബ്രുവരി ൨൪-ാം-ന്ന് ബോൾഗാട്ടി കൊട്ടാരത്തിൽവച്ചു നടത്തിയ പ്രസ്സ്കാൺഫറൻസിൽ പ്രസ്താവിക്കുകയുണ്ടായി. നാവികസേനയുടെ പരിശീലനത്തിനുള്ള സ്ഥാപനങ്ങളുടെ ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കുന്നതിനാണു രാജ്യരക്ഷാമന്ത്രി കൊച്ചിയിൽ എത്തിയതു്. അദ്ദേഹം വില്ലിംഗ്ടൺ ദ്വീപിൽ നടന്ന കരസേന, വിമാനസേന, നാവികസേന എന്നിവയുടെ മാർച്ച് പാസ്റ്റിൽവെച്ചു സല്യൂട്ട് സ്വീകരിക്കുകയുണ്ടായി. അതിനുശേഷം കൊച്ചി ഹാർബർ അഡ്മിനിസ്ട്രേറ്റീവ് ആഫീസ്സും വെണ്ടുരുത്തിയിലെ നാവികസ്ഥാപനങ്ങളും സന്ദർശിച്ചു. താമസസ്ഥലമായ ബോൾഗാട്ടി കൊട്ടാരത്തിൽ വെച്ചു നടത്തിയ പ്രസ്സ്കാൺഫറൻസിൽ അദ്ദേഹം, ഇന്ത്യയുടെ നാവികപരിശീലനസ്ഥാപനങ്ങൾ വിഭജനംമൂലം പാകിസ്ഥാനിൽ അകപ്പെട്ടുപോയതുമൂലം ഇന്ത്യയ്ക്കു വളരെയധികം കഷ്ടപ്പാടുകൾ ഉണ്ടായിട്ടുണ്ടെന്നു പറഞ്ഞു. നാവികസേനയെസംബന്ധിച്ച എല്ലാസ്ഥാപനങ്ങളും കറാച്ചിയിലായിരുന്നു. വിഭജനത്തിനുശേഷം നമുക്കു യാതൊരു പരിശീലനസ്ഥാപനവും ഇല്ലെന്നുവന്നു. കഴിഞ്ഞ രണ്ടുവർഷമായി ഈ സ്ഥാപനങ്ങളെല്ലാം താൽക്കാലികകെട്ടിടങ്ങളിൽ നടത്തുവാൻ ശ്രമിച്ചുപോരുന്നു. ഞങ്ങളുടെ എല്ലാ പദ്ധതികളും പൂർത്തിയായിരിക്കുന്നതിനാലും തക്ക സ്ഥലങ്ങൾ കണ്ടുപിടിച്ചിരിക്കുന്നതിനാലും നമ്മുടെ സ്ഥിരം സ്ഥാപനങ്ങളുടെ ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കുവാൻ പോവുകയാണു്.'

നമ്മുടെ രാജ്യത്തെ വാണിജ്യത്തിൽ ഭൂരിഭാഗവും കടൽവഴിക്കാണു് നടക്കുന്നതെന്നും രാജ്യരക്ഷാകാര്യത്തിൽ മാത്രമല്ല വാണിജ്യമാർഗ്ഗങ്ങളെ സംരക്ഷിക്കുന്നതിലും കച്ചവടക്കപ്പലുകൾക്കു് നാവികരെ നൽകുന്നതിലും ഈ സ്ഥാപനങ്ങൾ സുപ്രധാനമായ ഒരു പങ്കുവഹിക്കുമെന്നും രാജ്യരക്ഷാമന്ത്രി ചൂണ്ടിക്കാണിക്കയുണ്ടായി. "സ്വതന്ത്രഭാരതം പുരോഗമിക്കുന്നതോടെ പുതിയ വ്യവസായങ്ങൾ ഉണ്ടാകുന്നു, വ്യാപാരം വികസിക്കുന്നു. അതിലെല്ലാം നാവികസേനയുടെ പങ്കു വർദ്ധിച്ചുവരുന്നു" എന്നു സർദാർ ബലദേവസിംഗ് പറഞ്ഞു. കാലക്രമത്തിൽ ഇന്ത്യയിലെ പട്ടാളത്തിനൊപ്പം നാവികസേനയും സുശക്തമായിത്തീരുമെന്നു തീർച്ചയാണു്. എന്നാലക്കാര്യത്തിലുള്ള ഒരു ബുദ്ധിമുട്ടു വൻവ്യവസായങ്ങൾ ഇവിടെ ഇപ്പോഴും വേണ്ടത്ര ഇല്ലെന്നുള്ളതാണു്. അതുവേണ്ടവണ്ണം വികസിച്ചഭിവൃദ്ധിപ്പെടുന്നതോടെ രാജ്യരക്ഷയുടെ രണ്ടാംനിലയായ നാവികസേനയും കടൽവാണിജ്യവും വികസിക്കുമെന്നു സർദാർ ബലദേവസിംഗ് പറഞ്ഞു. കൊച്ചിയെ ഒരു നാവികപരിശീലനകേന്ദ്രമായിമാത്രമല്ല, ഒരു നാവികത്താവളമായി വികസിപ്പിക്കുന്നതാണെന്നും അതുകൊച്ചിയുടെ പ്രാധാന്യത്തെ ശതഗുണംവർദ്ധിപ്പിക്കുമെന്നും രാജ്യരക്ഷാമന്ത്രി ഒരു ചോദ്യത്തിനുത്തരമായിപ്പറയുകയുണ്ടായി. പ്രകൃത്യാതന്നെ ഒരു നാവികത്താവളത്തിനു വേണ്ടത്ര സൌകര്യങ്ങൾ കൊച്ചിയിലുണ്ടു്.

കൊച്ചിയിൽ കപ്പൽനിർമ്മാണം ആരംഭിക്കുന്ന കാര്യം ഒന്നും തീരുമാനിക്കാറായിട്ടില്ലെന്നു ബലദേവസിങ്ങ് പറഞ്ഞു. നാവികകേന്ദ്രങ്ങൾക്കായി സ്ഥലമെടുക്കുമ്പോൾ പൊതുജനങ്ങൾക്കു ഉപദ്രവം ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കുമെന്നും വില്ലിംഗ്ടൺ വിമാനത്താവളം നാവികസേനയുടെ നിയന്ത്രണത്തിൽ കൊണ്ടുവരുവാൻ ഇപ്പോൾ ഉദ്ദേശമില്ലെന്നും കൊണ്ടുവന്നാൽതന്നെയും സിവിൽ ഗതാഗതത്തിനു പ്രതിബന്ധമുണ്ടാവുകയില്ലെന്നും രാജ്യരക്ഷാമന്ത്രി പറഞ്ഞു. ടെറിട്ടോറിയൽ സൈന്യം ഇൻഡ്യയ്ക്കാവശ്യമാണെന്നു രാജ്യരക്ഷാമന്ത്രി വ്യക്തമാക്കി. അതേസംബന്ധിച്ച ഒരു നിയമംതന്നെ പാസ്സാക്കിയിട്ടുണ്ടു്. തല്ക്കാലം ടെക്നിക്കൽ യൂണിറ്റുകളെയേ സംഘടിപ്പിക്കുന്നുള്ളു എന്നും വ്യക്തമാക്കപ്പെട്ടു.

—:—

ചിത്രം മുകളിൽ—നാവികസങ്കേതത്തിൽ കൊച്ചി മഹാരാജാവ് എത്തിയ അവസരത്തിൽ നൽകപ്പെട്ട സൈനികാഭിവാദ്യം മഹാരാജാവു സ്വീകരിക്കുന്നു. നാവികപരിശീലനവിദ്യാലയത്തിന്റെ ശിലാസ്ഥാപനം പ്രമാണിച്ചു് ബലദേവസിംഗു നടത്തിയ പ്രസംഗം. ബലദേവസിംഗിനു നേവി ഗാർഡ് അഫ് ആണർ നൽകുന്നു. പുറകിൽ അഡ്മിറൽ പാരി, കമഡോർ എല്ലിസൻ എന്നിവരെ കാണാം.

രണ്ടാമത്തെ വരി—ഡെൽഹി സോഷ്യൽവർക്ക്സ് സ്കൂൾ ഫെബ്രുവരി ൭-ന്ന് അതിന്റെ സ്ഥാപകന്റെ ദിനം ആഘോഷിച്ചു. അതുപ്രമാണിച്ചു നടന്ന വിനോദങ്ങളിൽ ഒരു മലയാളി വള്ളമത്സരവും നടന്നു.

താഴെ—തിരുവനന്തപുരത്തു് മണക്കാട്ടുള്ള ആനന്ദനിലയം ആശ്രമത്തിലെ അംഗങ്ങൾ. ആനന്ദനിലയം കെട്ടിടം.

## ആനന്ദനിലയം

—:—

തിരുവനന്തപുരത്തു് മണക്കാട്ടുള്ള ആനന്ദനിലയം ആശ്രമത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടു് ഇപ്പോൾ ൧൫ വർഷം കഴിഞ്ഞിരിക്കുന്നു. ൧൧൧൫ തുലാം ൧൫-ാംതീയതി ഉൽഘാടനംചെയ്യപ്പെട്ട ആനന്ദനിലയംകെട്ടിടവും സ്ഥലവും ജംഗമസാധനങ്ങളും ഒരു 'ട്രസ്റ്റായി' വ്യവസ്ഥചെയ്തിട്ടുണ്ടു്. ഒരു ബാലികാമഠം, അനാഥരക്ഷാമന്ദിരം, വിധവാസദനം എന്നിവ ഇതിന്റെ പ്രധാന പ്രവർത്തനശാഖകളാണു്. ധർമ്മപ്രചരണം, ഗുരുകുലവിദ്യാഭ്യാസം, അനാഥരെയും വിധവകളേയും സംരക്ഷിക്കുക, പിന്നോക്കസമുദായ വിദ്യാർത്ഥികൾക്കു താമസിച്ചു് പഠിക്കുന്നതിനു് സഹായം നൽകുക, പിന്നോക്കസമുദായോന്നമനം, കുടിൽവ്യവസായപോഷണം, ഗ്രാമോദ്ധാരണപ്രവർത്തനങ്ങൾ, ഹിന്ദിയും സംസ്കൃതവും പ്രചരിപ്പിക്കുക എന്നിവയാണു് ഈ സ്ഥാപനത്തിന്റെ മുഖ്യ ഉദ്ദേശങ്ങൾ. ഗാന്ധിജിയുടെ തത്വങ്ങളും ആദർശങ്ങളും പ്രചരിപ്പിക്കുകയും അതനുസരിച്ചു് ജീവിക്കുകയും ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഗാന്ധിധർമ്മസേവാസംഘം എന്നപേരിൽ ഒരു സംഘം സ്ഥാപിച്ചിട്ടുണ്ടു്. ഈ സംഘത്തിൽ ഇപ്പോൾ ൪൦ അംഗങ്ങളുണ്ടു്. ഹിന്ദിപാഠശാല, ഹിന്ദി മലയാള സാഹിത്യസമാജം, ഗാന്ധിയൻ സാഹിത്യഗ്രന്ഥശാല, ചർക്കാക്ലാസ്സ്, ഖദർനിർമ്മാണം എന്നിവ സംഘത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന പ്രധാനപ്രവർത്തനങ്ങളാണു്. ഒരു ഹിന്ദിപാഠശാല സ്ഥാപിച്ചിട്ടുള്ളതിൽ പ്രാഥമികം മുതൽ രാഷ്ട്രഭാഷാവിശാരദ്‌വരെയുള്ള ക്ലാസ്സുകളിലായി ഇപ്പോൾ ൫൦—ൽപരം വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തിവരുന്നു. ഈ സ്ഥാപനംമുഖേന ഇതുവരെ ൪൦—ൽപരംപേർക്ക് ഹിന്ദിഭാഷാപരിജ്ഞാനം സിദ്ധിച്ചിട്ടുണ്ടു്. സംഘം വകയായി ഒരു സൌജന്യ ചർക്കാക്ലാസ്സും തയ്യൽക്ലാസ്സും നടത്തിവരുന്നു. ഈ ക്ലാസ്സുമുഖേന ൭൦—ൽപരം സ്ത്രീപുരുഷന്മാർ നൂൽനൂൽപ്പും ൩൦—ൽപരം ബാലികമാർ തയ്യലും അഭ്യസിച്ചിട്ടുണ്ടു്. ആശ്രമത്തിലും സമീപഗൃഹങ്ങളിലുമായി ൩൦—ചർക്കകളിൽ നൂലെടുത്തുവരുന്നു. ഈ നൂൽശേഖരിച്ചു് സംഘംവകതറിയിൽ നെയ്തുണ്ടാക്കുന്ന ഖദർ അംഗങ്ങളുടെ ഇടയിൽ വിതരണംചെയ്തുവരുന്നു. സംഘാംഗങ്ങളുടെ ആവശ്യത്തിൽ കൂടുതൽ ഉണ്ടാകുന്ന ഖദർ മററുള്ളവർക്കു് വില്ക്കുകയും ചെയ്യുന്നുണ്ടു്. ആശ്രമത്തിൽ പുതുതായി സ്ഥാപിച്ചിട്ടുള്ള പ്രാർത്ഥനാമന്ദിരത്തിൽ ദിവസവും മൂന്നുപ്രാവശ്യം പ്രാർത്ഥന, ഭജന മുതലായവ നടക്കുന്നുണ്ടു്. ഞായറാഴ്ചതോറും രാവിലെ നടക്കുന്ന ഗീതാക്ലാസ്സിൽ ആശ്രമാംഗങ്ങൾക്കു പുറമേ സമീപവാസികളായ പലരും പങ്കെടുത്തുവരുന്നു. ഒരുപ്പിനിന്നു രണ്ടുമൈൽ കിഴക്കു കാച്ചാണി താമരക്കുളം റോഡരികിൽ ഇലിപ്പക്കുളങ്ങര എന്ന സ്ഥലത്തു ഒരാശ്രമം സ്ഥാപിച്ചു സേവനപരമായ പ്രവർത്തനങ്ങൾ നടത്തുന്നതിനു ൪ സെൻറ ഭൂമി ലഭിച്ചിട്ടുണ്ടു്. അവിടെ ഉടനടി ഒരാശ്രമം പണിയുന്നതിനു വേണ്ട പ്രാരംഭജോലികൾ നടന്നുവരുന്നു. തിരുവനന്തപുരം കാർപ്പൊറേഷനിൽനിന്നു പ്രതിമാസം ൧൦ രൂപയും വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽനിന്നു വാർഷികഗ്രാൻറും ലഭിക്കുന്നതിനു പുറമേ മാസവരി, നേർച്ചപ്പിരിവു് പൊതുജനങ്ങളിൽനിന്നു അപ്പോഴപ്പോഴായി കിട്ടുന്ന സംഭാവന എന്നിവയും ഈ സ്ഥാപനത്തിനുള്ള വരുമാനങ്ങളാണു്. ഇപ്പോൾ പണികഴിപ്പിച്ചിട്ടുള്ള കെട്ടിടത്തിന്നു് ഗവർമ്മെൻറിൽനിന്നു് അയ്യായിരം രൂപാ ബിൽഡിംഗ് ഗ്രാൻറ് നൽകിയിട്ടുണ്ടു്. ഈ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കാൻ പതിനായിരം രൂപയോളം ചിലവായിട്ടുമുണ്ടു്. ഈ സ്ഥാപനത്തിൽ ഇപ്പോൾ ൪൨ അംഗങ്ങളുണ്ടു്. എല്ലാം കുട്ടികളേയും സ്കൂളിൽ അയച്ചു അദ്ധ്യയനം ചെയ്യിച്ചുവരുന്നു. അവധി സമയങ്ങളിൽ ഹിന്ദി, നൂൽനൂൽപ്പു്, നെയ്ത്തു്, തയ്യൽ എന്നിവയും പഠിപ്പിക്കുന്നുണ്ടു്. എല്ലാ സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങളുടേയും മേൽനോട്ടവും നിയന്ത്രണവും ഒരു മാനേജിംഗ്കമ്മിററിയാണു് നിർവ്വഹിച്ചുവരുന്നതു്. ഈ സ്ഥാപനങ്ങളുടെ സ്ഥായിയായ നിലനില്പിനും സംരക്ഷണത്തിനും പൊതുജനങ്ങളുടെ പ്രോത്സാഹനവും സഹായവും അത്യന്താപേക്ഷിതമായിട്ടുണ്ടു്.





ബാലപംക്തി

# "വിട്ടാലുംവിടില്ലകമ്പിളിക്കെട്ട്"

അമ്പാടി ഇക്കാവമ്മ

കുഞ്ഞപ്പൻചെട്ടിയാർ കരുവേലി ചന്തയിൽനിന്നു പിരിവുകഴിഞ്ഞു മടങ്ങിയപ്പോഴേക്കും നേരം ൩ മണികഴിഞ്ഞു. കടവത്തെയ്ക്കു ൪ മൈലുണ്ട്. സന്ധ്യയ്ക്കുമുമ്പ് അക്കരെകടക്കണമെന്നോർത്ത് ചെട്ടിയാർ വേഗംനടന്നു. പിറേറന്നു മംഗലപ്പുഴചന്തയാണ്. അവിടെ അടയ്ക്കാക്കുറിക്കാർ കൊടുക്കാനുള്ള പണം പിരിക്കുവാനാണു ചെട്ടിയാരുടെ യാത്ര.

കുഞ്ഞപ്പന്റെ അച്ഛൻ വേലായുധൻചെട്ടിയാർ മരിച്ചിട്ട് ആറുമാസമായി. മോശംസ്ഥിതിയിൽനിന്ന് അടയ്ക്കാക്കച്ചവടംകൊണ്ട് ഒരു നല്ലനിലയിൽ എത്തിയ ആളാണ് വേലായുധൻചെട്ടിയാർ. വലിയ കമ്പോളത്തിൽനിന്നു മൊത്തമായി ചരക്കുവാങ്ങി രണ്ടുമൂന്നു ചന്തകളിലെ ചില്ലറക്കച്ചവടക്കാർക്കു നല്ലവിലയ്ക്കു കൊടുക്കും. ആഴ്ചതോറും ചന്തക്കുടുമ്പോൾ അതിന്റെ പണം കാശുള്ള പിരിക്കും. ഈ തരത്തിൽ ൧൦ കൊല്ലത്തെ കച്ചവടംകൊണ്ട് ചെട്ടിയാർ ഒരു ധനികനായി.

വേലായുധൻചെട്ടിയാരുടെ മരണശേഷം കച്ചവടം ഉഷാറായിനടത്താനാളില്ല. മൂത്തമകൻ ചപ്പനാണ് ഇപ്പോൾ കാര്യങ്ങൾ അന്വേഷിക്കുന്നത്. രണ്ടാമത്തവനാണ് കുഞ്ഞപ്പൻ. അയാൾ കുട്ടിക്കാലം മുതല്ക്കു ഒരു അമാന്തക്കാരനാണ്. കാര്യമായി ഒരു പഠിപ്പും ഉണ്ടായില്ല. കഷ്ടിച്ചു എഴുതാനും വായിക്കാനും അറിയാം. പഴയരീതിയിലുള്ള കണക്ക അച്ഛൻ കുറെ പഠിപ്പിച്ചുനോക്കി ഫലമുണ്ടായില്ല. കണക്കില്ലാതെ എന്തു കച്ചവടമാണ്? എങ്കിലും 'ആളു പാവമാണ്'. ഇപ്പോൾ പഴയ കുറിക്കാരുടെ പക്കൽ ബാക്കി പിരിക്കാൻ നടക്കലാണു കുഞ്ഞപ്പന്റെ പ്രധാന ജോലി.

കുഞ്ഞപ്പൻ കടവിലെത്തി. തലേന്നാൾ മലയിൽ മഴപെയ്തിട്ടുണ്ടെന്നു കേട്ടതു ശരിയാണെന്നു പുഴകണ്ടപ്പോൾ മനസ്സിലായി. ചപ്പും ചവറും മുള്ളും മരക്കൊമ്പുകളും കെട്ടിമറിഞ്ഞും പൊന്തിയും താണും അങ്ങിനെ ഒലിച്ചുവരുന്നുണ്ട്. നരയും പതയും കരയ്ക്കു കരവെച്ചിട്ടുള്ളതു കണ്ടാലറിയാം വെള്ളം വളരെ പൊങ്ങിയിരുന്നു എന്ന്. ഇപ്പോഴും തെല്ലൊന്നിറങ്ങീട്ടുണ്ട്. എന്താ വേണ്ടതു് എന്നായി കുഞ്ഞപ്പന്റെ വിചാരം. കടത്തുവഞ്ചി കാണാനില്ല. രാത്രി കഴിച്ചുകൂട്ടാൻ തരമുള്ള ദിക്കിൽനിന്നുപോന്നുകഴിഞ്ഞു. ഇനിഒന്നുകിൽ അക്കരെകടക്കണം, അല്ലെങ്കിൽ നാലുമൈൽ തിരിച്ചുപോണം. നാളെ അതികാലത്തു വീണ്ടും നടക്കണം. ആകപ്പാടെ വിഷമമായി.

കുഞ്ഞപ്പൻ സാമാന്യം തടിമിടുക്കുള്ള ചെറുപ്പക്കാരനാണ്. നീന്താനും അറിയാം. ഒന്നിറങ്ങിനോക്കിയാലെന്താണ്? പലപ്പോഴും ഇറങ്ങിക്കടന്നിട്ടുള്ള കടവല്ലേ ഇതു്?

അരമടിശ്ശീലയിലുള്ള പണമൊന്നു തപ്പിനോക്കി; മുണ്ടു മുറുക്കികെട്ടി; കുട പൊക്കിപ്പിടിച്ചു! ഇറങ്ങി അങ്ങോട്ട്.

ചില ദിക്കിൽ മുട്ടിനു വെള്ളം, ചില ദിക്കിൽ അരയ്ക്കു്, മാറു ചിലേടത്തു കഴുത്തിനു്, അങ്ങോട്ടുമിങ്ങോട്ടുതിലധികവും ഉണ്ടാവാം. ഇങ്ങിനെയാണു വെള്ളത്തിന്റെ നില. കുഞ്ഞപ്പൻ പിന്നോക്കംവെച്ചു കരയ്ക്കു കയറിനിന്നു. ഇറങ്ങണോ വേണ്ടയോ? അപ്പോൾ അച്ഛൻ പഠിപ്പിച്ച ഒരു വാക്യം ഓർമ്മവന്നു. "ആകെ വെള്ളം അര."

അടയ്ക്കായുടേയുംമറ്റും കണക്കുകൂട്ടുമ്പോൾ ചില ഭിന്നിതസംഖ്യകൾ വരും. പതിനായിരത്തിന്റെ ഭിന്നിതമാക്കി കണക്കുകൂട്ടാൻ എളുപ്പമുണ്ട്. അങ്ങിനെ ഒരു തമിഴ്കണക്കുവഴിയാണു വേലായുധൻചെട്ടിയാർ കുട്ടികളെ പഠിപ്പിച്ചതു്. 'വെള്ളം' എന്നുവെച്ചാൽ ൧൦൦൦ എന്നർത്ഥമാണ്. ആയിരത്തിന്റെ ഭിന്നിതങ്ങൾക്കും വെള്ളം എന്നുതന്നെ പറയും. അങ്ങിനെയുള്ള ഭിന്നിതങ്ങൾ കുറെ അധികം വന്നാൽ ആകെ വെള്ളം അര എന്നു കണക്കാക്കും. എന്നാൽ കുഞ്ഞപ്പന്റെ തലമണ്ടയിൽ അതൊന്നും കയറിട്ടില്ല. ആ വാക്യംമാത്രം ഓർമ്മയുണ്ട്. അതിനു അയാൾ ഇപ്പോൾ ഒരർത്ഥവും കണ്ടു. പല ദിക്കിൽ പല ആഴമാണെങ്കിലും പുഴയിലെ വെള്ളം ആകപ്പാടെ നോക്കിയാൽ അരയ്ക്കു ഉണ്ടാവുള്ളൂ. ശരി, ഒരു ധൈര്യം തോന്നി ഇറങ്ങുകതന്നെ. മാരിയമ്മനേയും അച്ഛനേയും വിചാരിച്ചു 'ഹരോഹര' എന്നുപറഞ്ഞു അങ്ങോട്ടിറങ്ങി. കരവിട്ട് പത്തിരുപതുവാര കഴിഞ്ഞപ്പോൾ, ചെട്ടിയാരുടെ തടി ആടിത്തുടങ്ങി. ആകെ വെള്ളം അരയാണെങ്കിലും, മലവെള്ളം മുലവരെയായി, അല്ല പിന്നെപ്പോൾ തലവരെ എന്നും വന്നു. പെട്ടെന്നു കണ്ടിൽചാടും, അപ്പോൾ ഒന്നു നീന്തി നോക്കും, കാൽ നിലത്തുനിന്നു പൊങ്ങിയാൽ പിന്നെ നില കിട്ടുന്നതുവരെ യാത്ര മുന്നോട്ടല്ല, വലത്തോട്ടാണ്. ഓളം ചിലപ്പോൾ പുറമേയ്ക്കും ചിലപ്പോൾ ചെള്ളയ്ക്കും തല്ലിത്തകരുന്നുണ്ട്. പതവന്നു ഖദർമാലയിടുകും, കണ്ടുകൂട്ടുമ്പോൾ അതു വായിൽ മലരടയ്ക്കും, പിന്നെ തലയിൽ മല്ലപ്പൂചൂടിക്കും. മരക്കൊമ്പും മുളിൻകെട്ടും വരുന്നതുകണ്ടൊഴിഞ്ഞില്ലെങ്കിൽ, അടിയും കുത്തും കൊണ്ടതു തീരും.

ചെട്ടിയാർ ഇങ്ങിനെ ഒരു അപകടത്തിൽ ഇതുവരെ അകപ്പെട്ടിട്ടില്ല. മാരിക്കു് ഓടെ, പഴനിക്കു കാവിടി, കാപ്പുസ്വാമിക്കു കലശം— ഇങ്ങിനെ വഴിപാടു പലതുംനേർന്നു ഇടയ്ക്കു് നീന്തിയും, ഇടയ്ക്കു നടന്നും, നിന്നും, ശ്വാസം പിടിച്ചും, നെഞ്ചുപിടിച്ചും, പല്ലുകടിച്ചും, വെള്ളംകുടിച്ചും ഒരുവിധം നടുകടന്നു. അപ്പോൾ അതാ ഒരു കരിമ്പടക്കെട്ടൊലിച്ചുവരുന്നു. നീണ്ടുവലിഞ്ഞു അതു് എത്തിപ്പിടിച്ചു. അപ്പന്റെ അനുഗ്രഹം എവിടെപ്പോവും! കിട്ടിയതു കല്യാണം. നീണ്ട കമ്പിളിക്കെട്ട് ഇടത്തെ കക്ഷത്തിൽ ഒതുക്കിപ്പിടിച്ചു. അതിന്റെ അഴിഞ്ഞ രണ്ടു തുമ്പുകൾ ചെട്ടിയാരെ കെട്ടിപ്പിടിച്ചു. ഒരു കൈകൊണ്ടു കെട്ടുതാങ്ങിക്കൊണ്ടും, മറ്റേകൈകൊണ്ട് ഒഴുക്കിനെ തടഞ്ഞും, ഏന്തി ഏന്തി മുമ്പോട്ടു നടന്നു. ഓളത്തിന്റെ ശക്തികൊണ്ടായിരിക്കാം കമ്പിളിക്കെട്ട് പിന്നെപ്പിന്നെ അമർച്ചമന്നുവരുന്നതു്. ക്രമേണ അതൊരു ശല്യമായിത്തീർന്നു. ഒഴുക്കിന്റെ ശക്തിയിൽ വട്ടംപിടിക്കാൻ ഒരു കയ്യ് മതിയാവുന്നില്ല. മറിഞ്ഞുവീണാൽ കഴിഞ്ഞുകഥ. 'ആറ്റിൽ വന്നതു ആറ്റിൽതന്നെ പോട്ടെ' കമ്പിളിക്കെട്ട് തള്ളിനീക്കാൻനോക്കി. അതു പോകുന്നില്ല. നിലകിട്ടിയടിക്കിൽ ഉറച്ചുനിന്നു രണ്ടു കൈകൊണ്ടും തള്ളി; കെട്ടു വിട്ടുമാറുന്നില്ല. ചെട്ടിയാർ ഭ്രമിച്ചു, പേടിച്ചു. നീരാളിഎന്നും നീർഭൂതമെന്നും മറ്റും കേട്ടിട്ടേ ഉള്ളു. "ഇതൊന്തൊരു കൂത്താണ്? വിട്ടിട്ടും വിടാത്ത കമ്പിളിക്കെട്ട്!" കരയ്ക്കെത്താൻ ഇനി അധികം ദൂരമില്ല. ഏതായാലും അവിടെ എത്തി വീഴട്ടെ. ക്ഷീണം, ഭയം, പരിഭ്രമം—എല്ലാംകൂടി വരുന്നു. തപ്പിത്തടഞ്ഞും ഇഴഞ്ഞുവലിഞ്ഞും, തണുത്തുവിറച്ചും കരപിടിച്ചു. കമ്പിളിക്കെട്ടു അപ്പോഴുമുണ്ട് എടത്തെ ഉക്കിൽ ഒട്ടിപ്പിടിച്ചു നിൽക്കുന്നു. കടവത്തുള്ള കള്ളുഷാപ്പിന്റെ നേരെയാണ് ചെന്നുകയറിയതു്. അഞ്ചാറടി നടന്നപ്പോഴേക്കു കാലു കഴഞ്ഞു, തലകറങ്ങി, 'അയ്യോ' എന്നൊരു നിലവിളിയോടുകൂടി ചെട്ടിയാർ വെട്ടിയിട്ട തടിപോലെ, താഴെവീണു. ഷാപ്പിൽനിന്നും ആളുകൾ ഓടിവന്നു.

'ഇരയാംക്കെന്തുപററി'

'എടാ നോക്ക് ഈ കമ്പിളിമട്ടയ്ക്കു് രണ്ടു കണ്ണു്'

'ഇതെന്തു്! കരടിയാ!

കൊണ്ടുവാടി, എടുക്കുകയറു്, 'അടി തലക്ക്', ആൾക്കു കൊള്ളരുതു! 'ഇവനും നനഞ്ഞു പിണ്ടിയായിട്ടുണ്ട്'—ഇങ്ങിനെ ആളുകൾ വലിയ ബഹളംകൂട്ടി. കരടിയെ അവർ കയറിട്ടു കെട്ടി. ചെട്ടിയാരുടെ പുറത്തു് നഖംനല്ലവണ്ണം താന്നിട്ടുണ്ട്. ചെട്ടിയാർക്ക ബോധംവരാൻ കുറേനേരം വേണ്ടിവന്നു. ബോധംവന്നപ്പോൾ "വിട്ടാലും വിടാത്ത കമ്പിളിക്കെട്ട്" എന്നു വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരുന്നു. അങ്ങിനെ "വിട്ടാലും വിടില്ലെ കമ്പിളിക്കെട്ട്" എന്നൊരു പഴഞ്ചൊല്ലുണ്ടായി.

കൊള്ളരുതാത്ത കൂട്ടുകെട്ടിൽപെട്ട് വിട്ടൊഴിയാൻ നിവൃത്തിയില്ലാതെ പാടുപെടുന്നവർക്ക് ഇതൊരു പാഠമായി.

# എങ്ങോട്ട്—കാശും മാംസവും!

—:ഠ:—

തൈക്കാട്ടു ചന്ദ്രശേഖരൻനായർ

ശോകാന്തശാന്തവും മൂളിവരുന്നവ-
നേകാന്തനാ നീ ധരയിൽ!
ചിത്തംപെരുകിക്കരയുന്നമട്ടുക-
ളൊത്തില്ലയെന്നാം വിവാദം;
ഉൾക്കളം വിങ്ങിയലറല്ലമെങ്കിലും
കേൾക്കരുതാരും വിഷാദം;
ഏതിലും മല്ലിടാനാർദ്രതയേറിട്ട
വേതാളമാവണംപോലും!
കൊള്ളാം, കരുപ്പിടിപ്പിക്കട്ടെമാനസ-
വെള്ളിയലുക്കു ശിലയാൽ!
പുച്ഛിച്ചുനോക്കുന്ന ലോകമേ! താവക
ദുർവ്വേഷ്ടിതങ്ങളീ മെയ്യിൽ
നീണ്ടതഴമ്പുകളേററിക്കറിന്നമായ്
തണ്ടാരൊളിയും തകർത്തു!
ഉദ്യോഗഭുക്ക്പ്രാഭവാട്ടഹാസങ്ങളും
ഏദൃശതവൈപരീത്യങ്ങളും
തൈക്കിയീ ജീവിതക്കൊണ്ടേപ്പിയ്ക്കുയാം
ചുക്കിച്ചുളിഞ്ഞ നിനവിൽ!
എന്നുമേ മർദ്ദനച്ചെങ്കോൽ ചുഴറ്റലാൽ
വെന്നിടാമാരെയുമേനാം
സ്വാർത്ഥപ്രമത്തരേ! മോഹം—ക്ഷണികമീ
മർത്ത്യന്റെ വിൺമാളികകൾ!
പക്ഷേ, ഞെളികയാണൊന്നുമറിയാത്ത
നിക്ഷേപമൂർത്തിമനുഷ്യർ!
സംസ്കാരവും പുരോഗമനവും മാംസദ
വിധ്വംശിയെന്നുപറഞ്ഞാൽ
ആധുനികതപുരേ! ചീററിപ്പുഴിയ്ക്കുായ്ക-
വ്യാധനംഭേദം ഭവാനിത്!
പൊന്നിന്റെയാഡംബരങ്ങളും, പട്ടിന്റെ
സന്നാഹമേടിയുമാണം,
ശൃംഗാരചേഷ്ടയെപ്പൊക്കുന്ന ലേപന
ഭംഗിതൻ മേനികളാണം,
വിദ്യാധനത്തിന്റെ ചേവുകം—ലൈംഗിക
മദ്യലഹരിയും വാണി!
അല്ലെങ്കിലെന്തിതു ജീവിതം, യൗവന-
സല്ലാപസംഗമമല്ലേ!
മിഥ്യാപ്രസംഗങ്ങളെന്തിനു, പിന്നെ, സം
രഥ്യംചമച്ചു സന്മാർഗ്ഗം,
അന്തരംഗാലീനതതൊട്ടതേയ്ക്കാതെ
യെന്തിനു മാനവനാട്യം!
തുള്ളും കളേബരകാന്തിയും കാശുമാ-
യുള്ളിപ്പിടിച്ചാൽ കലയാം!
നട്ടതെരുകട്ട, വെട്ടിയതുമൊരു
കുട്ടയന്നേന്തിയുപോലെ
നഗ്നനായ്വന്നവൻ നഗ്നനായ്പോകയാം-
ഭഗ്നം ഭവൽചിന്തമാത്രം!
എന്തോ മുറിപ്പെട്ടമൂഢനായ് നീ നെഞ്ചു
നൊന്തുതാനെന്നും കരയൂ!
കോരിക്കമിച്ചപണത്തിനും മാംസ
പാരവശ്യത്തിനും മീതെ
ലോകത്തിനാവശ്യമുണ്ടൊന്നു, തേങ്ങലിൽ
പാകപ്പെടാത്തതെങ്ങോട്ടോ?

—ഠ—

# ഇനിയത്തെ പുറന്നാൾ

(ഗീതകം)

പാണാവള്ളി രാമകൃഷ്ണപിള്ള

താനിമുന്തിരിച്ചാറുതുളുമ്പീടുമബ്ബാല്യ-
മിനിയെൻ കണ്ണീർവാരമൂപ്പിനാൽനിറയട്ടെ!

* * * * *

അച്ഛന്റെസമ്മാനമായ് പുന്നാൾദിനംതന്ന-
കച്ചയുണ്ടയച്ചുടുത്തായതിൻ മടിത്തുമ്പിൽ,
ഒരുചക്രവുംകെട്ടി,യെളിയിൽ തിരുകിക്കൊ-
ണ്ടരുളി നിറച്ചുതോമെന്നവേദ്യവിഭവങ്ങൾ,
തലയിൽതാങ്ങിട്ടുമ്പോൾ, കണ്ണനീർനനയ്ക്കാത്ത
നിലയിൽ വിടല്ലെന്നു, നേരുതകുളിച്ചാലും.
ഭീതിയോടുഞാൻ ചുമന്നീടുമാനൈവേദ്യത്ത-
പാതിയായ് പടച്ചോറുവായനത്തുകിടക്കുമ്പോൾ!
ചുടുകണ്ണീരാൽ നൃത്തംചെയ്യിക്കാൻ മരണനാ-
ളുടുമുണ്ടെന്നായ്കയാം പുന്നാളിനിമേലിൽ.




# ഇനാം! നിങ്ങളുടെ യോഗനില

പ്രേമം, ആരോഗ്യം, പരീക്ഷ, ജോലികാര്യം, സംരക്ഷണം, ഗ്രഹങ്ങൾ, കുട്ടികൾ, കച്ചേരികാര്യം, കലഹം, ബാധ ഉപദ്രവം എന്നീ വിഷയങ്ങളടങ്ങിയ നിങ്ങളുടെ 12-മാസത്തെ ജാതകഫലം വെറും സൌജന്യമായി പറയും. കൂടാതെ ദൃശ്യഫലങ്ങളെ അകററുന്ന ഭാഗ്യമോതിരവും കുറഞ്ഞ റേററിൽ അയയ്ക്കും. ഏതെങ്കിലും ഒരു പുഷ്പത്തിന്റെ പേരും എഴുതുന്ന സമയവും അറിയിക്കുക. (എഴുത്ത് ഇംഗ്ലീഷിൽ)

Prof: Anand Royal Astrologer, P. B. 61,
(MRQ)
AMRITSAR.


# വിസ്മയം

(ടാഗോർ)

എൻ. ഭാർഗ്ഗവി

യാമിനിമറഞ്ഞപ്പോൾ വിശപമണ്ഡ
ലമൊരു
കോമളസൂനംപോലെ വിന്നെയുംവിടിന്നപ്പോൾ
ഞാനിതാ വിനിദ്രനായെഴുന്നേല്ക്കുന്നു വീണ്ടു-
മാനന്ദപുളകങ്ങൾ പുൽകുന്നചേതസ്സിനെ.

ഊഴിമേലറിയാതെയനന്തകാലത്തിന്റെ-
യാഴത്തിലാണ്ടു കോടികോടിയായ്
വൻദ്വീപങ്ങൾ
അന്തിമമയൂഖങ്ങളൊന്നാകെയാളിപ്പുക-
ഞ്ഞന്ധകാരത്തിൽച്ചേർന്നു താരകസമൂഹങ്ങൾ.
മാർത്താണ്ഡമണ്ഡലായ്ത്തീർന്നു ചരിത്രക്ഷേത്രത്തിലെ-
യെണ്ണിയാലൊടുങ്ങാത്ത സംഭവനിക്ഷേപ
ങ്ങൾ.
മങ്ങിയപുരാണത്തിൻ പാതയിൽവെറുംചേറിൽ
പിന്നിലായ്മാഞ്ഞുമഹാസാമ്രാജ്യജേതാക്കന്മാർ
പാംസുവിൻ ശമിക്കാത്ത വിശപ്പിന്നിരയായി
ഭാസുരങ്ങളാം ദേശവിജയപ്രാസാദങ്ങൾ.
ജീവനശൂന്യങ്ങളാമിവതന്മദ്ധ്യേ നവ്യ-
പാവനപ്രകാശത്തെപ്പുണരുന്ന ശിരസ്സിൽഞാൻ.
സ്വർഗ്ഗനിർവൃതിനേടി നൃത്തമാടുന്നചിത്തം
ചിത്രമിതോർത്താലവും നിത്യവിസ്മയമാത്രം.

ഉത്തുംഗഹിമവാന്മൂദ്ധാംശിയുമൊന്നു
നില്ക്കുന്നതൊന്നും ഹന്ത! വേറൊരുദിനംകൂടെ.
ക്ഷുബ്ധസിന്ധുവിൽപ്പൊന്തുമുച്ചണ്ഡതരംഗങ്ങൾ
രുദ്രമൂർത്തിതൻ രോഷതപ്തമാം നടനങ്ങൾ.
തൽക്രൂരഹാസങ്ങൾക്കു താളമായ്മുഴങ്ങുന്ന
വിസ്തീർണ്ണതലമാണെൻ വിശ്രുതാവാസസ്ഥാനം.

ബുൽബുദസമങ്ങളായ് ഭൂപാലകിരീടങ്ങൾ
നിർമ്മിച്ചുമിന്നിച്ചുതാം വത്സരശതകങ്ങൾ
ഹസ്തമുദ്രകൾ ചാർത്തിവച്ചിരിക്കുന്നു പട്ട-
വൃദ്ധനാമീവൃക്ഷത്തിൻ ജീർണ്ണിച്ചതൊലിയിന്മേൽ
ലബ്ധമായ്നവാബ്ദമൊരാവസരംകൂടെ
തൽപൂരാതനച്ഛായാരംഗത്തിലിരിക്കാൻമേ.

സ്വർഗ്ഗനിർവൃതിനേടി നൃത്തമാടുന്നചിത്തം
ചിത്രമിതോർത്താലവും നിത്യവിസ്മയമാത്രം. —ഭ.

# പിരിഞ്ഞപ്പോൾ

—:ഠ:—

കൈപ്പള്ളിൽ കൃഷ്ണപിള്ള ബി. ഏ.

പോകപോകസഹചാരിജീവിത-
ശ്രീലമോഹനസ്വപ്നസ്മേരയായ്,
ചാരുദാമ്പത്യവൃന്ദാവനത്തിലെ
രാധികയായിരാഗം പകരുവാൻ!

വിട്ടകന്നുവിദൂരസ്ഥയാകിലും
പൊട്ടിടാത്തൊരുപൊൻകമ്പിയാണുനീ.
നിർവൃതിതൻനിറംപിടിപ്പിച്ചുനീ
നിർവ്വികാരമെൻസന്തപ്തജീവനിൽ!
രാഗപൂതംതവജീവിതാഷസ്സി-
ന്നാഗമത്തിലെപ്പൂങ്കോഴിയായിഞാൻ.

മന്നിലെന്തിലുംമീതെയായ്നിന്നെഞാ-
നെണ്ണിയെന്നെന്നുമെങ്കിലും, നിർമ്മല,
ഇന്നനാമഭേദമന്യരായ്ത്തീരുമെ-
ന്നന്നൊരുപാതുമോർത്തില്ലയെങ്കിലും,
ശോഭനേ, ഞാനറിവൂഭവതിതൻ
ഭാവിഭാവുകഭാസുരമാകുവാൻ,
പൊൻകിനാവുകൾ പൂവിട്ടവെള്ളക-
ളങ്കരിച്ചപുളകപ്രസന്നകൾ
ഹാ,നിരന്തരംനാമ്പെത്തഴുകിന
ഭൂതകാലസ്മൃതികളുമായിനാം
ഈവിധാതത്തിലെന്നയ്ക്കുമായിനി
സ്വീകരിക്കണം ഭിന്നമാർഗ്ഗങ്ങളെ!

ഓർത്തിരിക്കാതെ ജീവിതയാഗവൃന്ദ-
യാത്തിരമ്പിയെന്നാമെൻകിനാക്കളെ!
അപ്രതിഹതനൈരാശ്യഭീകര-
ക്കെട്ടിലാക്കിഞെരിച്ചുതകർക്കിലും,
നിസ്തുല,നിന്നനുരാഗവല്ലരി
നിഷ്കൃപമെന്നെവിട്ടുപോയെങ്കിലും,
ഉത്തരോത്തരഭാഗ്യാനുഭൂതിക-
ളുത്തമേ,നിനക്കായിനേരുന്നുഞാൻ!

നിന്മധുരപ്രതീക്ഷാകലികകൾ
നന്മലരുകളായ്വിരഞ്ഞങ്ങനെ,
മംഗളങ്ങളുമംഗമനുപദം
മഞ്ജുളേ, തവജീവിതപ്പാതയിൽ
തിങ്ങിയെന്നുമചഞ്ചലോൽക്കർഷയായ്
മിന്നിമിന്നിത്തിളങ്ങുക, താരകേ!

നിൻകവിളിന്നരുണിമതെല്ലുമി-
ന്നെൻനിനവാൽ നനയാതിരിക്കണേ?
സ്വീകരിക്കു സഹോദരി, സാദരം
മാമകീയമാംമംഗളാശംസകൾ!

—ഠ—

# ഈ ആഴ്ചയിലെ നക്ഷത്രഫലം

23-7-125 മുതൽ 29-7-125 വരെ
(6th March 1950 — 12th March 1950)

തകഴി കെ. രാമവാര്യർ

അശ്വതി—സഹോദരസഹായികളുടെ പെരുമാററങ്ങളിൽ ഇഷ്ടപ്പെടാതെ വരികയും പങ്കവ്യാപാരങ്ങൾക്കിടമാകയും ഭക്ഷണാദികൾ അധികമായിരിക്കയും കളത്രവിഷയമായ ക്ലേശവും ധനകാര്യത്തിൽ അന്യാശ്രയവും നേരിടുകയും ഫലം.

ഭരണി—അലങ്കാരസാധനങ്ങളിലും വാസനദ്രവ്യങ്ങളിലും താല്പര്യം ജനിക്കയും കുടുംബപരമായ ക്ലേശപരിഹാരത്തിന് കഠിനപ്രയത്നങ്ങൾ ചെയ്യുകയും ശത്രുഭീതിയും മനോഭീതിയും ഉണ്ടാകയും തൊഴിലുകളിൽ സമാധാനതയും ഫലം.

കാർത്തിക—അജ്ഞാതകർമ്മങ്ങൾക്ക് നിപുണതയും മനഃസംതൃപ്തിക്കിടയാകയും സാമുദായികകാര്യങ്ങൾക്കു മുൻനിരത്തി കലഹിക്കയും മിത്രങ്ങളുടെ വേർപാടും ഫലം.

രോഹിണി—ധാർമ്മികങ്ങളായ കാര്യങ്ങളിൽ വേണ്ടവിധം പങ്കെടുക്കയും സംഭാഷണങ്ങളിൽ വ്യായാമികളും സന്താനക്ഷേമകരമായ എഴുത്തുകൾ നടത്തുകയും മംഗളകാര്യങ്ങളെപ്പററി ആലോചിച്ചുകൊണ്ടും സ്ഥാനചലനത്തിൽ സംഭ്രമവും ഫലം.

മകയിരം—ധനധാന്യാദികളിൽ വിഷമത വർദ്ധിക്കയും ചിത്തശല്യങ്ങൾ കൂടുകയും ചെയ്യുമെന്നിരുന്നാലും സുഹൃത്തുക്കളിൽനിന്നും സമാധാനം ലഭിക്കയും പ്രവൃത്തികളിൽ വിജയത്തിനിടയാകയും സൽകാര്യങ്ങളിൽ ഏർപ്പെടുകയും ഫലം.

തിരുവാതിര—ഭരണീയജനങ്ങളുടെ ഭരണകാര്യത്തിനുവേണ്ടയുള്ള അദ്ധ്വാനങ്ങൾക്കിടവരികയും ഈശ്വരഭക്തിയും വന്ദ്യജനങ്ങളിലും ആദരവുജനിക്കയും രാഷ്ട്രീയമത്സരങ്ങളെ അടിച്ചമർത്തുന്നതിന് സംഘടിച്ചു ശ്രമിക്കയും നിത്യനൈമിത്തികസുഖങ്ങളെപ്പോലും തൃണവൽഗണിച്ചു സഞ്ചരിക്കയും ഫലം.

പുണർതം—കാര്യങ്ങൾക്ക് മുടക്കങ്ങൾ വരികയും ഉഷ്ണാധിക്യത്താൽ ത്രിദോഷങ്ങൾ കോപിക്കയും ആലോചനായോഗങ്ങളിൽ സമാധാനംപറയുന്നതിന് വിഷമിക്കയും ബന്ധുക്കൾക്ക് ന്യായരഹിതമായ ഉൽകർഷാദികൾ സിദ്ധിക്കയും മനസ്സിന് സദാ ഭീതിയും ഫലം.

പൂയം:—സമുദായകാര്യങ്ങളിൽ സഹകരിക്കയും ന്യായവാദങ്ങളിൽ ഏർപ്പെടുകയും അഭീഷ്ടകാര്യം സിദ്ധിക്കയും നേത്രത്തിനും ഉദരത്തിനും അല്പം രോഗാദിപീഡകൾ വരികയും ബുദ്ധിക്കും വാക്കിനും നിപുണത കൂടിവരികയും ധനപരമായിട്ടു തൊഴിൽപരമായിട്ടും പരാജയം ഉണ്ടാകയുമില്ല.

ആയില്യം—ആലോചനാശൂന്യവും വിവേകരഹിതവുമായ പ്രവൃത്തികളിൽ പ്രവേശിക്കയും ഭരണാധിപന്മാരുമായി കഠിനവിമർശനങ്ങളിൽ ഏർപ്പെടുകയും ജ്ഞാനസംപാദനങ്ങൾക്കു മുതിരുകയും പനി ജ്വരം മുതലായ ചില്ലറ അസുഖങ്ങൾ വരുകയും ധനനഷ്ടങ്ങൾ ഉണ്ടാകയും ഫലം.

മകം—വിഷാഗ്നികളിൽനിന്ന് ഭീതിയും ബന്ധുക്കൾക്കും ധനത്തിനും ഉടവുതട്ടുകയും മരണഹേതുകമായ ചില അവസ്ഥകൾ സമാഗതമാകയും സല്ക്കാരകാര്യങ്ങൾക്ക് ചിലവുകൂടുകയും സന്താനപീഡകൾ അലട്ടുകയും പെട്ടെന്നുള്ള വേർപാടുകളും ഫലം.

പൂരം—യുക്തിപരമായ വാദപ്രതിവാദങ്ങൾ നടത്തുകയും പൊതുജനക്ഷേമത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതിന് ആഗ്രഹിക്കയും എതിർപ്പുകൾ വർദ്ധിക്കയും പ്രയാസങ്ങളെ തരണംചെയ്യുന്നതിൽ പ്രിയഭാഷണങ്ങൾ പ്രയോഗിക്കയും കാര്യാദികളിൽ ജയവും സുഖസാധനങ്ങൾ പലതുണ്ടായിരുന്നാലും മനസ്സുഖം കുറയുകയും ചിത്തശല്യം വളരുകയും ഫലം.

ഉത്രം—പലപ്രകാരത്തിലുള്ള ദുഃഖങ്ങളും ധനനാശവും സ്ഥാനചലനവും ഉണ്ടാകും. ക്ഷുൽപീഡ, മനസ്താപം മുതലായവയും കുറവു വരികയില്ല, ഭംഗിയായവിധത്തിൽ കാര്യാദികൾ നടത്താതിരിപ്പാൻ ഇടതുപക്ഷക്കാർ ശ്രമിക്കും. ദന്തപീഡകൾവരും ക്രിമിനൽപരമായ കാര്യങ്ങളിൽ ചാടാതെ സൂക്ഷിക്കണം.

അത്തം—മതാവിചാരത്താൽ മനഃപ്രസാദവും സന്താനങ്ങളാൽ സുഖവും മത്സരബുദ്ധിയും കക്ഷിപിടിത്തങ്ങളും ഉണ്ടാകും അനപേക്ഷണീയങ്ങളായ ആവശ്യങ്ങൾക്കു മിതമായ വരുമാനങ്ങൾ ലഭിക്കും അന്യചുമതലകൾക്കു ഇടംകൊടുക്കാതിരിക്കണം പുതിയ ആസൂത്രണങ്ങളെപ്പററി ചിന്തിക്കും.

ചിത്തിര—രാഷ്ട്രീയപ്രബുദ്ധതയും ജനകീയ ഹിതാനുവർത്തിത്വവും സമ്മേളനാസക്തിയും നയതന്ത്രപാടവവും വളരുകയും വർഗ്ഗീയവിദ്വേഷവിരുദ്ധപ്രകടനാദികൾ നടത്തുകയും ധാന്യാദികാര്യങ്ങളിൽ കർശനമായി സൂക്ഷിക്കുകയും വഞ്ചകരിൽനിന്നും ദോഷങ്ങൾവരാതെ കരുതുകയും ഫലം.

ചോതി—പ്രതാപത്തിനുവേണ്ടി പ്രവർത്തിക്കയും സുഹൃൽബന്ധുക്കളോടു യോഗവും പ്രവർത്തനങ്ങളിൽ ഗുണവും സ്നേഹിതന്മാരുടെ സഹായസഹകരണങ്ങളും അർഹമായ ഇളക്കത്തിനിടംവരികയുമില്ല.

വിശാഖം—യോഗങ്ങളിൽ മല്ലടിക്കുകയും വിദ്വേഷബുദ്ധി ജനിപ്പിക്കയും ചെയ്യുമെങ്കിലും പൊള്ളയായ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യും കളത്രപീഡ പണച്ചുരുക്കം ഇവയും ഫലം.

അനിഴം—നിദ്രാസുഖം കുറയുകയും അകാലത്തും അസ്ഥാനത്തുമുള്ള ഭോജനത്തിനിടവരികയും ധനപരമായും മാനസികമായും വിഷമതകൾ അധികരിക്കുകയും ഭ്രംശം നിമിത്തമുള്ള സംഭ്രമവും സമാജങ്ങളിൽ വെറുപ്പു പ്രകടിപ്പിക്കയും സ്വാഭിപ്രായപ്രാമാണ്യത്തിനായുള്ള വടംവലിയും മിത്രങ്ങൾ അമിത്രങ്ങളായി പരിണമിക്കയും ഫലം.

തൃക്കേട്ട—ഹൃദയപീഡ വരികയും സ്വസ്ഥാനത്തുനിന്നു ചലനവും കാര്യവും നേടുകയും ആജ്ഞയും സ്ഥാനമാനങ്ങൾക്കും ഹാനിയും അധികൃതരുമായി കലഹവും മാതൃവഴി വിഷമതകളും ഐക്യക്കുറവും മാറും ഫലമെങ്കിലും ധനവിഷയങ്ങൾ എല്ലാം ഒരുവിധം നടത്തിക്കൊണ്ടുമിരിക്കും.

മൂലം—മിത്രജനവിരോധം സോദര്യാദി അസുഖങ്ങൾ പെട്ടെന്ന് സംഭവിക്കാവുന്ന നീചസ്ഥിതി കൃത്രിമികമായ പരാക്രമത ഇവഫലം.

പൂരാടം—ഗോപനം ചെയ്യേണ്ട ചില ആശയങ്ങൾ അവിചാരിതമായി പൊട്ടി പുറപ്പെടുകയും വാഹനാദിയിൽനിന്നോ ഇതരവിധത്തിലോ നഷ്ടത്തിനും ക്ഷതത്തിനും ഇടവരികയും ചില പുതിയ പന്ഥാവുകളെക്കുറിച്ചുള്ള ആസൂത്രണങ്ങളിൽ ശ്രദ്ധചെലുത്തേണ്ടതായി വരികയും സന്താനദുഃഖത്തിനും ക്ലേശത്തിനും ഇടവരികയും ഫലം.

ഉത്രാടം—വിവാഹപരമായ ചിന്തകൾക്കു സമാധാനം നേടുകയും അതിഥിസൽക്കാരത്തിനും യാത്രകൾക്കുമായി അധിക വ്യയത്തിനിടവരികയും അസ്ഥാനനിലകളാൽ അപജയവും മധുരസംഭാഷണത്തിലും സ്തുതിയിലും ലയിക്കയും ഫലം.

തിരുവോണം—കളത്രത്തിനും സന്താനത്തിനും അരിഷ്ടതകൾ ആഭരണാദികളാൽ ശ്രദ്ധ പീഡ താഡനാദികളാൽവിഷമാവസ്ഥ ഇവകൾ മൂന്നുദിവസം കഴിഞ്ഞാൽ സമാധാനം ലഭിക്കുന്നതു പൊതുജനപ്രീതികരമായ പ്രവർത്തനത്തിൽ വിജയവും ഫലം.

അവിട്ടം—സ്ത്രീകൾനിമിത്തം ചിത്തശല്യവും പ്രേഷ്യന്മാരെക്കൊണ്ട് വ്യയവുംവരും, ആയാസവും വിഭവനഷ്ടവും സഞ്ചാരവും വന്നുചേരും, സ്ഥാനഭ്രംശത്താൽ സുഖവും കാര്യവ്യവഹാരങ്ങളും വിദ്യാഭ്യാസവിഷയത്തിൽ ശ്രദ്ധയും പിത്തം കോപിക്കയും ഫലം.

ചതയം—വിക്രമപരാക്രമങ്ങളിൽ സ്വയം കൃതാർത്ഥനാകയും നയതന്ത്രങ്ങളിൽ വിരുതും ഉപകാരസ്മരണ കുറയുകയും മനസ്സാക്ഷിക്കു വിപരീതമായി പ്രവർത്തിക്കുകയും മിത്രഭാവത്തിൽ വർത്തിക്കുന്നവരുടെ ഗൂഢശ്രമങ്ങളും ചില കുററടികൾ പ്രയോഗിക്കയും ഫലമെങ്കിലും ധനപരമായി പറയത്തക്ക ദോഷങ്ങൾ ഒന്നും ഇല്ല.

പൂരുരുട്ടാതി—തന്റെ പ്രവർത്തികളും പ്രസംഗങ്ങളും പൊതുജനങ്ങൾക്കു അതൃപ്തിഹേതുകമാകയും സ്വയം സമർത്ഥവാനെന്നുനടിച്ചു ഞെളിയുകയും പ്രവൃത്തികളിൽ ആത്മാർത്ഥമില്ലായ്മയും ധനപരമായഗുണങ്ങളും അതിഥിസൽക്കാരങ്ങളും ഫലം.

ഉത്തൃട്ടാതി—പ്രവൃത്തികളിൽ ശ്രമത്തിനുതക്ക പ്രയോജനം കിട്ടുകയില്ല, കൂടെക്കൂടെ ചില്ലറ അസുഖങ്ങൾ വരും സന്താനങ്ങളുടെകാര്യത്തിൽ ജാഗരൂകമായിരിക്കും രാഷ്ട്രീയകാര്യങ്ങളിൽ താല്പര്യം പ്രകടിപ്പിക്കും.

രേവതി—ഉദ്ദേശിക്കുന്നതുപോലെ കാര്യങ്ങൾ ഈശ്വരാനുഗ്രഹത്താൽ നിറവേറും, വിനോദകാര്യങ്ങളിൽ ഉത്സാഹം വളരും, പുതിയ പന്ഥാവിൽ കൂടിയുള്ള പരിശ്രമംകൊണ്ട് ധനാഗമം കാണും, മാന്യതയും കീർത്തിയും ഉണ്ടാകും, കഫരോഗങ്ങൾ ഇളകും, സജ്ജനങ്ങളും വിദ്വാന്മാരും സഹപ്രവർത്തകന്മാരായിവരും, ചില വേർപാടുകളും വലയംചെയ്യും.

---

# വിനോദപംക്തി

## "കുട്ടികൾ"

### പി. എസ്. എ.

"അമ്മേ എനിക്കു രാവിലെ ഒരു വയറുവേദന" ആറുവയസ്സ് പ്രായമുള്ള ലീല പറഞ്ഞു.

"അതു് നിന്റെ വയററിൽ ഒന്നും ഇല്ലാഞ്ഞിട്ടാണു്. എന്തെങ്കിലും അകത്തു ഉണ്ടെങ്കിൽ വേദനയൊന്നും കാണുകയില്ല."

അന്നുവൈകിട്ടു് അവിടത്തെ മന്ത്രിമാരിൽ ഒരാൾ ആ വീടു് സന്ദർശിച്ചു. അവർ സംസാരിച്ചുകൊണ്ടിരുന്നതിനിടയിൽ മന്ത്രിക്കു് ഒരു ചെറിയ തലവേദന ഉണ്ടെന്നുപറഞ്ഞു.

"അതു് നിങ്ങളുടെ തലയിൽ ഒന്നും ഇല്ലാഞ്ഞിട്ടാണു്" ബുദ്ധിമതിയായ ലീലപറഞ്ഞു. "എന്തെങ്കിലും അകത്തു് ഉണ്ടെങ്കിൽ വേദനയൊന്നും കാണുകയില്ലായിരുന്നു."

* * *

വീട്ടിൽ ഓമനിച്ചുവളർത്തുന്ന മൃഗങ്ങളെ ഉമ്മവയ്ക്കുകയും മററും ചെയ്താൽ ആപത്തു് ഉണ്ടാകും എന്നതിനെപ്പററി സാർ പഠിപ്പിക്കുകയായിരുന്നു.

"രാജു, ഇങ്ങനെ ആപത്തു വന്നിട്ടുള്ള ഏതെങ്കിലും ഒരു സംഭവം നിനക്കു പറയാമോ"

രാജു—"പറയാം. എന്റെ അമ്മായി എപ്പോഴും പൂച്ചയെ ഉമ്മവയ്ക്കുമായിരുന്നു."

സാർ—"ശരി, എന്നിട്ടു് എന്തുണ്ടായി?"

രാജു—"പൂച്ച ചത്തുപോയി."

* * *

അമ്മ—"നീ ഇനിയും കേക്കുതിന്നാൽ നിന്റെ വയറുപൊട്ടും."

മകൻ—"ശരി. അതുതന്നെ നോക്കിക്കളയാം. കേക്കു് ഇങ്ങോട്ടു നീക്കണം."

* * *

കുഞ്ഞു്—"അച്ഛാ, ഇന്നാണോ നാളെ?"

അച്ഛൻ—"തീർച്ചയായും അല്ല."

കുഞ്ഞു്—"അച്ഛൻ പറഞ്ഞല്ലോ ആണെന്നു്."

അച്ഛൻ—"ഞാൻ അങ്ങനെ വിഡ്ഢിത്തം പറയുന്നതു് നീ എപ്പോൾ കേട്ടു?"

കുഞ്ഞു്—"ഇന്നലെ."

* * *

ആദ്യമായി സ്കൂളിൽപോയ കുട്ടിയോടു് അച്ഛൻ—മകനേ, നിനക്കു് സ്കൂൾ ഇഷ്ടമായോ?"

"ഇഷ്ടമായി അച്ഛാ. പക്ഷേ—കളിക്കാനും ഒന്നും സമ്മതിക്കാത്ത ഒരു തടിയൻ നടുക്കു കയറി ഇരിക്കുന്നു."

* * *

ടീച്ചർ—"നിങ്ങളിൽ ആർക്കെല്ലാം സ്വർഗ്ഗത്തിൽപോകാൻ ആഗ്രഹമുണ്ടു്. കൈ പൊക്കട്ടെ!"

രാജുഒഴികെ ബാക്കി എല്ലാപേരും കൈ പൊക്കി.

ടീച്ചർ—"എന്താ, രാജുവിനു് പോകണ്ടേ?"

രാജു—"അമ്മ പറഞ്ഞിട്ടുണ്ടു്, സ്കൂൾ വിട്ടാൽനേരെ വീട്ടിൽ തന്നെ പോകണമെന്നു്."

* * *

ടീച്ചർ (വീട്ടുപാഠം നോക്കിയിട്ടു്) "ഒരു ഒററക്കുട്ടിക്കു് ഇത്ര വളരെ തെററുകൾ വരുത്താമെന്നു് ഞാൻ ഇപ്പോഴാണു് അറിയുന്നതു്."

കുട്ടി—"ഒററക്കുട്ടിഅല്ല ടീച്ചർ, എന്റെ ചേട്ടനും, പിന്നെ അച്ഛനും കൂടെ ഉണ്ടായിരുന്നു."

* * *

ഒരു മാജിക്കുകാരൻ തൊപ്പിയിൽ നിന്നു് മുട്ട വരുത്തുന്ന വിദ്യകാണിക്കാൻ ഭാവിക്കുകയായിരുന്നു. മുമ്പിലിരുന്ന കുട്ടിയോടു് അയാൾ ചോദിച്ചു—"നിന്റെ അമ്മയ്ക്കു് കോഴിയില്ലാതെ മുട്ട കിട്ടുകയില്ല, അല്ലേ?"

കുട്ടി—"ഓ ഹോ, കിട്ടും"

മാ—"അതെങ്ങിനെ?

കുട്ടി—"അമ്മ താറാവിനെ വളർത്തുന്നുണ്ടു്."

* * *

---

# ചേർത്തല ഭവാനിയമ്മയുടെ കഥാപ്രസംഗം

—o—

സുപ്രസിദ്ധ കഥാപ്രസംഗികയായ ശ്രീമതി ചേർത്തല ഭവാനിയമ്മ കേരളീയർക്കു് സുപരിചിതയാണു്. ഇതുവരെയും തമിഴിൽ കഥാപ്രസംഗങ്ങൾ ചെയ്തു് ജനപ്രീതിയും പ്രശസ്തിയും ആർജ്ജിച്ച ഈ മഹതി ഇപ്പോൾ മലയാളത്തിൽ സ്വകീയമായ കലാപാടവം പ്രദർശിപ്പിച്ചുതുടങ്ങിയിരിക്കുന്നു. 'ഭീഷ്മർ ആണു' പ്രസംഗവിഷയം.

ആർഷഭൂമിയുടെ അഭിമാനഭാജനമായ വീരസന്താനമാണു് ഭീഷ്മർ. മഹാത്മാവായ ഭീഷ്മരുടെ പ്രതിജ്ഞാദാർഢ്യം, പിതൃസ്നേഹം, ത്യാഗശക്തി, ശസ്ത്രവിദ്യാവൈദഗ്ദ്ധ്യം ഇവ ഇന്നും ലോകത്തെ വിസ്മയിപ്പിക്കുന്നു. ആദർശോജ്ജ്വലമായ ഈ വീരചരിതത്തെ അഭിനവമായരീതിയിൽ സവിസമാർഷകമായി ആഖ്യാനംചെയ്യുന്നതിലാണു് ശ്രീമതി ഭവാനിയമ്മ വിജയം വരിച്ചിരിക്കുന്നതു്. കഥാസന്ദർഭങ്ങളേയും സ്ഥലകാലങ്ങളേയും വളരെ തന്മയത്വമായി ചിത്രീകരിച്ചുകാണിക്കുന്നതിനാൽ അവ ശ്രോതാക്കളുടെ ഹൃദയത്തിൽ മായാതെ പതിഞ്ഞു് അവർക്കു് ആലോചനാമൃതമായ ആത്മാനന്ദം നൽകുന്നു. കർണ്ണംകുളിർപ്പിക്കുന്ന ഗാനമാധുരിയും പുളകമണിയിക്കുന്ന വചഃപ്രസരവും ശുഷ്കഹൃദയരെ കലാരസികരാക്കുവാനും കലാരസികരെ ആനന്ദതുന്ദിലരാക്കുവാനും പര്യാപ്തമാണു്.

ആധുനികമായ ജീവിതാദർശങ്ങളെ സരസമായി പരാമർശിക്കുന്നു എന്നതാണു് പ്രസ്തുത കഥാപ്രസംഗത്തിന്റെ മറെറാരുവൈശിഷ്ട്യം. അതിനാൽ കേവലം ആനന്ദിക്കുകമാത്രമല്ല ഹൃദയസമ്പത്തിനെ വർദ്ധിപ്പിക്കുന്ന ഉൽകൃഷ്ടാശയങ്ങളെ സുലഭമായി ഗ്രഹിക്കുന്നതിനും ശ്രോതാക്കൾക്കു് സന്ദർഭം ലഭിക്കുന്നു.

മഹാകവി ഉള്ളൂരിന്റെ അംബ എന്ന നാടകം ഇപ്പോൾ ഇൻറർമീഡിയററ്ക്ലാസ്സിലെ പാഠപുസ്തകമാണല്ലോ. അംബയിലെ ഒരു പ്രധാനപാത്രമായ ഭീഷ്മരുടേയും നായികയായ അംബയുടേയും വ്യക്തിപ്രഭാവത്തെ സാരമായി വിശദമാക്കുന്ന ഈ കഥാപ്രസംഗം ഇക്കൊല്ലം പരീക്ഷയ്ക്കുപോകുന്ന വിദ്യാർത്ഥികൾക്കു് അത്യധികം പ്രയോജനകരമാണെന്നു് പ്രസ്താവിച്ചുകൊള്ളട്ടെ.

ശ്രീമതി ഭവാനിയമ്മയുടെ ഭീഷ്മർകഥാപ്രസംഗം ആദ്യന്തം രസപുഷ്കലമായ ഒരു കാവ്യം തന്നെയാണു്. കലാകുശലയായ ഈ മഹതി ഇനിയും മലയാളത്തിൽ പല കഥകളും പ്രയോഗിച്ചു് കേരളീയരെ സന്തോഷിപ്പിക്കുമെന്നു വിശ്വസിക്കാം. ഞങ്ങൾ സകലവിജയവും ആശംസിച്ചുകൊള്ളുന്നു.

കൈരളീസമാജം, വിമൻസ്കാളേജ്.
തിരുവനന്തപുരം.
26—2—50.

---

ടീച്ചർ—"ആൾത്തിരക്കുള്ള ഒരു ബസ്സിൽ നീ ഇരിക്കുമ്പോൾ ഒരു സ്ത്രീ കയറിവന്നാൽ നീ എന്തുചെയ്യും?"

കുട്ടി—"'സ്ഥലമില്ല, ഇറങ്ങിപ്പോകണം' എന്നു വിളിച്ചുപറയും."

* * *

ഒരുവീട്ടിലെ പുതിയ ശിശു വലിയ കരച്ചിൽകാരനായിരുന്നു. എപ്പോഴും വളരെ ഉച്ചത്തിൽ കരയും. ഒരു ദിവസം രാജു അമ്മയോടുചോദിച്ചു—"അമ്മേ, കൊച്ചനിയൻ സ്വർഗ്ഗത്തിൽനിന്നാണു വരുന്നതു്, അല്ലേ?"

അമ്മ—"അതെ മകനെ."

രാജു—സ്വല്പനേരം ആലോചിച്ചിട്ടു് "ഓ. ഇപ്പോൾ മനസ്സിലായി" എന്നുപറഞ്ഞു.

അമ്മ—"എന്താണു് മനസ്സിലായതു്?"

രാജു—"ദൈവം അവിടെനിന്നു് കുഞ്ഞിനെ ഇങ്ങോട്ടു് അയച്ചതു് വെറുതേഅല്ല."

—o—

---


## അഷ്ടാംഗഹൃദയം കല്പസ്ഥാനം

വ്യാഖ്യാതാ, ചേപ്പാട്ടു് അച്യുതവാര്യർ.

മൂലശ്ലോകക്രമത്തിനുള്ള അർത്ഥം, സാരം, പാഠഭേദം ഇവ അനുക്രമമായി ചേർത്തു അച്ചടിച്ചതു്.

വില രൂ: ൧ മാത്രം.

ശ്രീരാമവിലാസം പ്രസ്സ് & ബുക്കുഡിപ്പോ, കൊല്ലം.

## റബ്ബർമുദ്രകൾ

വിവിധ ഡിസൈനുകളിൽ ഉറപ്പും ഭംഗിയുമുള്ള റബ്ബർമുദ്രകൾ

മിതമായ നിരക്കിലും കൃത്യസമയത്തും ചെയ്തുകൊടുക്കുന്നതാണു്.

മാനേജർ, ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

ഏകാങ്കനാടകം

# സാഹിത്യകാരന്റെ സ്വപ്നം

മേക്കുന്നത്ത് കുഞ്ഞികൃഷ്ണൻനായർ

[ഒരു ചെറിയ കിടപ്പറ. വെള്ളവീശിത്തെളിഞ്ഞ ചുമരുകൾ. ഗീതോപദേശം ചെയ്യുന്ന ശ്രീകൃഷ്ണൻ, ശ്രീരാമൻ, ബുദ്ധഭഗവാൻ, ക്രിസ്തുദേവൻ എന്നിവരുടെ പടങ്ങൾ നാലുഭിത്തികളിലായി തൂങ്ങിക്കിടക്കുന്നു. മുറിയുടെ മധ്യത്തിൽ. മേശമേൽ എഴുത്തുകടലാസ്സും പുസ്തകങ്ങളുംമററും, മുൻഭാഗത്ത് ഒരു കസാലയും ബെഞ്ചും. പടിഞ്ഞാറുവശത്തുള്ള ഒരു കട്ടിലിൽ മുണ്ടും ബനിയനും ധരിച്ച ഒരാൾ നിദ്രാധീനനായിക്കിടക്കുന്നു. സാഹിത്യകാരനാണ്. ശാന്തിദ്യോതകമായ മുഖഭാവം.

മുറി മുക്കാൽഭാഗവും അന്ധകാരാവൃതമായിരിക്കുന്നു. മേശമേൽവെച്ച ഒരു ദീപനാളത്തിന്റെ മങ്ങിയ പ്രകാശം മാത്രമുണ്ട്. തുറന്നു കിടന്ന കവാടദ്വാരത്തിൽക്കൂടി ചില നിഴലുകൾ മുറിയിലേയ്ക്കു നീങ്ങുന്നതു കാണാം. 'ഈ മുറിയിൽ വെളിച്ചമില്ല. വിളക്കടിക്കൂ.' എന്ന ആജ്ഞാഗൌരവമുള്ള ഒരു സ്വരം. പെട്ടെന്നു വിദ്യുദ്ദീപത്തിന്റെ പ്രകാശം മുറിയിൽ പരക്കുന്നു. സാഹിത്യകാരൻ പരിഭ്രമിച്ചു പിടഞ്ഞെഴുന്നേല്ക്കുന്നു.

സ്ഥലം—സ്വപ്നലോകം; സമയം, അന്ത്യയാമത്തിനു മുമ്പ്.]

സാഹി—ഇരിക്കണം ആരാണ്? എന്നെക്കൊണ്ടു എന്താണാവശ്യം? നിങ്ങൾക്കുവേണ്ടി ഏതു സേവനമാണ് ഞാൻ നിർവ്വഹിക്കേണ്ടതു്?

ആദ്യത്തെ ആൾ—മഹാനുഭാവനായ താങ്കളെ പരിചയപ്പെടുവാനും ഞങ്ങളോടൊപ്പം ചേരുവാൻ ക്ഷണിക്കുവാനുമാണ് ഞങ്ങൾ വന്നിട്ടുള്ളതു്.

രണ്ടാമത്തെ ആൾ—താങ്കളുടെ സേവനസാഹായ്യങ്ങളെ ഞങ്ങൾ അത്യന്തം വിലമതിക്കുന്നു. മല മറിക്കുവാനും അല അടക്കുവാനും കൂടിയുള്ള ശക്തിവിശേഷം താങ്കളിലുണ്ടെന്നു ഞങ്ങൾക്കറിയാം. അങ്ങു ആരാധ്യപരിതനാണ്; അത്ഭുതകീർത്തിമാനാണ്; അക്ഷയ്യശക്തിമാനാണ്. അങ്ങയ്ക്കു ഞങ്ങൾ ഒരു നൂതന സ്വർഗ്ഗം വാഗ്ദാനം ചെയ്യുന്നു.

മൂന്നാമത്തെ ആൾ—ഈ സമരത്തിൽ ഞങ്ങൾ വിജയിക്കാതിരിക്കയില്ല. ഞങ്ങളുടെ കൊടി ഉച്ചത്തിൽ പാറിപ്പറക്കുകയാണ്. ആ കൊടിയുടെ കീഴിൽ ആളുകളെ അണിനിരത്താൻ ഞങ്ങൾക്കു അങ്ങയുടെ സേവനം ആവശ്യമുണ്ട്. അങ്ങയുടെ തൂലികയ്ക്കുള്ള ശക്തി ഞങ്ങൾക്കു നല്ലപോലെ അറിയാം.

[ഓരോ ആൾ സംസാരിക്കുമ്പോഴും മററുള്ളവർ അനുവാദസൂചകമായ നിലയിൽ തലയാട്ടുന്നു.]

സാഹി—നിങ്ങൾ ആരാണ്? എനിക്കൊന്നും മനസ്സിലാകുന്നില്ലല്ലോ!

ഒന്നാമത്തെ ആൾ—(ഗൌരവഭരിതമായ ഭാവത്തോടെ) എന്റെ പേർ 'അധികാരപദവി' എന്നാണ്.

രണ്ടാമത്തെ ആൾ—എന്നെ കണ്ടുപരിചയമുണ്ടാകും. പേർ 'അവസരവാദം.' നാം തമ്മിൽ ഇതിനുമുമ്പു കണ്ടിട്ടുണ്ട്. എവിടെവെച്ചാണെന്നോർമ്മയില്ല. അങ്ങയുടെ ക്ഷേമാഭിവൃദ്ധികളിൽ എത്രയും ശ്രദ്ധാലുവാണ് ഞാനെന്നു മാത്രം തല്ക്കാലം മനസ്സിലാക്കിയാൽ മതി.

മൂന്നാമത്തെ ആൾ—എന്നെ സ്വയം പരിചയപ്പെട്ടത്തേണ്ടി വന്നതിൽ ഞാൻ അത്ഭുതപ്പെടുന്നു. ഇക്കാലത്തു വിജയാഭിലാഷികളായ എവരും ഒന്നാമതായി എന്റെ സാഹായ്യമാണ് അർത്ഥിക്കാറുള്ളതു്. എന്നെക്കുറിച്ചു നിങ്ങൾ കേട്ടിരിക്കും. പേർ 'കക്ഷിമത്സര'മെന്നാണ്.

സാഹി—ആവൂ, ആവൂ. ഞാനെന്തുപറയേണ്ടൂ! എനിക്കാരെയും പരിചയമില്ല. ഈ മുറിയിൽനിന്നു ഞാൻ അധികമൊന്നും പുറത്തിറങ്ങി നടക്കാറില്ല. ഏകാന്തതയിൽ ഞാനും എന്റെ ചിന്തകളും പേനയും കടലാസ്സുമായി കഴിഞ്ഞുകൂടുന്നു.

അവ—അങ്ങിനെ ആകാതിരിക്കാൻവേണ്ടിയാണ് എളിയ ഒരഭ്യർത്ഥനയോടുകൂടി ഞങ്ങൾ ഇവിടെ എത്തിച്ചേർന്നിട്ടുള്ളതു്. അസാധാരണ ധിഷണാശാലിയായ അങ്ങു എന്തിനിങ്ങിനെ അന്ധകാരത്തിൽ ജീവിക്കണം? അങ്ങയെ വെളിച്ചത്തിലേയ്ക്കു ആനയിക്കാനാണ് (അധികാരപദവിയെ ചൂണ്ടി) ബഹുമാന്യനായ ഈ നേതാവു വന്നിരിക്കുന്നതു്.

കക്ഷി—വിജയസോപാനത്തിലേയ്ക്കുള്ള യാത്രയിൽ അങ്ങയെ ഒപ്പംകൊണ്ടു പോകാൻ വേണ്ടി ഞാൻ കാത്തുനില്ക്കുന്നു.

സാഹി—ഇവിടെ എനിക്കു അസുഖമേതും തോന്നിയില്ല. വേണ്ടത്ര വെളിച്ചം ഇവിടെയുണ്ടെന്നാണ് എന്റെ വിശ്വാസം. കൂടുതൽ വെളിച്ചമായാൽ കണ്ണിനു കേടുതട്ടുമോ എന്ന ഭയമുണ്ടുതാനും.

അവ—അതിൽ അല്പം വാസ്തവമില്ലായ്കയല്ല. എങ്കിലും കൂടുതൽ വെളിച്ചത്തിലേയ്ക്കു പോകുന്നതു കൂടുതൽ ആനന്ദത്തിലേയ്ക്കു്, കൂടുതൽ സുഖത്തിലേയ്ക്കു്, നീങ്ങുകയാണ്. അതിനാലാണ് ഞങ്ങൾ അങ്ങയെ ക്ഷണിക്കുന്നതു്.

കക്ഷി—അങ്ങുകൂടെ വന്നാൽമതി. ബാക്കി എല്ലാം കാര്യങ്ങളും തക്കസന്ദർഭങ്ങളിൽ ഞങ്ങൾ ഉപദേശിച്ചു നടത്തിക്കൊള്ളാം.

സാഹി—ഞാൻ എന്തു ചെയ്യണമെന്നാണ് നിങ്ങൾ ആവശ്യപ്പെടുന്നതു്?

കക്ഷി—മറെറാന്നും വേണ്ട. ഞങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാനും മുന്നോട്ടു കൊണ്ടുപോകാനുംവേണ്ടി ഉത്സാഹിക്കണം. അങ്ങയുടെ സാഹിത്യത്തിനു ഉജ്ജീവനം നൽകാനുള്ള എല്ലാം ഉപായങ്ങളും അവസരവാദം അപ്പഴപ്പോഴായി ഉപദേശിച്ചു തരുന്നതാണ്.

അവ—ആ കാര്യംമുഴുവൻ ഞാൻ ഏററിരിക്കുന്നു.

സാഹി—എന്താണിതുകൊണ്ടുള്ള പ്രയോജനം?

അധി—പ്രയോജനമോ? അങ്ങു 'ഞങ്ങളുടെ' സാഹിത്യകാരനാകും. എവിടെപ്പോയാലും ഞങ്ങളുടെ കൂട്ടുകാർ അങ്ങയെ സ്വാഗതം ചെയ്യാനായി ഒരുങ്ങിനില്ക്കും. ഏതും, വലിയ അധികാരം അങ്ങയ്ക്കു ലഭിക്കും.

അവ—ലോകം അങ്ങയുടെ പ്രശസ്തിയെപ്പററി കീർത്തിക്കും. ഞങ്ങൾക്കു വിജയം കിട്ടിയാൽ അങ്ങയുടെ പ്രതിമ പ്രധാനനഗരങ്ങളിലെല്ലാം സ്ഥാപിക്കപ്പെടും. ബാൻഡുവാദ്യവും മാലയും ജയ്‌വിളികളുമായി ചെല്ലുന്ന ദിക്കിലെല്ലാം ആളുകൾ അങ്ങയെ സ്വീകരിക്കാൻ കാത്തുനില്ക്കും.

അധി—താങ്കളുടെ കണ്ഠനാളം അഭിമാനത്താൽ എപ്പോഴും ഉയർന്നുനില്ക്കും, മംഗളപത്രങ്ങൾകൊണ്ടു അങ്ങയുടെ സേവനം കീർത്തിക്കുവാൻ ആളുകൾ വെമ്പിനില്ക്കും. അധികാരപ്രാബല്യത്തിന്റെ സർവ്വാനുഗ്രഹങ്ങളും അങ്ങയെ അകമ്പടി സേവിക്കും.

സാഹി—ആവൂ, ആവൂ! ഇതെല്ലാം കേട്ടു എനിക്കു വീർപ്പുമുട്ടിപ്പോകുന്നു. കണ്ഠനാളം എപ്പോഴും ഉയർന്നുനില്ക്കുക! എനിക്കതു ആലോചിക്കുവാൻകൂടി വയ്യ. എന്തൊരു പിരിമുറുകിയ വേദനയായിരിക്കും അതുകൊണ്ടുണ്ടാവുന്നതു്! എപ്പോഴും ആളുകൾ അകമ്പടി സേവിക്കുന്നതു ഒരു മാറാശ്ശല്യമല്ലേ? ഏകാന്തതകളിലെ സുഖം കണ്ടുപരിചയിച്ച എനിക്കു അതൊട്ടും ആകർഷകമായി തോന്നുന്നില്ല.

അധി—ജീവിക്കുമ്പോൾ, അധികാരത്തോടും അഭിമാനത്തോടുംകൂടി വേണം. മനുഷ്യനായി ജനിച്ചു്, മാനിനെപ്പോലെ ജീവിക്കുന്നതെന്തിന്? എപ്പോഴും ഭയപ്പെട്ടുകൊണ്ടിരിക്കുക, ജീവിതത്തിന്റെ സുഖമാധുര്യങ്ങളിൽനിന്നു ഓടിക്കളയുക—ഇതിലെന്തു മാനമാണുള്ളതു്?

അവ—നിങ്ങളെ എല്ലാവരും ഭയപ്പെടുന്നതിനുള്ള അവസരമുണ്ടാക്കുകയാണ് വേണ്ടതു്. ജീവിതം കയ്പുനിറഞ്ഞതല്ല. നിങ്ങൾ അങ്ങനെ ആക്കിത്തീർക്കുവാൻ ശ്രമിക്കരുതു്. അധികാരത്തിന്റെ തിളക്കമില്ലെങ്കിൽ നിങ്ങളുടെ ജീവിതം ശോഭിക്കുന്നതെങ്ങിനെ? ഈ മഹനീയ നേതാവു (അധികാരപദവിയെ ചൂണ്ടി) നിങ്ങൾക്ക് ആ തിളക്കം തനിയെ ഉണ്ടാക്കിക്കൊള്ളും.

കക്ഷി—അങ്ങ് ഒരു സാഹിത്യകാരനല്ലേ? എത്രമാത്രം ഊർജ്ജസ്വലനായിരിക്കേണ്ടവനാണ്? പിന്നെ ഈ നിലയിൽ ഇരിക്കുന്നതെങ്ങിനെ എന്നോർത്തു ഞാൻ അത്ഭുതപ്പെടുന്നു.

അവ—ഇതെല്ലാം കേൾക്കുന്നില്ലേ? ജീവച്ഛവമായിരിക്കുന്നതിൽ എന്താണൊരു മെച്ചം? താങ്കളുടെ ഗുണത്തിനുവേണ്ടി, അഭ്യുദയത്തിനുവേണ്ടി, പറയുകയാണവർ! താങ്കൾതന്നെ ഒന്നു നല്ലവണ്ണം ആലോചിച്ചുനോക്കൂ!

സാഹി—നിങ്ങൾ പറയുന്നതെല്ലാം ശരിയായിരിക്കാം. എങ്കിലും എന്നെ വിട്ടേക്കണമെന്നു ഞാൻ വിനീതമായി അപേക്ഷിക്കുന്നു. എനിക്കീ ഏകാന്തതയുടെ മാധുരിയും ഒതുങ്ങിയ ജീവിതരീതിയുമാണു ഇഷ്ടപ്പെടുന്നതു്. ഇത്രത്തോളം വന്നതിനു വന്ദനം.

അധി—കഷ്ടം! നിങ്ങൾ ഒരു കമ്മഭീരുവാണ്. ആത്മവാസനകളെ അമർത്തിവെക്കുന്ന ആളാണ്. സ്വാഭാവികതയുടെ ഒഴുക്കിനെതിരായി നീന്തുവാൻ ശ്രമിക്കുന്ന ഒരു ഭോഷനാണ്.

അവ—അങ്ങിനെ അധിക്ഷേപിക്കണമെന്നില്ല. വളരെ നാളായി പരിചയിച്ച ചിന്താഗതിയോടു് അദ്ദേഹം ഇഴകിപ്പിടിച്ചുപോയതായിരിക്കാം. ഇത്രയ്ക്കും ആകർഷകമായ ഒരു പദ്ധതി മുമ്പിൽ കണ്ടിട്ടും, ജീവിതത്തിൽ വഴിതിരിയുവാൻ കൂട്ടാക്കാതിരിക്കുന്നതിനു് മാത്രം അദ്ദേഹം മരത്തലയനാണോ?

കക്ഷി—ശരിയാണ്. കക്ഷിവാദങ്ങൾ മുൻനിർത്തുന്ന ഒരു സാഹിത്യകാരന്റെ യോഗ്യത അദ്ദേഹം വേണ്ടവിധം മനസ്സിലാക്കീട്ടില്ല. മനസ്സിലായെങ്കിൽ ഇപ്രകാരം പറയുകയില്ലെന്നു ഉറപ്പല്ലേ?

സാഹി—എന്തോ, ഇത്തോതിൽ തന്നെ അങ്ങു് കഴിച്ചുകൂട്ടിയാൽ മതിയെന്നു എന്റെ ഉള്ളിൽനിന്നു ഒരു സ്വരം ഉയരുന്നു. 'ഇങ്ങനെയല്ലെങ്കിൽ നിന്റെ സ്വാതന്ത്ര്യം നഷ്ടപ്പെട്ടുപോകും' എന്നുകൂടി അതു നിമന്ത്രിക്കുന്നുണ്ട്.

അധി—ഹ, ഹ. ഉള്ളിലെ സ്വരം! എന്താണതു്? പുറമെനിന്നു വരുന്ന സ്വരങ്ങൾ കേൾക്കാറുണ്ട്. ഉള്ളിലെ സ്വരം കേൾക്കുന്നതു ഒരു പുതുമതന്നെ. അങ്ങിനെയുമുണ്ടോ ഒന്നു്?

സാഹി—അതെനിക്കു കേൾക്കാൻ കഴിവുണ്ട്.

അവ—ഇയാൾക്കു ഞരമ്പുരോഗം ബാധിച്ചതുപോലെ തോന്നുന്നുവല്ലോ?

അധി—ഇത്തരത്തിലുള്ളവൎക്ക് പററിയ സങ്കേതങ്ങൾ കോൺസൺട്രേഷൻ ക്യാമ്പുകളാ. ആ ശിക്ഷണാലയങ്ങളിൽനിന്ന ഇക്കൂട്ടർ നേർവഴിക്കു വരുവാൻ ഇടയുള്ളൂ.

അവ—അല്ലാ സാർ, ഇങ്ങിനെയെല്ലാമായാലോ? ഭ്രാന്തന്മാരുടെ കൂട്ടത്തിൽ കൂടുവാനാണോ ഉത്സാഹം? കൊള്ളാം, കൊള്ളാം.

കക്ഷി—ഇയാൾ ഒരു പഴഞ്ചൻബൂർഷ്വാ സിദ്ധാന്തിയാണ്.

സാഹി—നിങ്ങൾ എന്തു പറഞ്ഞാലും കൊള്ളാം. എന്റെ ഭ്രാന്തു മാറാഞ്ഞാൽ മതി.

അധി—ഭേഷ്, നല്ല വിചാരം. ഹേ, മനുഷ്യാ! കേൾക്കൂ, ലോകം ഇത്തരം ഭ്രാന്തന്മാർക്കുള്ളതല്ല; അവരെ പോററിവളർത്തുവാനുള്ളതല്ല. ഭ്രാന്തന്മാരുടെ മാറത്തു തുരുതുരെ വെടിയുണ്ടകൾ ചെന്നുവീഴുകയാണാവശ്യം. ഞരമ്പുരോഗികൾ! ലോകത്തിന്റെ ഉൽക്കർഷം കെടുത്തുകളയുന്ന ദിവാസ്വപ്നക്കാർ!

സാഹി—നിങ്ങൾ ക്ഷോഭിക്കുന്നതെന്തിനു്? തന്നെത്താൻ നിയന്ത്രിക്കാൻ നോക്കണേ!



ബാൻഡുമേളത്തിനുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്ന ബർമിങ്ങാമിലെ ഒരു ഫാക്ടറിയിൽ പല വലിപ്പത്തിലും വിധത്തിലുമുള്ള ബാൻഡുകൾ പരിശോധിക്കുന്നു. മേയിൽ ലണ്ടനിലും ബർമിങ്ങാമിലും വച്ചു നടത്തപ്പെടുന്ന പ്രദർശനങ്ങളിൽ ഇവ പ്രദർശിപ്പിക്കപ്പെടുന്നതാണ്.

കക്ഷി—നിങ്ങളുടെ നടപടി കണ്ടാൽ ക്ഷോഭിക്കാതിരിക്കുമോ? ഞങ്ങൾ പൂവിരിച്ച ഒരു വഴി ചൂണ്ടിക്കാണിച്ചു തരുന്നു. നിങ്ങൾ അവിടെനിന്നോടി, മുള്ളുനിറഞ്ഞ, ഇരുട്ടുറഞ്ഞ, ഒരു കാട്ടുവഴിയിൽക്കൂടി ഓടുവാൻ വെമ്പുന്നു. നിങ്ങൾക്കു വിവേകമില്ലേ?

സാഹി—എന്നെ വെറുതെ വിട്ടേച്ചാൽ മതി.

കക്ഷി—വെറുതെവിടുകയോ? മഹനീയമായ ഒരവസരം നിങ്ങൾക്കു നില്പുവാനായിരുന്നു ഞങ്ങളുടെ ആഗ്രഹം. നിങ്ങളുടെ ധാർഷ്ട്യമാണ് അതിനെ തട്ടിനീക്കുന്നതു്. നിങ്ങൾ ഒരു സമുദായദ്രോഹിയാണ്.

അവ—ഇത്തരക്കാരാണ് വാസ്തവത്തിൽ നമ്മുടെ ശത്രുക്കൾ; മനുഷ്യസമുദായത്തിന്റെ മാറാട്ടുതിതങ്ങൾ.

അധി—ഇവരെ ബലംപ്രയോഗിച്ചുകാററിയാലേ രക്ഷയുള്ളൂ. (സാഹിത്യകാരനോടു) താങ്കൾ ഞങ്ങളുടെ കൂടെ വരുന്നില്ലെന്നു ഉറപ്പിച്ചു കഴിഞ്ഞുവോ?

സാഹി—എനിക്കുവയ്യ. എന്നെ വിട്ടേക്കൂ.

അധി—ജനദ്രോഹി! വഞ്ചകൻ!

കക്ഷി—ശുദ്ധബൂർഷ്വാസിദ്ധാന്തി!

അവ—മതി. ഇവിടെ നില്ക്കേണ്ട. നമുക്കു പോകുകയാണു നല്ലതു്.

അധി—നോക്കൂ, ഞങ്ങൾ ഇതിനു പകരം ചോദിക്കാതിരിക്കയില്ല. കരുതിയിരുന്നോളൂ.

കക്ഷി—ജനദ്രോഹി, മൂർദ്ദാബാദ്!, മൂർദ്ദാബാദ്,

അവ—നിങ്ങൾക്കു നല്ല ബുദ്ധിയുണ്ടാകുമോ? ഭോഷപ്രമാണി! (സാഹിത്യകാരനെ പുച്ഛരസത്തോടെ നോക്കുന്നു.)

[എല്ലാവരും ദ്വേഷ്യഭാവത്തോടെ പോകുന്നു. പോകുമ്പോൾ അവർ മുഷ്ടിചുരുട്ടി ഓങ്ങുന്നു. അവരുടെ പാദപ്രപാതശബ്ദം പരുഷമായിക്കേൾക്കാം. സാഹിത്യകാരൻ അമ്പരന്നു്, കണ്ണടച്ചു ചിന്തയിൽ ലയിച്ചിരിക്കുന്നു. മുറിയിൽ പണ്ടത്തെപ്പോലെ ഇരുട്ടു ബാധിക്കുന്നു. ഒരു നേരിയ ദീപ്തിനാളം മെല്ലെ മുറിയിലേക്കു ക്രമത്തിൽ നീങ്ങുന്നതായിക്കാണാം. ചങ്ങലയുള്ള ഒരു ചെറിയ നെയ്‌വിളക്കു കയ്യിലേന്തി, പ്രസന്നമധുരമായ മുഖഭാവത്തോടും ഒതുക്കമുള്ള കാൽവെയ്പോടുംകൂടി, ശുദ്ധധവളവസ്ത്രങ്ങൾ അണിഞ്ഞു, ഏതോ മോഹനദേവതയെപ്പോലെ ഒരു സ്ത്രീരൂപം പ്രവേശിക്കുന്നു.]

സാഹി—(അത്ഭുതാദരങ്ങളോടെ) ദേവി! ഭവതി ആരാണ്? അവിടത്തെ രൂപം പലപ്പോഴും എന്റെ ഭാവനയിൽ ഉദയംകണ്ടിട്ടുണ്ട്. (വീണ്ടും നോക്കി) ഇതേ രൂപം. അതെ, അതെ. ഇതേരൂപംതന്നെ. തേജസ്സ് വഴിയുന്ന ഇതേ മുഖം, ഇതേഭാവം. ഭവതി—

സ്ത്രീ—അതെ. ഞാൻ അങ്ങയുടെ ഹൃദയാന്തർഭാഗത്തിൽ ഇരുന്നിരുന്നവൾ തന്നെയാണ്. എന്റെ നേരിയശബ്ദം ഇടയ്ക്കിടെ അങ്ങു കേൾക്കാറുമുണ്ട്.

സാഹി—എന്റെ ഉള്ളിൽനിന്നു പുറപ്പെടുന്ന സ്വരം അപ്പോൾ ഭവതിയുടേതാണ്, അല്ലേ? അതിനെപ്പററി കുറെക്കൂട്ടർ ഇപ്പോൾ പരിഹസിച്ചുപോയതേയുള്ളൂ.

സ്ത്രീ—അനുഭവമുള്ളവർ അറിയുന്നു. ഇല്ലാത്തവർ അറിയുന്നില്ല.

സാഹി—ഭവതിയാണ്, അപ്പോൾ, എന്റെ ഹൃദയവ്യാപാരങ്ങളെ ഇതുവരെ നിയന്ത്രിച്ചുകൊണ്ടിരുന്നതു! ദേവി! അവിടുത്തെ അനുശാസനങ്ങൾ ഞാൻ അനുഗ്രഹപുഷ്പങ്ങളായി ശിരസ്സിൽ ചൂടുന്നു. ഭവതി ആരാണ്?

സ്ത്രീ—എന്നെ 'മനസ്സാക്ഷി'യെന്നു വിളിച്ചുവരുന്നു.

സാഹി—ഈ ഇരുട്ടിൽ ഞാൻ നിസ്സഹായനായിപ്പോകുമോ എന്നു പലപ്പോഴും ഭയപ്പെട്ടിരുന്നു. എന്നാൽ, ഉള്ളിൽനിന്നുള്ള ഭവതിയുടെ വിളി കേൾക്കുമ്പോഴെല്ലാം ഭയം പെട്ടെന്നു മാഞ്ഞുപോകും; എന്തെന്നില്ലാത്ത ഒരു ധൈര്യം അനുഭവപ്പെടുകയും ചെയ്യും. അവിടുത്തെ സാന്നിധ്യമാകട്ടെ, ഭയചിന്തയെപ്പോലും അകററിക്കളയുന്നു.

മന—മകനേ! ഭയപ്പെടേണ്ടതില്ല. ഏതു് കൂരിരുട്ടിലും, ഈ നെയ്‌വിളക്കിന്റെ പാവനപ്രകാശം വഴിതെളിയിക്കും. മററു വിളക്കുകൾ കെട്ടുപോകാം. എന്നാൽ ഇതു് കെടാവിളക്കാണ്. ഇതിന്റെ ദീപ്തി സ്ഥിരമാണ്. അതിനു ഇളക്കമില്ല; ഏററക്കുറവില്ല; ഭയംവേണ്ട; അസ്വാസ്ഥ്യവും വേണ്ട. ഈ വിളക്കിന്റെ പ്രകാശത്തിൽ എല്ലാം ഉൽക്കണ്ഠകളും അകന്നു മറയുന്നു. വരൂ, ഞാൻ വഴികാട്ടാം. നമുക്കു സാഹിത്യപഥത്തിൽക്കൂടി യാത്രതുടരാം.

സാഹി—ദേവി! എനിക്കു കൃതാർത്ഥതയായി.

[ദീപമേന്തി മനസ്സാക്ഷി മുമ്പിൽ നടക്കുന്നു. സാഹിത്യകാരൻ പാടിക്കൊണ്ടു പിന്തുടരുന്നു.]

യവനിക.

—:*:—

# ലോകസമാധാനത്തിന് അവസാനമായ പോംവഴി

ടി. സി. കൃഷ്ണമേനോൻ, കുമാരാലയം

ഏതാനും ദിവസങ്ങളായി പത്രങ്ങളിൽ 'യുദ്ധം' എന്ന ഭയങ്കരാശങ്ക സൂചിപ്പിച്ചു കാണുന്നുണ്ട്. പൂർവ്വയൂറോപ്യൻ കക്ഷിയും പശ്ചിമരാഷ്ട്രങ്ങളും തമ്മിലുള്ള തർക്കങ്ങൾ, ആയുധനിർമ്മാണം, സൈന്യസന്നാഹം, ചേരിചേരൽ എന്നുമാത്രമല്ല, ഭൂഖണ്ഡത്തിൽ പല ഭാഗങ്ങളിലും നടക്കുന്ന അന്തഃകലഹങ്ങളും തർക്കങ്ങളും ഈ വാർത്ത സ്ഥിരീകരിക്കുകയാണു ചെയ്യുന്നത്. ഏതാനും നൂറ്റാണ്ടുകളായി മനുഷ്യൻ സമാധാനമെന്ന ലക്ഷ്യം ലഭിക്കാൻ പല പോംവഴികളും നോക്കുന്നുണ്ട്. ഇന്നും ഈ ലക്ഷ്യം ലഭ്യമല്ലെന്നുമാത്രമല്ല, അസാദ്ധ്യംതന്നെയാണോ എന്നുകൂടി സംശയിക്കാൻ തുടങ്ങിയിരിക്കുന്നു. പക്ഷെ ലക്ഷ്യത്തിന്റെ അസാദ്ധ്യതയെക്കാളും സമാധാനം സുരക്ഷിതമാക്കാനുള്ള മാർഗ്ഗങ്ങളല്ലെ തെറ്റെന്നു പലരും ആലോചിക്കാതെയില്ല.

൧൯൧൯-ൽ അമേരിക്കൻ പ്രസിഡന്റ് വിൽസൺ തന്റെ കാലത്തുള്ള ആശയങ്ങളെ തെറ്റിദ്ധരിച്ചു. അന്നത്തെ സന്ധിയെ മനസ്സിലാക്കാതെ ൧൯-ാം നൂറ്റാണ്ടിലെ ഭാവനയായ സ്വാതന്ത്ര്യാധിപത്യവാദത്തെ (natonalism) പുനർജ്ജീവിപ്പിച്ചു. ഒന്നാം മഹായുദ്ധത്തിനുശേഷം അദ്ദേഹം പങ്കെടുത്തു സൃഷ്ടിച്ച സമാധാനവ്യവസ്ഥകൾ ഈ വാദത്തിനു ദിവ്യത്വംകൊടുത്തുവെന്നുമാത്രമല്ല, ഓരോ ജനാംശത്തിനും സ്വന്തമായ രാഷ്ട്രം സൃഷ്ടിക്കാൻ അവകാശവും, ഇവയ്ക്ക് ഓരോന്നിനും ഇഷ്ടംപോലെ ഭാവിനിർണ്ണയിക്കാനധികാരവും ഉണ്ടെന്നായിരുന്നു. ഈ ഖണ്ഡിതവ്യവസ്ഥകൾക്കിടയിൽ കിടന്നു ലോകം ഇരുപതിൽ ചില്വാനം വർഷക്കാലം ഞെരുങ്ങി.

ഇവയുടെ ഫലമെ? അത്യുന്നതങ്ങളായി നികുതികൾ, ചുങ്കങ്ങൾ, സംശയം, ദ്വേഷ്യം, കഷ്ടതകൾ, ഏകാധിപത്യം, ആയുധശേഖരണം, രണ്ടാംലോകമഹായുദ്ധവും!! ഇതാണ് അവർ സൃഷ്ടിച്ച സമാധാനം!!

എങ്കിലും ഈ ഭയങ്കരസംഭവങ്ങളുന്നും നാശകാരണമായ ഇത്തരം അന്ധവിശ്വാസത്തെ ഇളക്കിയില്ല, മാത്രമല്ല, പുതിയ മാർഗ്ഗങ്ങളെപ്പറ്റി ആലോചിക്കാതെ ഇന്നും ഇത്തരം പഴഞ്ചൻകഥകളെ പുനരാവർത്തിക്കയാണുണ്ടായിരിക്കുന്നത്. ഇന്നത്തെ ഐക്യരാഷ്ട്രഘടനാംഗങ്ങളുടെ പ്രസ്താവനകളും രേഖകളും ഈ സംശയത്തെ സ്ഥിരീകരിക്കുന്നു. ഐക്യരാഷ്ട്രഘടനയുടെ ആദർശങ്ങളെ സ്ഥിരീകരിക്കുന്ന രേഖകൾ അത്‌ലാന്തിക് ഉടമ്പടി ഐക്യരാഷ്ട്രഘടനയുടെ വിളംബരം മുതലായവയാണെല്ലോ.

അത്‌ലാന്തിക് ഉടമ്പടി പരസ്യമായയുടനെ സഖ്യസൈന്യങ്ങളെയെല്ലാം പ്രോത്സാഹിപ്പിച്ചു. ഇത്തവണത്തെ യുദ്ധം നിശ്ചയമായും സമാധാനം സുരക്ഷിതമാക്കുമെന്നും അവർ വിശ്വസിച്ചു. അന്നു അമേരിക്കൻ പ്രസിഡന്റ് റൂസ്‌വെൽട്ടും ബ്രിട്ടീഷ് പ്രധാനമന്ത്രി ചർച്ചിലും കൂടി സൃഷ്ടിച്ച ഈ പ്രസ്താവനയുടെ മൂലം ഇതാണ്. "എല്ലാ ജനാംശങ്ങൾക്കും അവരവർക്കിഷ്ടമുള്ള ഭരണക്രമം നിർണ്ണയിക്കാൻ അവകാശമുണ്ടെന്നും, അക്രമികരായി സ്വരാജ്യവും സ്വാതന്ത്ര്യവും നഷ്ടമായവർക്ക് ഇവ തിരികെ കിട്ടേണ്ടതാണെന്നും ഇവർ (പ്രസ്താവകർ) വിശ്വസിക്കുന്നു."

ഇതു പഴംകഥയായ സ്വഭാവിനിർണ്ണയതത്വം (self-determination) വീണ്ടും ആവർത്തിക്കുകമാത്രമാണ്. ഈ തത്വം മൂലമാക്കിതന്നെയാണ് പൊളിഞ്ഞുപോയ ഒന്നാം ഐക്യരാഷ്ട്രഘടന പടുത്തത്. ഇതേ തത്വം പുനരാവർത്തിച്ച ഈ ഉടമ്പടിയും സ്വരാഷ്ട്രപരമാധികാരത്തെ ആരാധിക്കുന്നു. ഏതൊരു ജനാംശത്തിനും അതിന്റെ അതിർത്തികളിൽ എന്തും പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യമുണ്ടെന്നാണെല്ലാം തത്വത്തിന്റെ സാരം.

ഈ ആദർശങ്ങൾ എത്ര ഉന്നതമായാലും ഈ ഉടമ്പടി ഒരു കാലവൈപരീത്യമാണെന്നതിന് സംശയമില്ല. ലോകത്തെ വീണ്ടും ചെറുരാഷ്ട്രങ്ങളായി വിഭജിക്കയാണ് ഈ ഉടമ്പടി ചെയ്യുന്നത്. ഇവയ്ക്കോരോന്നിനും പരമാധികാരവും ലഹളയ്ക്ക് സ്വാതന്ത്ര്യവും വിട്ടുകൊടുക്കയും ചെയ്യുന്നു, അതുമല്ല, രാജ്യവിഭാഗങ്ങളെ കവിഞ്ഞൊഴുകുന്ന ചില അടിസ്ഥാനമനുഷ്യാവകാശങ്ങളെ അവഗണിക്കയും ചെയ്യുന്നുണ്ട്. ഇത്തരമൊരു പരമാധികാരം യാതൊരു സ്വാതന്ത്ര്യവും വാസ്തവത്തിൽ നൽകുന്നില്ല. ഈ അധികാരംകൊടുത്തു, നിർണ്ണയിച്ചു ൧൯൧൯-ൽ സൃഷ്ടിച്ച ചെറുരാഷ്ട്രങ്ങളുടെ ചരിത്രമൊന്നുനോക്കാം. ൧൯൩൯-ൽ നാസിജർമ്മനി ഇവരെയെല്ലാം ആക്രമിച്ചടക്കുന്നതിനുമുമ്പുതന്നെ ഇവയ്ക്കോരോന്നിനും സ്വാതന്ത്ര്യരക്ഷയ്ക്കും പുരോഗതിയ്ക്കും ഏതെങ്കിലുമൊരു വൻശക്തിയുടെ സേവ വേണ്ടിവന്നു. ഈ ദുർന്നിമിത്തങ്ങളും ഫലങ്ങളും മുമ്പിൽ കാണാമായിരുന്നുവെങ്കിലും അത്‌ലാന്റിക്ക് ഉടമ്പടി ഇവർ സൃഷ്ടിച്ചു.

സ്വാതന്ത്ര്യവും സ്വാധീനതയും ഏതൊരു വ്യക്തിയുടേയും മൌലികാവകാശങ്ങളാണെന്നും ഇവയെ സുരക്ഷിതമാക്കാനാണ് മനുഷ്യന്റെ ശ്രമമെന്നും സമ്മതിക്കാം. ൧൯-ാം നൂറ്റാണ്ടിലെ തന്ത്രജ്ഞന്മാർ ഈ രക്ഷ കണ്ടതു രാഷ്ട്രസ്വാതന്ത്ര്യവാദത്തിലാണ്. (natonalism) ജനകീയഭരണമുള്ളതയും തങ്ങളുടെ ഭാവിയെയും "ഭരണത്തെയും പുറമേനിന്നു തടസ്ഥമില്ലാതെ നിശ്ചയിക്കാൻ അവകാശമുള്ളതായുമുള്ള ഒരു രാജ്യത്തിലാണ് ഇത്തരം രക്ഷ ലഭ്യമെന്നു അവർ വിശ്വസിച്ചു. അന്നത്തെ കാലത്തു രാജ്യങ്ങൾതമ്മിൽ പറയത്തക്ക ബന്ധമൊന്നുമുണ്ടായിരുന്നില്ല. പക്ഷെ ഇന്ന് ശാസ്ത്രപുരോഗമനത്താൽ ഭൂമിയുടെ വിസ്തീർണ്ണം ചുരുങ്ങിയിരിക്കുന്നു. അറുപതുമണിക്കൂർ സമയത്തിൽ ഭൂമിചുറ്റാമെന്നിരിക്കെ ഈ സ്ഥിതിക്ക് സ്ഥാനമില്ല. ഇന്നു എത്ര മഹത്തായ രാഷ്ട്രവും സ്വതന്ത്രയല്ല. പരസഹായമില്ലാതെ കഴിയാൻ സാദ്ധ്യവുമല്ല. വാണിജ്യവും വ്യവസായവും വർദ്ധിക്കാൻ കൂട്ടുകെട്ട് ആവശ്യമാണ്. ഇങ്ങനെയിരിക്കെ ൧൯-ാം നൂറ്റാണ്ടിലെ തത്വങ്ങളെ ഇക്കാലത്തു ആവർത്തിച്ചാൽ അനാധിപത്യത്തിന് കാരണമാകും. ഇത്തരം തത്വങ്ങൾ ഇന്നു രാഷ്ട്രീയതത്വമെന്ന ഉന്മാദത്തിന് വഴിവെയ്ക്കും.

ഈ പ്രശ്നം വേറൊരുഭാഗത്തുനിന്നു നോക്കു—സമുദായത്തിൽ ഒരു വ്യക്തിക്ക് തന്റെ അവകാശങ്ങളെ ഉപയോഗിക്കാൻ സാദ്ധ്യമാകുന്നതു്, ബാക്കിയുള്ള അംഗങ്ങൾ ഈ അവകാശത്തെ ബഹുമാനിക്കാൻ തയ്യാറായതുകൊണ്ടുമാണ്. അവകാശങ്ങളും ചുമതലകളും നാം തിട്ടപ്പെടുത്തിയിട്ടുണ്ട്. പക്ഷെ ഇത്ര സമ്മതമായ തത്വത്തെ ഇതരരാഷ്ട്രസമുദായത്തിൽ നാം വിട്ടുകൊടുക്കുകയില്ലെന്നോ?

ഇന്നത്തെ വിശ്വാസത്തിൽ ആക്രമണത്തെപ്പറ്റി ഒരു തെറ്റിദ്ധാരണ കാണാനുണ്ട്. എല്ലാ യുദ്ധത്തിനും നാശത്തിനും കാരണം ആക്രമണമാണെന്ന തത്വം അതുപോലെ തെറ്റായ ഒരുത്തരം കഥിക്കുന്നു. ആക്രമത്തെ തടഞ്ഞ് സമാധാനം പാലിക്കാൻ ഒരു 'പോലീസുഘടന'വേണമെന്നാണ് ഈ വിശ്വാസം. പക്ഷെ ലോകത്തെങ്ങും സ്വാഭാവികവും അഭംഗവുമായുള്ള പുരോഗതിക്കാവശ്യമുള്ളപോലെ മനുഷ്യസമുദ്രത്തിനു മാറ്റങ്ങളെ വരുത്താൻ അധികാരമുള്ള ഒരു ശക്തിയാണാവശ്യം. ഈ മരുന്നില്ലെങ്കിൽ ഫലം ഇടയ്ക്കിടെ പൊട്ടിപ്പുറപ്പെടുന്ന യുദ്ധങ്ങളത്രെ. അരാജകത്വം വാഴുന്ന ഏതൊരു രാഷ്ട്രത്തിലെയും സ്ഥിതി ഇതുതന്നെയല്ലേ? സ്വാതന്ത്ര്രാഷ്ട്രങ്ങൾതമ്മിൽ സമാധാനം നിലനിർത്തുന്നതിന് യഥാസ്ഥിതിത്വം പുലർത്തിയിട്ടു കാര്യമില്ല—ഇതുസാദ്ധ്യവുമല്ല. ഇതിനു ശ്രമിച്ചാൽതന്നെ യുദ്ധം തീർച്ചയാണ്. ഇതിനുംപുറമെ ക്രമിന്മേൽ കുരുവെന്നപോലെ യുദ്ധം അടിച്ചമർത്താൻ ഒരു രക്ഷാസ്ഥാപനവും സൃഷ്ടിച്ചാൽ ഫലം സമാധാനമല്ല. കഠിന കലഹങ്ങൾക്ക് ഇതു വഴികൊടുക്കയും ചെയ്യും. ഈ മരുന്നു സുഖക്കേടിനെ മൂലത്തോടുകൂടെ കളയില്ല, തല്ക്കാലശാന്തി കൊടുക്കയേ ചെയ്യുകയുള്ളു.

നമ്മുടെ നാട്ടിൽതന്നെ അടുത്തകാലംവരെ നാന്നൂറിൽ ചില്വാനം ചെറുരാജ്യങ്ങളുണ്ടായിരുന്നു. വളരെ പുരാതനമായവ പലതുമുണ്ടായിരുന്നുതാനും. പക്ഷെ സ്വാതന്ത്ര്യരായിരുന്ന ഇവർ തമ്മിൽതല്ലി, രാജ്യത്തെ നാനാവിധമാക്കി. അതിർത്തികൾക്കുള്ളിൽ പരമാധികാരികളായിരുന്ന ഇവർ വളർത്തിയ അനാഥത്വം വിദേശികളായ കച്ചവടക്കാർക്ക് സാമ്രാജ്യാധിപന്മാരായി മാറാൻ തരമാക്കി. എന്നാൽ സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇവയെ ഭൂപടത്തിൽനിന്നു നീക്കി, ഭാരതത്തെയൊട്ടാകെ ഒരു നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇത്തരമൊരു പരിവർത്തനത്തെ കുറ്റം പറയുന്നവരുമുണ്ട്. ഇവരുടെ കണ്ണിൽ ഇതു ന്യായമല്ല. പക്ഷെ ഇതു നാശഹേതുവെന്നു പറയാമോ? ഈ പരിവർത്തനം ലോകത്തിനു ഒരു ഉദാഹരണമാക്കാം. ഈ ലോകം മുഴുവനും ഒരു ഭരണത്തിൻകീഴിൽ വരുത്താവുന്നതല്ലായിരിക്കാം. പക്ഷെ ഏതെങ്കിലും ചില കാര്യങ്ങൾക്കെങ്കിലും ഒരു നിയമം അത്യാവശ്യമെന്നതു കാണാം. ലോകത്തെ സ്വേച്ഛാനുസാരമായി സ്വതന്ത്രസമുദായ ഖണ്ഡികകളാക്കി സ്ഥിരതയെന്ന നാമധേയത്തിൽ ഐകകണ്ഠ്യനയല്ലാതെ സ്വാഭാവികമാറ്റങ്ങളെ സമ്മതിക്കയില്ലെന്നുള്ളതു മർക്കടമുഷ്ടിയല്ലെ?

സമസ്തരക്ഷ എല്ലാവരുമടങ്ങിയ ഒരു കോയ്മയില്ലാതെ സാദ്ധ്യമല്ല. ഓരോ വ്യക്തിയുടെയും വ്യക്തിവർഗ്ഗങ്ങളുടെയും അനാഥത്വത്തിനു കാരണം അവരുടെ ബന്ധങ്ങളെ നയിക്കാൻ നിയമമില്ലാത്തതിനാലാണ്. ഇന്നു നിയമപാലനം ഒരു ശക്തിയല്ല, പല ശക്തികളും തമ്മിലുള്ള ഒത്തുതീർപ്പുകളാണ് നിശ്ചയിക്കുന്നത്. ഈ നയവും സമാധാനം പാലിക്കയില്ല.

ഇന്നത്തെ ഐക്യരാഷ്ട്രഘടനയിൽ ലോകസമാധാനം സ്ഥിതിചെയ്യുന്നതു അഞ്ചു വൻശക്തികളുടെ ഐക്യത്തിന്മേലാണ്. ഇന്നു ഇവർ രണ്ടു ചേരിയായി തിരിഞ്ഞുനിൽക്കയാണ്. പൊതുവായ ഒരു ശത്രുവിനെ തടയാൻ കൃത്രിമമായി സൃഷ്ടിച്ച ഐക്യം, സമാധാനം ലഭ്യമായതോടുകൂടി പൊളിഞ്ഞു. ഇത്തരമൊരു സഖ്യത്തിന്റെ ബലത്തിൽ സൃഷ്ടിച്ച ഒരു ഘടന എത്ര നിലയുറച്ചതാണെന്നു പറയേണ്ടതില്ലല്ലോ. ലോകസമാധാനം തകരുന്നതു എന്നും ഇത്തരം ശക്തികളുടെ പന്നിയാണെന്നു ലോകചരിത്രം കാണിക്കുന്നുണ്ട്. ഇവർക്ക് ഒരു പങ്കില്ലാതെ കലഹങ്ങൾ കണ്ടിട്ടില്ല. ഇതു വസ്തുവമാണെങ്കിൽ തങ്ങളുടെ ഹിതത്തിനെതിരായി ഒരു സമിതിയെയും പ്രവർത്തിക്കാൻ സമ്മതിക്കയില്ലെന്നും നമുക്കു കാണാനുണ്ട്. ഐക്യരാഷ്ട്രഘടനയുടെ അണുബോമ്പ് കമ്മീഷന്റെ പ്രവൃത്തി ബാലമരണമടയാൻ കാരണം ഇതല്ലേ? ഏതൊരു കുഴപ്പത്തിനും രക്ഷാസമിതിയിൽ ഐക്യത ലഭിക്കയില്ലെന്നു സാരം. ഐക്യതയില്ലെങ്കിൽ ചേരിതിരിഞ്ഞാൽ യുദ്ധം ജന്യമാകും. ഇതിന്റെ സാരമെന്താണ്? മനുഷ്യസമുദായത്തിന്റെ പരമാധികാരം സ്വതന്ത്രരാഷ്ട്രനിയമത്തിനേക്കാളും ഉന്നതമെന്നു നിശ്ചയിച്ചില്ലെങ്കിൽ ഒരുകാലത്തും സമാധാനം സാദ്ധ്യമല്ല.

വല്ല കുഴപ്പവും ഉണ്ടായാൽതന്നെ "ഐക്യരാഷ്ട്രഘടനയ്ക്കു ആവശ്യസമയത്തിൽ അതിവേഗമായും ഖണ്ഡിതമായും (വേണമെങ്കിൽ ശക്തിപ്രയോഗിച്ചും) പ്രവർത്തിക്കാൻ സാദ്ധ്യമായിരിക്കണം. ഈ കൃത്യം ഒരു പോലീസുകാരന്റേതുമായി ഞാൻ താരതമ്യപ്പെടുത്താം" എന്നാണു റൂസ്‌വെൽട്ട് ഒരിക്കൽ പ്രസ്താവിച്ചതു്. ഇതുതന്നെയാണ് തെറ്റിദ്ധാരണ. പോലീസുകാരനു അധികാരമെവിടുന്നുകിട്ടി? നിയമസഭമൂലം സമുദായം തിട്ടപ്പെടുത്തിയ നിയമങ്ങളെ പരിപാലിക്കയാണു പോലീസുകാരന്റെ കൃത്യം. നിയമലംഘനം കണ്ടശേഷം, നിയമസഭയെ ഈ വിവരമറിയിപ്പിച്ച്, നീണ്ട ചർച്ചകൾക്കുശേഷം ഈ അധികാരംകൊടുത്തിട്ടു കാര്യമെന്താണ്? ഇന്നു നടക്കുന്നതു ഇതല്ലേ? ഇന്ത്യയുമായി സംയോജിച്ച കാശ്മീരിനെ ആക്രമിച്ച ഒരു കൂട്ടം കവർച്ചക്കാരെ പാകിസ്ഥാൻ ആയുധം, ധനം മുതലായവകൊടുത്തു സഹായിക്കുന്നുവെന്നു ഇന്ത്യ പരാതിബോധിപ്പിച്ചു. ഇതു സമാധാനലംഘനത്തിനു കാരണമാകുമെന്നും അതു തടയാനായി പകിസ്ഥാനെ ഇത്തരം പ്രവൃത്തിയിൽനിന്നു പിരമിക്കാൻ ആജ്ഞാപിക്കേണമെന്നും ഘടനയെ ബോധിപ്പിച്ചു. രണ്ടുവർഷക്കാലം നീണ്ടുനിന്ന ചർച്ചകൾക്കുശേഷം ഫലമെന്താണ്? വെടിവയ്പുനിർത്തൽമാത്രം. ഇതാണു ഇന്നത്തെ ഘടനയുടെ ശക്തി. ഇന്നത്തെ സ്ഥിതിനോക്കിയാൽ അവസാനമായി പ്രതിയെ ശിക്ഷിക്കുന്നതു പോലീസുകാരനാവില്ല. ചിലപ്പോൾ പ്രതിതന്നെ വേണ്ടിവരും ശിക്ഷനടത്താൻ.

ഐക്യരാഷ്ട്രഘടനയുടെ വിളംബരത്തിൽ പറഞ്ഞിട്ടുള്ള സൈന്യം പല രാജ്യങ്ങളുടെയും സേനകളിൽനിന്നു വിഭാഗങ്ങളെക്കൂടി സൃഷ്ടിച്ചതാണ്. ഓരോ വിഭാഗവും ആവശ്യംവന്നാൽ അവരവരുടെ രാജ്യത്തിനെതിരായി വർത്തിക്കുമെന്നു എങ്ങിനെ വിശ്വസിക്കും? വൻശക്തികളിൽ ആരെങ്കിലുമാണ് കുറ്റക്കാരനെങ്കിൽ അവരെ ഭയന്നുതന്നെ ചിലർ അവരുടെ വിഭാഗങ്ങളെ പിൻവലിക്കില്ലേ? പിന്നെ സൈന്യമെവിടെ?

ഘടനയിൽ വൻശക്തിയും ചെറുശക്തിയും സമമായി കരുതണമെന്നു ചിലർ വാദിക്കുന്നുണ്ട്. വേറേ ചിലർ വൻശക്തികളെ പ്രധാനികളായും കരുതുന്നു. വൻശക്തികളാരും തങ്ങൾക്കു എതിരായി സ്വശക്തി ഉപയോഗിക്കയില്ല. അതുകൊണ്ടു ശക്തിപ്രയോഗിക്കുന്നതു ചെറുശക്തികളുടെ നേരേ മാത്രമേ സാദ്ധ്യമുള്ളു എന്നാണു ഇവരുടെ വാദം. ഇതു വ്യാഖ്യാനിക്കയാണെങ്കിൽ ചെറിയവനെ ശിക്ഷിക്കാം; അതു വലിയവനായാൽ വയ്യ എന്നതല്ലെ. ഇന്നു പല ദിക്കിലെയും വാസ്തവസ്ഥിതിയല്ലെ ഇതു്? പക്ഷെ ഈ വാദം ചിന്താവിഹീനമാണ്. ഇതരരാഷ്ട്രനയത്തെ മൂലതത്വങ്ങൾനോക്കി നിശ്ചയിക്കയല്ല. അന്യായവും അസഹ്യവുമായ ഒരു നയത്തെ തത്വത്തിന്റെ നിലയ്ക്കു ഉയർത്തുകമാത്രമാണ്. വേണ്ടതു നിയമപരിപാലനമല്ലേ? പിച്ചക്കാരനേയും ലക്ഷപ്രഭുവിനേയും വ്യത്യാസം നോക്കാതെ, സാധുവിനെയും നിയമപാലകനെതിരായി കുറ്റംചെയ്യാൻ ശക്തിയുള്ളവനേയും വേറെ വേറെ നിയമപരിധിയിൽ വരുത്താതെ ലോകത്തിലെങ്ങും ഒരു നിയമമാണു നടപ്പിൽ വരുത്തേണ്ടതു്.

തത്വത്തിൽ ഈ വാദം തെറ്റാണെങ്കിലും വാസ്തവസ്ഥിതി നോക്കുകയാണെങ്കിൽ ഈ വാദം സത്യമല്ല. ആധുനികലോകത്തിൽ എല്ലാ വൻശക്തികളും കൊള്ളക്കാരെപ്പോലെയും ഭൂരിപക്ഷം ചെറുരാജ്യങ്ങളും വ്യഭിചാരിണികളെപ്പോലെയുമാണു പെരുമാറുന്നതു്. ഇന്നത്തെ സ്ഥിതിക്കു അതേ നിവൃത്തിയുള്ളു. വൻശക്തികളെല്ലാം പടക്കോപ്പണിഞ്ഞു 'വെള്ളാന കണ്ടം രണ്ടു' എന്ന നിലയിലാണു നില്ക്കുന്നതു്. ചെറിയവരെല്ലാം ആരുടെ സേവയിലാണ് ഗുണമധികം, രക്ഷ അധികം എന്നുനോക്കി ചേരിതിരിയുന്നു. (ഈ ലോകസ്ഥിതിയിൽ ഇരുകക്ഷികളെയുംവിട്ടു സ്വന്തമായ ഒരു നയം തെളിയിച്ചുകാട്ടുന്ന ഭാരതം മുതലായ ചില രാജ്യങ്ങളുടെ നില സ്തുത്യർഹംതന്നെ.) ഇത്തരമൊരു ഭൂമിയിൽ സമാധാനപാലനം ഒരെളിയപ്രശ്നമല്ല. വാസ്തവസ്ഥിതി നോക്കാതെ ലോകം വാലുകടിക്കാൻ ശ്രമിക്കുന്ന പട്ടിയെപ്പോലെ വട്ടത്തിൽ ചുറ്റുകമാത്രമാണ്.

സ്വതന്ത്രരാജ്യങ്ങൾ തമ്മിൽ സമാധാനം പാലിക്കയാണ് ലക്ഷ്യമെങ്കിൽ പ്രതിനിധികൾ വഴിയോ, എഴുത്തുകുത്തുമൂലമൊ ഐക്യരാഷ്ട്രഘടനയിൽ ചർച്ചകൾമൂലമൊ ആയാലും വേണ്ടില്ല. ഇതെല്ലാം ക്രമവ്യത്യാസംമാത്രം. ഇതൊക്കെ സ്വതന്ത്രരും പരമാധികാരമുള്ളവരുമായ കുറെ ജനാംശങ്ങളുടെ പരസ്പരാശ്രയമെന്ന പ്രശ്നത്തെ സ്പർശിക്കുന്നുപോലുമില്ല. ഒരു യുദ്ധം എന്നുവെച്ചാൽ എന്തും ചിലവഴിക്കാൻ മടിയില്ലാത്ത നമ്മൾ സമാധാനത്തിനായി (യുദ്ധംചെയ്യുന്നതും സമാധാനത്തിനുവേണ്ടിയാണ്!!) വെറും തുച്ഛമായ വല്ലതും കാട്ടിക്കൂട്ടുന്നതു അസ്പഷ്ടമായ മനുഷ്യസ്വഭാവമെന്നല്ലെ പറയാവൂ!!

ഇതാണ് തെറ്റെങ്കിൽ, ഇതിൽനിന്നു വഴിയെന്താണ്? ലോകത്തിനു ഗതിയില്ലെ? സമാധാനം അല്ലെങ്കിൽ ലോകനാശം എന്നല്ലെ ഇന്നത്തെ സന്ധി. മൌലികവും നവമായുമുള്ള ഒരു പ്രശ്നത്തെ മനുഷ്യൻ അഭിമുഖീകരിക്കുമ്പോൾ നാശം തടുക്കാൻ ഒരു വഴിയേയുള്ളു. മനുഷ്യർ തങ്ങളുടെ ആശയങ്ങളെയും ലക്ഷ്യങ്ങളെയും ഇതിനൊത്തവിധത്തിൽ മാറ്റണം. നമ്മുടെ സ്വന്തം രാജ്യത്തു ഒരിക്കലും നടക്കാൻ അനുവദിക്കാത്ത അരാജകത്വമാണ് ഇതരരാഷ്ട്രബന്ധത്തിൽ ഇന്നു കാണുന്നതെന്നു നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? ഇതരരാഷ്ട്രനിയമം എന്നൊക്കെ കേൾക്കാം. പക്ഷെ അങ്ങിനെയൊന്നില്ല. നടത്തപ്പെടുന്ന നിർബ്ബന്ധമാണ് നിയമം. ഇതരരാഷ്ട്രനിയമം നടത്തുവാൻ അധികാരമെവിടെ? ഐക്യരാഷ്ട്രഘടനയ്ക്ക് ഈ അധികാരമില്ല. സ്വതന്ത്രരായി ഒരേ രാജ്യങ്ങൾ ഒപ്പിട്ടുതീർത്ത ഒരു ഉടമ്പടിയാണ് ഈ ഘടനയ്ക്കു അധികാരപത്രം. ഇത്തരം ഉടമ്പടികൾ റോമാക്കാരുടെ സാമ്രാജ്യംമുതൽ ചരിത്രത്തിൽ കാണാം. യുദ്ധം അവസാനിപ്പിക്കാൻ തുടങ്ങിയ ഇവയോരോന്നും യുദ്ധത്തിൽ അവസാനിച്ചു! പക്ഷെ വേറൊരുഭാഗത്തായി മാറ്റം കാണാനുണ്ട്, ഗതിയുമുണ്ട്.

കുറെ മുമ്പിൽ സൂചിപ്പിച്ച പോലീസുകാരന്റെ ഉദാഹരണത്തിൽ അയാൾക്കു അധികാരമെവിടന്നു കിട്ടി? പൌരന്മാരാൽതന്നെ നിയമം പരിപാലിതമല്ല. പൊതുജനവിശ്വാസം, പൌരന്മാരുടെ സമ്മതം, അവരുടെ നിയമങ്ങൾ മുതലായവയെ ഈ പോലീസുകാരൻ മൂർത്തീകരിക്കുന്നു. തർക്കങ്ങളെ ശക്തിപ്രയോഗിച്ചു തീർക്കയെന്ന ആദിമാവകാശം പൌരന്മാർ നിരാകരിച്ചു ഈ ശക്തി ചില ഉദ്യോഗസ്ഥന്മാർക്ക് ഒഴിഞ്ഞുകൊടുത്തിരിക്കയാണ്. ഇതിന്റെ ഫലം പൌരന്മാരെല്ലാവരും സംയുക്തരായി എന്നതാണ്. എങ്കിലും എല്ലാ അധികാരവും വിട്ടുകൊടുത്തിട്ടില്ലതാനും. നിയുക്തമായ അധികാരസീമയിൽ വല്ലവരും നിയമലംഘനം ചെയ്താൽമാത്രം എത്ര ശക്തിയോടും ഫലവത്തായും ഇയാൾ ഇടപെടുന്നു.

പക്ഷെ ഈവിധം ഒരു ലോകാധികാരി സൃഷ്ടിതമെങ്കിൽ ആ ഘടന എങ്ങിനെ സമാധാനംപാലിക്കും?

ഈ ഘട്ടത്തിലാണ് മനുഷ്യരുടെ ചിന്താസരണി മാറേണ്ടതു്. ഓരോ രാജ്യങ്ങളുടെയും സ്വന്തം സൈന്യസന്നാഹമല്ല വേണ്ടതു്. ലോകത്തിലെങ്ങും സമാധാനം പാലിക്കാൻ ഒരു പരമാധികാരിയുടെ കീഴിൽ ഒരു സൈന്യമാണ് വേണ്ടതു്. തത്വത്തിൽ ഈ അധികാരിക്കു തടുപ്പാൻ കഴിയാത്ത ആയുധശക്തി വേണം. തത്വത്തിലെന്നു പറഞ്ഞതിനു കാരണമുണ്ട്. വാസ്തവത്തിൽ സമാധാനപാലനം വേറൊരു മൂലത്തിന്മേലാണ് സ്ഥിതിചെയ്യുന്നതു്.

ഈ ഉത്തരം നമുക്കു കിട്ടുന്നതു അമേരിക്കൻഭരണഘടന നോക്കിയാലാണ്. ഈ ഘടന നിരൂപിച്ചവർ ഒരു പ്രധാനപ്രശ്നം അഭിമുഖീകരിച്ചു. കേന്ദ്രം സൃഷ്ടിച്ച നിയമങ്ങളെ എങ്ങിനെ പ്രവിശ്യകളിൽ നടപ്പിലാക്കും? പ്രവിശ്യകളെ വെറുതെ ആജ്ഞാപിച്ചിട്ടു കാര്യമില്ല.

ഇവർ വേണ്ടവിധം അനുസരിച്ചില്ലെങ്കിൽ ഇവക്കു എതിരായി നടപടിയെടുക്കാനും വയ്യ. അതുകൊണ്ടു കേന്ദ്രനിയമത്തെ ലംഘിച്ച ഏതു പൗരനെയും കേന്ദ്രഗവൺമെണ്ടിനു ശിക്ഷിക്കാമെന്നാവ്വ. ഇതിൽനിന്നു നമുക്കും ഒരു പോംവഴി കാണാനുണ്ട്. ഏതു രാജ്യത്തിലും ഏതു പൌരന്റെയും ലോകസമാധാനലംഘനത്തിനു ഉദ്യമം മുതലായ കുറ്റങ്ങൾക്കു ഈ ഘടന ലോകസമാധാനം നിലനിർത്തുവാൻ സൃഷ്ടിതമാകുന്ന ഏതു ഘടനയായാലും ശരി, അയാളെ ശിക്ഷിക്കാം. ഈ മാർഗ്ഗംതന്നെയാണ് ന്യൂറൻബർഗ്ഗിൽ വെച്ചു നടത്തിയ കോടതി കണ്ടതു്. നാസിനായകന്മാരെ സമാധാനലംഘനം, ഗൂഢാലോചന, കൂട്ടക്കൊല മുതലായ കുറ്റങ്ങൾക്കു ശിക്ഷിച്ചതു് മനുഷ്യാവകാശങ്ങൾക്കു എതിരായി പ്രവർത്തിച്ചതിനാലാണ്. നമ്മുടെ ഉദാഹരണത്തിൽ ഈ ശിക്ഷ നടത്തുന്നതു യുദ്ധത്തിനു മുമ്പായിരിക്കുമെന്നു മാത്രം. എന്നാൽ ഇത്രയും കഷ്ടനഷ്ടങ്ങൾക്കും നാശത്തിനും കാരണമാകയില്ലെന്നു മാത്രമല്ല, ഈ കോടതി നടത്തിയ ശിക്ഷ ഇത്ര ദുഷ്കരമായിരിക്കുകയുമില്ലായിരുന്നു. ഇങ്ങനെ സൃഷ്ടമാകുന്ന പരമാധികാരഘടനയ്ക്കു പല എതിർപ്പുകളുമുണ്ടാകും. പക്ഷെ യുദ്ധം ബഹിഷ്കരിക്കാൻ ഏകമാർഗ്ഗം ഇതാണ്. എന്നാൽ ഇന്നു രാജ്യങ്ങൾക്കുള്ള സ്വാതന്ത്ര്യത്തെ കുറയ്ക്കേണ്ടതില്ലതാനും. അതിർത്തികൾക്കകത്തെ ഇവക്കു അധികാരമില്ല എന്നതു് നമുക്കു സമ്മതമാണല്ലോ. നാം വീക്ഷിക്കുന്ന നവീനമാർഗ്ഗത്തിൽ അതിർത്തിക്കകത്തെ അധികാരം തൊടുന്നില്ല. പക്ഷെ ലോകസമാധാനം ലംഘിക്കുവാൻ ഉദ്യമിക്കുന്നവരെ ശിക്ഷിക്കാം എന്നു മാത്രം. സമാധാനം വേണമെന്നാണെങ്കിൽ ഇതു സമ്മതിക്കാമല്ലോ.

ഇത്തരമൊരു അധികാരത്തെ നാം എങ്ങനെ സൃഷ്ടിക്കും? ഇന്നു പ്രബലന്മാരായ രാഷ്ട്രങ്ങൾ ഇതെതിർക്കയില്ലേ? ഈ വാദം ശരിയാണ്. ഇന്നത്തെ ഘടനയുടെ പ്രവർത്തനങ്ങളിൽ പലതവണയായി വൻശക്തികളുടെ കൈകൂത്തായിരിക്കുന്ന 'വീറ്റോ' മുതലായ ശക്തികളെ എതിർക്കാൻ ഒരു ശ്രമം കാണാനുണ്ട്. ഇന്ത്യ മുതലായ ചിലർ വൻശക്തികളുടെ ചേരികളെവിട്ടു സ്വതന്ത്രമായ ഒരു നയം നടത്താൻ ശ്രമിക്കുന്നതും കാണാം. ഇവരാണ് ഈ മാർഗ്ഗം സഫലമാക്കേണ്ടതു്.

ഘടനയുടെ ഉടമ്പടിയിലെ ൧൦൯-ാം ഖണ്ഡികപ്രകാരം പ്രതിനിധിസഭയിലെ മൂന്നിൽ രണ്ടുഭാഗവും രക്ഷാസമിതിയിലെ ൭ അംഗങ്ങളിൽ ൦-ാമതും കൂടിയാൽ ഈ ഉടമ്പടി വീണ്ടും പരിശോധിക്കാനായി ഒരു യോഗം കൂട്ടാമെന്നുണ്ട്. ഇത്തരം യോഗത്തിൽ ചർച്ചകൾക്കു 'വീറ്റോ' ശക്തി പ്രയോഗിതമല്ല. ഈ തക്കത്തിലാണ് ഉടമ്പടി മാറ്റേണ്ടതു്. പക്ഷെ ഈ മാറ്റങ്ങളെ ഓരോ അംഗവും സ്വീകരിക്കണം. ഇവിടെ കുഴപ്പം തീർച്ചയാണ്, പോരെങ്കിൽ ഈ മാറ്റങ്ങളെ അഞ്ചു് സ്ഥിരാംഗങ്ങളും—വൻശക്തികൾ അടങ്ങിയ ⅔ ഭൂരിപക്ഷമാണത്രെ ഈവിധം ശരിവെയ്ക്കേണ്ടതു്. പക്ഷെ സമാധാനത്തിനുവേണ്ടി ഒത്തു നില്ക്കാൻ വമ്പിച്ച ഭൂരിപക്ഷമുണ്ടെങ്കിൽ ചില യാഥാസ്ഥിതികരെ വിചവെയ്ക്കയോ? ഇത്തരം തക്കത്തിൽ ഇന്നത്തെ ഘടന പൊളിയുമായിരിക്കാം. ലോകസമാധാനം സുരക്ഷിതമാക്കാമെങ്കിൽ ഇതു വലിയ നഷ്ടമല്ല.

ഈ പോംവഴി എല്ലാ പ്രശ്നങ്ങളെയും മാലൃകരിക്കുന്നില്ല. ഒരു പക്ഷെ ലോകത്തെ രണ്ടുചേരിയാക്കും. ഇന്നത്തെ ബദ്ധതകളെ നിർത്തി ഈ ചേരിതിരിയൽ സമാധാനമെന്നപ്രശ്നത്തിന്മേലാകും. ഈ വഴി നോക്കാനുദ്യമിക്കേണ്ടതു ജനങ്ങളാണ്. തങ്ങളുടെ പ്രതിനിധികളെയും, അവരുടെ വഴി സർക്കാരിനെയും ഈ ശ്രമത്തിനുദ്യമിപ്പിക്കണം ലോകത്തിലെ ജനതയുടെയാണ ആവശ്യം. പ്രധാന കർത്തവ്യവും അവരുടേതുതന്നെ. സ്വന്തം കുഴപ്പങ്ങൾ അനവധിയുണ്ട്. 'വീട്ടിലെ കുഴപ്പം കഴിഞ്ഞതല്ലേ നാട്ടിലെ' എന്നും ചോദിക്കാം. വാസ്തവംതന്നെയാണ്. പക്ഷെ രണ്ടും ഒരുപോലെ ഗുരുതരമാണ്. ഓരോന്നും മറ്റതിനെ ബാധിക്കുന്നുമുണ്ട്. പക്ഷെ ലോകസമാധാനമില്ലാതെ പരസ്പരാശ്രയരായ രാജ്യങ്ങൾക്കിടയിൽ വീട്ടിലെ പ്രശ്നങ്ങൾക്കു ഉത്തരം ഉണ്ടാകയില്ല. വീടുതന്നെ പൊയ്പ്പോയേക്കും. ഏതാണ് നല്ലതു? ഉത്തരം ജനങ്ങളാണ് പറയേണ്ടതു്. ഈ ലേഖനം അവരുടെ ചിന്തയ്ക്കു വളംകൊടുക്കുകമാത്രമാണ്.

—o—


## രസരാജതരംഗിണി
### (നീറ്റുപ്രയോഗങ്ങൾ)

രസരത്നസമുച്ചയം, രസേന്ദ്രസാരസംഗ്രഹം മുതലായ ഗ്രന്ഥങ്ങളും അഗസ്ത്യാദി മഹർഷിമാരുടെ അഗസ്ത്യർചരക്കുവയ്പ്പ്, അഗസ്ത്യർതങ്കദ്രാവകം തുടങ്ങിയ ചിന്താമണിമുറകളും, പലവിധം ലാടവൈദ്യമുറകളും, സിന്ദൂരം, ഭസ്മം ഇത്യാദി വിധാനഭേദങ്ങളും അടങ്ങിയതു്.

ഒന്നാംഭാഗം വില രൂ. ൧ ണ. ൮.

രണ്ടാംഭാഗം രൂ. ൨. ൮ ണ

ശ്രീരാമവിലാസം ബുക്ക്ഡിപ്പോ, കൊല്ലം.


# ഗ്രന്ഥവിഹാരം

## അനർഘരാഘവം

പരിഭാഷകൻ
ചിറയിൻകീഴ് പി. പരമേശ്വരൻപിള്ള

വില രൂ: ഒന്നര.

ന ശബ്ദബ്രഹ്മാർത്ഥം പരിമള
മനാഘ്രായ ച ജനഃ
കവീനാം ഗംഭീരവചസ്ഗു-
ണദോഷൗ രചയതു

എന്നു നിരൂപകന്മാരെ താഡിച്ചു രീതിരാത്മാകാവ്യസ്യ എന്ന വാമനകാവ്യനിർവചനപക്ഷപാതികളിൽനിന്നു മുരാരേസ്തൃതീയഃപന്ഥാഃ ബഹുമതിസ്വീകരിച്ച സംസ്കൃതസാഹിത്യനഭോമണ്ഡലത്തിൽ ചണ്ഡഭട്ടീധിതിയുടെ മണ്ഡലം പൊങ്ങുംവണ്ണം പ്രത്യക്ഷപ്പെടുകയായിരുന്നു മുരാരി. ആ അഭ്യുദയത്തിൽ ഖദ്യോതസദൃശം ക്ഷീണിച്ചു നിപതിച്ചതു ഭവഭൂതിയായിരുന്നു.

ഉത്പസ്യതേ മമ ച കോപി സമാനധർമ്മാ
കാലോഹ്യയം നിരവധിർ വിപുലാ ച പൃഥ്വീ

എന്നു "വാഗ്ദേവി സ്വയംവശ്യയാം മല്ലാക്ഷി വണ്ണായന്നവണ്ണമനുവർത്തിച്ച"തായി സ്വയം പുകഴ്ത്തിയ ഭവഭൂതി കാലം തെളിയിച്ചുകൊള്ളട്ടെ എന്ന അവധിയില്ലാത്ത സമാധാനം കുറിച്ചു് അടങ്ങുകയായിരുന്നു.

മലയാളത്തിൽ ഇന്നുള്ളപോലെ പ്രസ്ഥാനവൈവിധ്യങ്ങളും ചേരിതിരിവുകളും അക്കാലത്തും അസുലഭമായിരുന്നില്ല. ആശാനാശയഗംഭീരവ്യസനമാണെന്നു ജല്പമുജ്ഝരിതം വള്ളത്തോളിനവല്ലകീഗുണാഗളൽകാദംബമേഘം വാഗ്ഭ്രമം എന്ന മാതിരിയിലുള്ള പ്രശംസാപത്രം കെട്ടിപ്പ് അന്നുമുണ്ടായിരുന്നു.

ഉപമാ കാളിദാസസ്യ ഭാരവേരർത്ഥഗൗരവം
ദണ്ഡിനഃ പദലാളിത്യം തുടങ്ങി അക്കാലത്തെ പ്രശംസാപത്രങ്ങൾ പലതും ഇന്നു ലഭിക്കാനുമുണ്ടാകും. ഈ പരാഭവത്താൽ പരിഭ്രാന്തരായ കവികൾ

ശങ്കാപേതമുടിക്കമത്തറച്ചിയെ
ഞങ്ങളാവെറും ശബ്ദമാ-
മാർകോലകർതവിന്റെയെണ്ണയിലെഴ
നാളജ്ജാലകൗതൂഹലം

എന്നു സ്വയം സമാധാനംതേടാറുമുണ്ടായിരുന്നു. വരകവിയായ കാളിദാസൻപോലും ദിങ്നാഗന്റെ സ്ഥൂലഹസ്താവലേപങ്ങളിൽ ചകിതനായിരുന്നു. കാളിദാസനെപ്പോലെ നാടകത്രയംകൊണ്ടു പ്രഖ്യാതനായ ഭവഭൂതിയുടെ പാരവശ്യം നാം കേട്ടുകഴിഞ്ഞു. ഭവഭൂതിയെ ഇത്രമാത്രം പരവശനാക്കിയ കവി മുരാരിയാണെന്നുള്ളതു തീർച്ചതന്നെ.

മുരാരിപദചിന്തായാം
ഭവഭൂതിസ്തു കാ കഥാ

എന്നു സമകാലികന്മാരുടെ പ്രബലമായ ഒരു ഭൂരിപക്ഷം സൃഷ്ടിച്ച മുരാരിയെ മലയാളിവേഷംകെട്ടിക്കാൻ ഇതേവരെ ആരും മുതിർന്നുകണ്ടിട്ടില്ല. കേരളവർമ്മദേവൻ മുരാരിയുടെ അനർഘരാഘവത്തെ തന്റെ അദ്ധ്യയനഗ്രന്ഥമാക്കി പ്രസ്താവിച്ചുകാണുന്നുണ്ട്. കേരളവർമ്മദേവന്റെ 'സംക്ഷോലക്ഷാത്രവീഥിപ്രചുരിമ' തിരളുന്ന കവിതാരീതിക്കു ബീജാവാപംചെയ്തതു് ഈ മുരാരിപദചിന്തനമാണെന്നു ഊഹിച്ചുകൂടെന്നില്ല: അനർഘരാഘവത്തിലെ നാന്ദിശ്ലോകപ്രസിദ്ധമായ കോകപ്രീതി ചകോരപാരണപടു ജ്യോതിഷ്മതീലോചനത്തിന്റെ മുഗ്ദ്ധമധ്വാശ്രീ കേരളീഹൃദയപലാലപുണ്ഡരീകമുകുളങ്ങളിൽ ബഹുവിധഭാവപ്രകാശം വരുത്തിയിട്ടുള്ളതായി തെളിയുന്നുണ്ട്. ചെറുശ്ശേരി, മഹിഷമംഗലം തുടങ്ങിയ മഹാകവികൾപോലും ആ ആശയത്തെ ഉപജീവിച്ചിട്ടുണ്ട്.

മുരാരിയും ഭവഭൂതിയും ഒരേ ഇതിവൃത്തത്തെ സ്വീകരിച്ചു രചിച്ചിട്ടുള്ള ദൃശ്യകാവ്യങ്ങളാണ് അനർഘരാഘവവും മഹാവീരചരിതവും. അനർഘരാഘവത്തിന്റെ അന്യാദൃശമായ ചൈതന്യപ്രസരം ഒരു താരതമ്യപഠനംകൊണ്ടു വെളിപ്പെടുത്തേണ്ട സന്ദർഭം ഇതാണ്. മിക്കവാറും കഥാപാത്രങ്ങളും സംഭവങ്ങളും ഈ രണ്ടു കവികളും ഒന്നുപോലെതന്നെ സ്വീകരിച്ചിട്ടുണ്ട്. മഹാവീരചരിതത്തിൽ—

ആന്ത്രപ്രോതബൃഹത്കപാലനളക
ക്രൂരക്വണൽകങ്കണ
പ്രായപ്രേംഖിതഭൂരിഭൂഷണരവൈ
രാഘോഷയന്ത്യംബരം
പീതച്ഛർദ്ദിതരക്തകർദ്ദമഘന
പ്രാഗ്ഭാരഘോരോല്ലല
വ്യാലോലസ്തനഭാരഭൈരവ വപുർ
ദർപ്പോദ്ധതം ധാവതി

എന്ന രീതിയിലാണ താടകയെ പ്രത്യക്ഷപ്പെടുത്തുന്നതെങ്കിൽ മുരാരിയാകട്ടെ,

നിർമ്മജ്ജച്ചക്ഷുരന്തർഭ്രമദതികപിശക്രൂരതാരാന്തരാസ്ഥി
ഗ്രന്ഥിദന്താന്തരാളഗ്രഥിതമവിരതം ജിഹ്വയാഘട്ടയന്തി
ധ്വാന്തോപിഖ്യാതവക്ത്രജ്വലദനലശിഖാജർത്ധരാവ്യക്തകർമ്മാ
നിർയ്യാന്തീഗുഹ്യരന്ധ്രാംഭിവമുപരി പരിക്രീഡതേ താടകായം

എന്നു ആരഭടീവൃത്തിയുടെ അത്യുച്ചപദവിൽ കൂടെയാണ്. കിമപി കിമപി മന്ദം മന്ദമാസക്തിയോഗം, എന്നു തുടങ്ങുന്ന ലോകോത്തരപ്രശസ്തങ്ങളായ കവനകർമ്മംകൊണ്ടു കരുണമൊരു രസം എന്നു സ്ഥാപിക്കുകയും ആരാധിക്കുകയും ആണ് ഭവഭൂതി ചെയ്തിട്ടുള്ളതെങ്കിൽ—

പ്രാണായാമോപദേഷ്ടാ സരസിരുഹവനേയൗവ്വനാനന്ദലീലാ
ഗോഷ്ഠീനാം പീഠമർദ്ദസ്ത്രിഭുവനവനിതാനേത്രയാംപ്രാതരാശഃ
കുമാരീഷ്വാമയജാശമിതകുമുദിനീമനമുദ്രാനരാഗഃ
ശൃംഗാരാദ്വൈതവാദീ വിഭവതി ഭഗവാനേഷ പീയൂഷഭാനുഃ

എന്നിങ്ങനെ ദൃശ്യകാവ്യമർമ്മജ്ഞതയുടെ മൂർദ്ധാഭിനയമാണ് മുരാരിക്കുള്ളതു്. ഇതിലെ ശൃംഗാരാദ്വൈതവാദിക്ക്, ഏകരസമേ ശൃംഗാരമെന്നോതുവോൻ എന്ന പരിഭാഷപ്രകൃതത്തിനു അത്യന്തോപയുക്തമായിട്ടുണ്ടെന്നുള്ള വിവരവും വെളിപ്പെടുത്തിക്കൊള്ളട്ടെ.

പുരാതന കവിസമ്പ്രദായങ്ങളിലും സങ്കേതങ്ങളിലും ശ്രുതിസ്മൃതികളിലും തികഞ്ഞ വിശ്വാസക്കാരനായ ഭവഭൂതി വിപ്ലവചിന്തയ്ക്കു ഒരിക്കലും വിധേയനായിട്ടില്ല. മുരാരിയുടെ വ്യക്തിത്വം മുഴുവൻ ജനായത്തഭരണസിദ്ധാന്തങ്ങളിൽ തികച്ചും അടിയുറച്ചു നിൽക്കുന്നതാണ്. രാജ്യകാര്യപരമായ വിചാരപരമ്പരകൾക്കു കാര്യത്തിൽ സദ്ഗ്രപ്രതിഷ്ഠ ചെയ്തിട്ടുള്ള ഭാരവിപോലും ഭരണപരിഷ്കാരപുരസ്കൃതമായ വ്യഗ്രത ഇത്രമാത്രം പ്രകടിപ്പിച്ചിരുന്നില്ല.

ഉഷ്ട്രഃ സാക്ഷാദസുരവിജയീ
നാകിനാം ചക്രവർത്തീ
മന്ത്രേശ്യാന്യായഃ കഥയതി
യഥാവൽതരണീഭണ്ഡനീതിഃ
പാതാളേന്ദ്രാദഹിഭയമഥാസ്ത്യേവ
നിത്യാനുഷക്തം
തന്നഃ പുണ്യൈരർജ്ജിതഭവതാ
വീരരാജന്വതീഭൂ!

എന്ന പദ്യത്തിൽ സ്വേച്ഛാധിപത്യഭരണവിക്രിയകൾ എത്ര ശക്തിയുക്തമായ ഭാഷയിൽ അദ്ദേഹം വെളിപ്പെടുത്തുന്നു. ചക്രവർത്തിമുതൽ സാമന്തൻവരെ കൈക്കൊണ്ടിരിക്കുന്ന ജനദ്രോഹനടപടികളും ചൂഷണവിധാനങ്ങളും വെളിപ്പെടുത്തുന്നതിൽ മാത്രമല്ല സാമ്പത്തികവ്യവസ്ഥിതിയുടെ അസമത്വത്താൽ നിത്യയാതന അനുഭവിക്കേണ്ടിവന്നിട്ടുള്ള തൊഴിലാളിയുടെ ദയനീയസ്ഥിതിയിലും ത്രികാലവേദിയായ മുരാരിയുടെ ക്രാന്തദർശിത്വം വ്യാപരിച്ചുപ്രസരിക്കുന്നുണ്ട് നോക്കുക:

തത്താദൃക്ഫണിരാജരജ്ജുകഷണം
സംത്രുഢപക്ഷച്ഛിദാ
ഘാതാരത്നൂദമപൃഹോകഥാമയം
മന്ഥാചലഃ സോഢവാൻ
ഏതേനൈവ ദുരാത്മനാം ജലനിധേ
രത്ഥാപ്യപാപാമിമാ
ലക്ഷ്മീമീശ്വരദുർഗ്ഗതവ്യവസ്ഥിതി
വ്യസ്തം ജഗന്നിർമ്മിതം

എന്നതിന്റെ പരിഭാഷതന്നെ ഇവിടെ ഉദ്ധരിക്കാം,

മാറിൽ ച്ചൂറമഹീന്ദ്രപാശമുരസി
പ്പക്ഷംനാണ്ടും വ്രണം
ബീറിക്കത്തിയ നോവുമന്ദരനഗോ
തിന്നിട്ടുമെന്തേഫലം
ഘോരൻകടൽ ചലക്ഷ്മിയെക്കടലിൽനി
ന്നോഹിപ്പുണക്കാരനാം
തീരെപ്പം വവ്വമെന്നദുർവ്യവസ്ഥി
കളുളാക്കിലോകത്തിനേ

തൊഴിലാളി നോവുതിന്നുകയും അതുകൊണ്ടു മുതലാളി ഐശ്വര്യം ഭുജിക്കുകയും ചെയ്യുന്നവിധം ഇതിൽ കൂടുതൽ തന്മയത്വമായി ദൃഷ്ടാന്തപ്പെടുത്താൻ സാധിക്കുമെന്നു തോന്നുന്നില്ല. സ്വതന്ത്രസ്വതന്ത്രനായ മുരാരിയുടെ അനർഘരാഘവം, സംസ്കൃതനാടകങ്ങളിൽ ചിലതിനു മത്സരിച്ചു മത്സരിച്ചു പരിഭാഷകളുണ്ടാക്കിക്കൊണ്ടിരുന്നിട്ടും മലയാളകവികളുടെ കണ്ണുപെടാതിരുന്നതു ഒരു നിസ്സാരകാര്യമല്ല. ലലാടംതപമായ ആ പണിയിൽ വിജയം ദർശിക്കുക വിഷമമായി അവർ അടങ്ങുകയായിരുന്നു. ആ ദുഷ്കരകൃത്യം സ്വയം ഏറ്റെടുത്തു കേരളീയകവികളുടെ അഭിമാനത്തെ സംരക്ഷിക്കുകയും കൈരളിയുടെ രത്നഹാരത്തിനു പുതിയ ഒരു പതിപ്പുണ്ടാക്കിക്കൊടുക്കുകയും ചെയ്തിട്ടുള്ള ചിറയിൻകീഴ് ശ്രീ. പരമേശ്വരൻപിള്ള ഇന്നത്തെ കവിയശഃപ്രാർത്ഥികളുടെ ഗണനാപ്രസംഗവേദിയായ പത്രപംക്തികളിലെ നിത്യസേവകനായി നാം പരിചയപ്പെടുന്നില്ല. പഞ്ചതന്ത്രം, പാർവ്വതീപരിണയം, മഹാവീരചരിതം തുടങ്ങിയ ഭാഷാന്തരങ്ങളെക്കൊണ്ടു അഭിജ്ഞസമ്മതമായിട്ടുള്ള അദ്ദേഹത്തിന്റെ കവിത അനർഘരാഘവരംഗത്തിൽ സർവ്വാംഗീണമായ സാരസ്യസമുൽക്കർഷം തികഞ്ഞുതന്നെ പരിലസിക്കുന്നു.

കണ്ഠിൽത്താഴും തുരങ്കൺകടകനത്മിഴി
ച്ചുറ്റിച്ച മർത്ത്യാസ്ഥിഖണ്ഡം
ദന്തങ്ങൾക്കുള്ളിലേറ ഉള്ളവയെയവിരതം
ജിഹ്വയാൽ തട്ടിമാറ്റി
വക്ത്രാന്തർവഹ്നികത്തിച്ചിതറുമിരുളിലും
ഘോരകർമ്മം വിളക്കി
ഗുഹ്യരന്ധ്രം വാനിനർപ്പിച്ചുപരി പരിലസിക്കുന്നിതാതാടകാഖ്യാ

എന്നിങ്ങനെ ആരഭടീവൃത്തിയുടെ ശൗണ്ഡീയത അശേഷം വിടാതെതന്നെ അദ്ദേഹത്തിന്റെ കവിത നടമാടുന്നു.

ഞാനീയാറ്റിമ്മണൽത്തിട്ടരികിൽനിബിഡമാം
ഞാഴലിൻകാവിനുള്ളിൽ
പ്ലാശിൻപൂമൊട്ടുമാല്യം നഖവടുവണയാം
തുള്ളുതൈക്കൊങ്കതന്മേൽ

എന്നിങ്ങനെ അയത്നലളിതമായ ധാരാവാഹിത്വം നിറഞ്ഞ സരസപദപ്രയോഗങ്ങളിലും അദ്ദേഹം അഭിനന്ദനാർഹമായ വിജയം നേടുന്നു. കഴിയുന്നതും മൂലശ്ലോകത്തിലെ ആശയം മലയാളികൾക്ക മനസ്സിലാക്കിക്കൊടുക്കണമെന്ന സിദ്ധാന്തപക്ഷക്കാരനായ പരിഭാഷകൻ,

വ്യാമഗ്രാഹ്യസ്തനീഭിഃ ശബരയുവതിഭിഃ

എന്നതിനെ മാർനീളപ്പേർകപാലി ശബരിജനം, ആക്കിയിട്ടുള്ളതു സുന്ദരമായിയെന്നു പറയാൻ സാധിക്കുന്നില്ല. അതുപോലെതന്നെ വാണോട്ടെ, ചട്ടേനു തുടങ്ങിയ സംഭാഷണപ്രസിദ്ധപദങ്ങളും അപൂർവ്വമായി ഈ കലാശില്പത്തിൽ പരിഭാഷകന്റെ കൈചോൻ വീണുകിടപ്പുണ്ട്. ഇവയൊക്കെ നിഷ്പ്രയാസം പരിഹരിക്കാവുന്നതേയുള്ളു. ഇതിലെ ശബ്ദങ്ങൾ പ്രസാദമാധുര്യം തികഞ്ഞതല്ലാ നാവയാണ്. അനർഘരാഘവത്തിനു ഇത്ര പ്രശസ്തമാംവിധം ഭാഷാനുവാദം ചെയ്ത പരിഭാഷകൻ കേരളീയസഹൃദയലോകത്തിന്റെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിക്കുന്നു.

സി. എം. പി.

—o—



ലണ്ടനിലെ സ്വർണ്ണപ്പണിക്കാരുടെ സംഘം (ഗോൾഡ്സ്മിത്ത്സ് കമ്പനി) നഗരത്തിലെ ഏറ്റവും പുരാതനമായ "ഗിൽഡു"കളിൽ ഒന്നാണ്. ൧൩൨൭-ലാണ ഇതിനു രാജകീയ ചാർട്ടർ നൽകപ്പെട്ടതു്. സ്വർണ്ണത്തിൽ അതിമനോഹരമായ വിചിത്രപ്പണികൾ ചെയ്യുന്നതിനു പ്രശസ്തിനേടിയിട്ടുള്ളതാണ പ്രസ്തുത സംഘടന. സംഘടന നിലനിർത്തിപ്പോരുന്നതിനു യുവാക്കന്മാരെ 'അപ്രൻറിസു'കളായി എടുത്തു പരിശീലനം നൽകിവരുന്നു. ഭാവിയിൽ സ്വർണ്ണപ്പണി തൊഴിലായി സ്വീകരിക്കുന്നതിനു ഒരാൾ അപ്രൻറിസായി ഉടമ്പടി എഴുതി ചേരേണ്ടതാണ്. മാസത്തിൽ രണ്ടുതവണ ലണ്ടനിലെ ഗോൾഡ്സ്മിത്ത്സ്ഹാളിലെ കോർട്ടുറൂമിൽവച്ചു അപ്രൻറീസുകൾ കരാർ ഒപ്പിടുന്ന ചടങ്ങു നിർവഹിക്കപ്പെടുന്നു. കരാർ ഒപ്പുവയ്ക്കുന്ന ഒരു രംഗം.

# പച്ചിലവളം

കെ. എസ്സ്. നീലകണ്ഠം

ജൈവാംശം ധാരാളം അടങ്ങിയിട്ടുള്ള വളങ്ങൾ എല്ലാംതന്നെ കൃഷികൾക്കും മണ്ണിനും ഗുണപ്രദമായിട്ടുള്ളവയാണ്. ആ നിലയിൽ ഏതുജാതി പച്ചിലവകകളും സ്വീകാര്യമാണ്, എന്നുവരികിലും അവയിലടങ്ങിയിരിക്കുന്ന നൈട്രജന്റെ അളവാണ് പച്ചിലവളങ്ങളുടെ യോഗ്യത നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡം. പയറുവർഗ്ഗത്തിൽപെട്ട സസ്യങ്ങളിലെല്ലാം സ്വാഭാവികമായിത്തന്നെ ധാരാളം നൈട്രജൻ അടങ്ങിയിരിക്കുന്നു. പയറ്, ഉഴുന്ന്, കടല, തുവര, അമര, മുതിര ആദിയായഭക്ഷ്യവിളവുകളും, ചടമ്പ് (Sann hemp) ദയിഞ്ച, തകര, കാട്ടുവക്ക്, അമരി, കൊഴിഞ്ഞി, ബോഗ, ആദിയായ പച്ചിലവിളവുകളും, അഗത്തി, വാഹ, കൊന്ന മുതലായ വൃക്ഷങ്ങളും ഈ വർഗ്ഗത്തിൽ ഉൾപ്പെടുന്നു. ഇവയെ 'ശിംബ'വർഗ്ഗമെന്നും പറഞ്ഞുപോരുന്നുണ്ട്.

പറങ്കിമാവിലയെക്കാളും പ്ലാവിലയെക്കാളും വളരെ ഗുണക്കൂടുതലുള്ളതാണ് വാഹയില, എന്നാൽ മാവിലയിലും പൂവരശിന്റെ (പ്രീലാന്തി) ഇലയിലും ക്ഷാരാംശവും മററു ചില പ്രത്യേകപദാർത്ഥങ്ങളും കൂടുതലുണ്ടായിരിക്കുന്നതിനാൽ പുളിരസമുള്ള നിലങ്ങളിൽ പ്രായേണ അവ കൂടുതൽ ഗുണകരമായി അനുഭവപ്പെട്ടുവരുന്നുണ്ട്. ഒരേക്കറിൽ നാല്പതുകെട്ടു പച്ചിലച്ചവറ് നിലത്തിൽചേർത്തുവെന്നു അഭിമാനിക്കുന്ന പല കർഷകരും ഏതുജാതി ചവറാണ് ചേർത്തതെന്നു പലപ്പോഴും ശ്രദ്ധിക്കാറില്ല. കണ്ണിൽകണ്ട വല്ല ഇലച്ചവറുകളുപയോഗിക്കുന്നപക്ഷം അവയ്ക്കു് നല്ലജാതി ചവറുപയോഗിക്കുന്നതിന്റെ ഗുണഫലം എങ്ങിനെ സിദ്ധിക്കും!

നെൽചെടിക്കു പച്ചിലകൾ ധാരാളം ഉപയോഗിക്കുന്നതിനു ചില പ്രത്യേക ഉദ്ദേശങ്ങളുണ്ട്. മണ്ണിൽകിടന്നു ചീഞ്ഞുവരുന്ന ഇലകളിൽനിന്നും അമ്മോണിയം മുതലായ വാതകങ്ങൾ ഉത്ഭവിക്കുന്നു. ഈ വാതകങ്ങൾ നെൽച്ചെടിയ്ക്കു് വളരെ അത്യാവശ്യമാണ്. അമ്മോണിയം വാതകത്തിന്റെ ഒരുപ്രധാനഘടകം നൈട്രജനാകയാൽ, പയറുവർഗ്ഗത്തിൽപെട്ട സസ്യങ്ങളുടെചവറു വളമായി ഉപയോഗിക്കുമ്പോൾ നെൽച്ചെടിയുടെ വേരുകൾക്ക് അമ്മോണിയം സമൃദ്ധിയായി ലഭിക്കുന്നു. മററു സസ്യങ്ങൾക്കൊന്നിനുംതന്നെ ഇല്ലാത്ത ഒരു ഗുണമാണ് ഇതു്. വാതകസ്വീകരണത്തിനു് യോജിച്ചവിധം ജലത്തിൽ വളരുന്ന നെൽച്ചെടിയുടെവേരുപടലത്തിന്റെ ഘടനയും ഇതിനുയോജിച്ചവിധം പ്രത്യേകതരത്തിലുള്ളതാണ്.

കൂടാതെ, മണ്ണിനുമീതെ അധികനാൾ ജലം കെട്ടികിടക്കുന്നതായാൽ ആ മണ്ണ് അമന്നു് അതിന്റെ ബാഹ്യഘടനയ്ക്കു് ദൂഷ്യം നേരിടുവാനിടയാകുന്നു. ധാരാളം ജൈവപദാർത്ഥങ്ങൾ മണ്ണിനുള്ളിൽ ഉണ്ടായിരിക്കുന്നപക്ഷം, അതു് സ്പ്രിംഗ് എന്നപോലെ പ്രവൃത്തിക്കുന്നതാകയാൽ അത്ര എളുപ്പത്തിൽ മണ്ണു അമന്നുപോരുവാനും ഘടനയ്ക്കു് ദൂഷ്യം നേരിടുവാനും ഇടവരുന്നതല്ല. ഈവിധം ജൈവസാധനങ്ങൾ മണ്ണിന്റെ ഘടനയ്ക്കും സ്വഭാവത്തിനും ദൂഷ്യം നേരിടാതെ സൂക്ഷിക്കുന്നതോടൊപ്പം, അതിലടങ്ങിയിരിക്കുന്ന നൈട്രജന്റെ അളവനുസരിച്ചു് അമ്മോണിയംവാതകം നെൽച്ചെടിയുടെ വേരിനു് നൽകുകയും ചെയ്യുന്നതാണ്. ഇതത്രേ ഓരോ പ്രദേശത്തും അതതുമണ്ണിന്റെ പ്രത്യേകസ്വഭാവമനുസരിച്ചു് ഓരോജാതി പച്ചിലവളത്തിനു് കൂടുതൽ പ്രാധാന്യം നമ്മുടെ പൂർവ്വീകർ അവരുടെ അനുഭവത്തെ ആസ്പദമാക്കി നൽകിയിട്ടുള്ളതും, പൊതുവെ പയറുവർഗ്ഗസസ്യങ്ങളുടെ ചവറു് പ്രഥമഗണനം അർഹിക്കുന്നതായി നിർദ്ദേശിച്ചിട്ടുള്ളതും. അതിനാൽ പച്ചിലവളം ലഭിക്കുന്നതിനുള്ള പ്രയാസംനിമിത്തമോ കർഷകന്റെ അലസതമൂലമോ ധാതുവളംകൊണ്ടു് കുശാലായി വളംചേർത്തു് കൃതാർത്ഥനാകുന്നെങ്കിൽ, കൊയ്ത്തുസമയത്തു് നിരാശനായിത്തീരാതെ നിർവ്വാഹമില്ല. ഇക്കാര്യങ്ങൾ നമ്മുടെ കർഷകരുടെ പ്രത്യേകശ്രദ്ധ അർഹിക്കുന്നവയാണെന്നു് ഊന്നിപ്പറഞ്ഞുകൊള്ളട്ടെ. ഇത്ര പ്രാധാന്യമേറിയ നല്ലജാതി പച്ചിലവളം സുലഭമാക്കുന്നതിനുള്ള മാർഗ്ഗങ്ങളാണ് പച്ചിലവളസസ്യങ്ങളുടെ കൃഷിയും, വൃക്ഷംനട്ടുവളർത്തലും.

## പച്ചിലവളം കൃഷി

പറമ്പുകളിലും കരപ്പാടങ്ങളിലും, നിലങ്ങളിൽ ഈർപ്പം അധികമില്ലാത്തപ്പോഴും വിത്തുവിതച്ചു് ഏതാനും മാസത്തെ വളർച്ചയ്ക്കുശേഷം അതു് വെട്ടിയെടുത്തു് വളമായി പ്രയോഗിക്കുന്ന അനേകം ജാതി സസ്യങ്ങളുണ്ടെന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. വളപ്രയോഗത്തിനായി ഈ വിധം ഒരു വിളവ് വളർത്തിയെടുത്തു മണ്ണിൽ ചേർക്കുകയെന്ന സമ്പ്രദായം നമുക്കു പുത്തരിയായിരിക്കാമെങ്കിലും അതു് ലോകത്തിലെവിടെയും വിജയകരമായി കർഷകവൃത്തി നിർവ്വഹിച്ചുപോരുന്ന കർഷകർ വളരെക്കാലമായി സ്വീകരിച്ചിട്ടുള്ള ഒന്നാണ്. അതിനാൽ ആവക ചില പ്രധാന പച്ചിലച്ചവറു വിളവുകളുടെ കൃഷിയേയും അവയുടെ വിനിയോഗരീതിയേയുംപററി സംക്ഷേപമായി ചുവടെ വിവരിക്കാം.

### ചടമ്പ്

ചെങ്കോട്ടത്താലൂക്കിൽ നാരുവ്യവസായത്തിനായി ധാരാളം വളർത്തിവരുന്ന ഒരു ചെടിയാണിതു്. അതിന്റെ വളർച്ചാപ്പണയുള്ള ഗുണം നമുക്കു അജ്ഞാതമായി കാണപ്പെടുന്നതിനാൽ അവിടെ ഉൽപാദിപ്പിക്കുന്ന വിത്തിന്റെ ഭൂരിഭാഗവും സമീപമുള്ള ഇൻഡ്യൻ പ്രദേശത്തേയ്ക്കു പ്രവഹിച്ചുകൊണ്ടിരിക്കുകയാണ്.

ഈ വിളവു് വളരെയധികം 'ഓല' (ഞെരുങ്ങി വളരുന്ന വൃക്ഷങ്ങളുടെ തണൽ) യില്ലാത്ത പറമ്പുകളിലെല്ലാം, എന്നു മാത്രമല്ല, ചിറ, അകലമുള്ള വരമ്പുകൾ, കളിവേലി, വെള്ളക്കെട്ടു നേരിടാത്ത ഉയന്ന നെൽപാടങ്ങളിലും വളർത്താവുന്നതാണ്. കാലവർഷത്തെ പുതുമഴയോടുകൂടി തറ ഒന്നുരണ്ടു ചാൽ ഉഴവിറക്കിയശേഷം ഏക്കറൊന്നിനു ൪൦ ൦൦ ത്തൽ വിത്തു് വീശിവിതച്ചു് മരമടിച്ചു മൂടണം. അല്പം കമ്മായവും ചാരവുംകൂടി മണ്ണിൽ വിതറിക്കൊടുക്കുന്നപക്ഷം അതു മണ്ണിനും ഈ വിളവിനും ഗുണമായിത്തീരുന്നതാണ്. ഇതത്രേ ഈ വിളവിനു വേണ്ടിവരുന്ന അദ്ധ്വാനം. കോരപ്പുല്ലു്, കറുക, മുത്തങ്ങ മുതലായ ക്ഷുദ്രകളകൾ നിറഞ്ഞ സ്ഥലത്തു വിത്തു് കുറെക്കൂടി ഞെരുക്കി വിതച്ചാൽ, ഈ ചെടി ഞെരുങ്ങി വളരുന്നതുമൂലം ആ കളകളെ നിശ്ശേഷം ശ്വാസംമുട്ടിച്ചു് അമർത്തിക്കളയുന്നതാണ്. നിറയെ തെങ്ങും ഇതരവൃക്ഷങ്ങളും ധാരാളം നില്ക്കുന്ന പറമ്പുകളിൽ വൃക്ഷങ്ങളുടെ തടിയോടുചേന്ന കാച്ചുസ്ഥലത്തു് വിത്തുമുളയ്ക്കുവാൻ വിഷമമാകയാൽ അവിടം ഒഴികെ ബാക്കി സ്ഥലത്തു വിതച്ചാൽമതിയാകും. കുഴലടിക്കുന്ന പാഴ്‌വൃക്ഷങ്ങൾ പറമ്പിലുള്ളപക്ഷം ആ വൃക്ഷങ്ങളുടെകുഴ വെട്ടിമാററി, തറയിൽ വെയിൽ ഏല്ക്കത്തക്കവിധമാക്കിയിരുന്നാൽ ഈ വിളവ് തൃപ്തികരമായി വളർന്നുകൊള്ളും. ഒരു സമയം ആദ്യവർഷത്തെ വളർച്ച അത്ര തൃപ്തികരമായിരിക്കാത്തപക്ഷം, അതു മുഴവൻ പിഴുതെടുത്തു് ആ സ്ഥലത്തുതന്നെ ഉഴുതു മണ്ണിനടിയിലാക്കുകയോ കമ്പോസ്റ്റുവളമാക്കി മണ്ണിൽ ചേർക്കുകയോ ചെയ്താൽ അടുത്ത കൊല്ലത്തിൽ അതിലുണ്ടാകുന്ന വളർച്ച തൃപ്തികരമാകാതെ വരുന്നതല്ല. ഏകദേശം മൂന്നുമാസത്തോടടുത്തു ചെടികൾ അഞ്ചാറടി ഉയരത്തിലെങ്കിലും വളരുമ്പോൾ മഞ്ഞപ്പൂക്കുലകൾ പ്രത്യക്ഷപ്പെടുന്നതാണ്. ഈ പൂക്കൾ കൊഴിഞ്ഞു് ചെറുകായ് പിടിച്ചുതുടങ്ങുന്ന അവസരത്തിലാണു ചെടികളെ വെട്ടി വളമായുപയോഗിക്കേണ്ടതു്. സമൃദ്ധിയായി വളരുന്ന ഒരേക്കറിൽനിന്നും നാല്പതുവണ്ടി ചവറുവരെ ലഭിക്കും.

### ദയിഞ്ച

ചടമ്പുപോലെതന്നെ വളർത്താവുന്ന ഒരു വിളവാണു ദയിഞ്ച. ജലക്കെട്ടുള്ള സ്ഥലത്തും ഇതു നല്ലവണ്ണം വളരുന്നതാണ്. ഓരുഭൂമികളിൽ ഈ പച്ചിലവളപ്രയോഗം ഏററവും കാര്യക്ഷമമായി അനുഭവപ്പെട്ടുന്നുണ്ട്. കൃഷിയുടെ രീതി മുൻപ്രകാരംതന്നെയെങ്കിലും, വിത്തു ഏക്കറൊന്നിനു ഏഴിടങ്ങഴിയോളം മതിയാകും.

### ബോഗാ

തിങ്ങിവളരുന്ന വലിയജാതി കുററിച്ചെടിയുടെ സ്വഭാവമുള്ളതാണ് ഇതു്. സാധാരണ ജലക്കെട്ടില്ലാത്തതും, മണ്ണ് ഉളക്കമുള്ളതുമായ എവിടെയും ഈ വിളവു് ഭംഗിയായി വളർന്നുകൊള്ളും. തെങ്ങിൻതോപ്പുകളിലും ഫലവൃക്ഷനിരകളുടെയിടയ്ക്കും മദ്ധ്യേയായി രണ്ടോമൂന്നോ വരി വളർത്തുവാൻ വളരെ സൌകര്യമായിരിക്കും. പ്രതിവർഷം ഇതിൽനിന്നും കുഴവെട്ടി എടുത്തുകൊണ്ടിരിക്കാം. അഞ്ചോ ആറോ വർഷക്കാലം അതു തഴച്ചുവളർന്നു കുററിച്ചെടിയായി നില്ക്കുന്നതായാൽ മണ്ണൊലിപ്പിനും കാര്യമായ ഉപശാന്തി നൽകുവാൻ അതിനുകെല്പുണ്ട്.

### കാട്ടുവക്ക്

കിലുക്കാച്ചെടിയെന്നും ക്രൊട്ടോലേറിയാ സ്ട്രിയാററാ (crotolaria striata) എന്നും പേർ പറഞ്ഞുപോരുന്നതും തകരയുടെ ഇനത്തിൽപെട്ടതുമായ ഒരു ചെടിയാണ ഇതു്. കരുനാഗപ്പള്ളിയിൽ കൃഷ്ണപുരത്തു സ്ഥാപിച്ചു നടത്തിപ്പോരുന്ന നാളികേരഗവേഷണതോട്ടത്തിൽ ഈ ചെടി സമൃദ്ധിയായി വളർന്നുവരുന്നതു് പലരും കണ്ടിരിക്കാനിടയുണ്ട്. അതും ചടമ്പുപോലെ വിതച്ചു വളർത്തി വളമായുപയോഗിക്കാവുന്നതാണ്.

മൊച്ച, മുതിര, പയറ്, ഈജാതി വിളവുകൾപോലും വിദേശങ്ങളിൽ മുൻപ്രകാരം വളർത്തി വളർച്ചപ്പണ ഉഴുതുമണ്ണോടുചേർത്തു വരുന്നുണ്ട്. ഈ വിധം ചെയ്യുന്നതു് ഒരു വിളവിനെ നഷ്ടപ്പെടുത്തുകയല്ലേ എന്നൊരു സംശയം ചിലർക്കുണ്ടായേക്കാം. അതിനു സമാധാനം ഇതാണ്.— ക്ഷീണപ്രായമായതോ, അഥവാ സാമാന്യപുഷ്ടിയുള്ളതോ ആയ രണ്ടു വിളവു് തുടർച്ചയായി പ്രതിവർഷം ഒരു സ്ഥലത്തുനിന്നും നീക്കം ചെയ്തുകൊണ്ടിരിക്കുന്നുവെന്നു വിചാരിക്കുക വളപുഷ്ടി കുറഞ്ഞ ആ മണ്ണിൽ എത്രവളം ചേർത്താലാണ് നല്ലവിളവു ലഭിക്കുന്നതു്; അതിനുള്ള ചെലവു് എന്താകും? അതിനു പകരം ഒരു കൊല്ലം ഈ പച്ചിലവളം കൃഷിചെയ്തു വളമായുപയോഗിക്കുമ്പോൾ, തല്ക്കാലം ആ വളവിൽനിന്നും ഒരാക്കം വരവു ഒന്നുംതന്നെ ലഭിക്കുന്നില്ലെങ്കിലും, കാര്യമായ ചെലവൊന്നുമില്ലാത്ത ആ വളപ്രയോഗംമുഖേന ആ മണ്ണിനു വന്നുചേരുന്ന വളപുഷ്ടിയേയും തന്മൂലം അടുത്ത രണ്ടു മൂന്നു സംവത്സരക്കാലം വിളവുകൾക്കു സിദ്ധിക്കുന്നഅസാമാന്യമായ അഭിവൃദ്ധിയേയും വിലവച്ചു് മൊത്തത്തിൽ ആ സ്ഥലത്തുനിന്നും ലഭിക്കുന്ന ആദായം കണക്കാക്കിയാൽ ഈ പുതിയ സമ്പ്രദായമാണ് ഉത്തമവും ഏററവും ലാഭകരമായതുമെന്നു ബോദ്ധ്യമാകുന്നതാണ്. അതിനാലത്രേ യുക്തിയായ കാർഷികരീതികൾ നടപ്പിലിരിക്കുന്ന പാശ്ചാത്യരാജ്യങ്ങളിലും ഭാരതത്തിൽപോലും പലപ്രദേശങ്ങളിലും രണ്ടോ മൂന്നോ സംവത്സരത്തിലൊരിക്കൽ ഈവിധം ഒരു പച്ചിലവളകൃഷി ഉൾപ്പെടുന്ന ഒരു കൃഷിപര്യായംതന്നെ അവിടങ്ങളിൽ നടപ്പിൽ കൊണ്ടുവന്നിട്ടുള്ളതു് (ഒന്നിലധികം ജാതി വിളവുകളെ ഒരേസ്ഥലത്തു ഒരു നിശ്ചതക്രമമനുസരിച്ചു് മാറിമാറി കൃഷിചെയ്യുന്ന രീതിക്കാണ് കൃഷിപര്യായം എന്നുപറയുന്നതു്.)

മുൻപ്രകാരം പച്ചിലച്ചവറിനുവേണ്ടി ചെടികൾ വളർത്തുമ്പോൾ അതു് വേറൊരുസ്ഥലത്തു പ്രയോഗിക്കുവാൻ ഉദ്ദേശിക്കുന്നപക്ഷം ചെടികൾ പിഴുതെടുക്കുന്നതിനേക്കാൾ നല്ലതു് രണ്ടുമൂന്നിഞ്ച് നീളത്തിൽ മൂടുനിറുത്തി വെട്ടിയെടുക്കുന്നതാണ്. കുററിയും വേരുപടലവും മണ്ണിൽ ശേഷിക്കുന്നതുമൂലംതന്നെ ലഘുവായ ഒരു വളപ്രയോഗത്തിന്റെ ഫലം ആ മണ്ണിനു് സിദ്ധിക്കുന്നതാണ്.

ഇപ്രകാരം ചവറുവളർത്തുമ്പോൾ അതു് മണ്ണിലുള്ള വളപുഷ്ടി അപഹരിച്ചുകൊണ്ടു് അതു് മണ്ണിനെ കൂടുതൽ പാപ്പരാക്കുകയല്ലേ ചെയ്യുന്നതു് എന്നൊരുഭ്രമം ചിലർക്കുണ്ടായേക്കാം. അപ്രകാരം ഭയപ്പെടേണ്ടതില്ല. പയറുവർഗ്ഗത്തിൽപ്പെട്ട സസ്യങ്ങൾക്കു ഒരു വിശേഷതയുണ്ട്. വളരെയധികം നൈട്രജൻ അടങ്ങിയിരിക്കുന്നതും കടുകമണിപോലെ ചെറുതുമായ അനവധിഗോളങ്ങൾ വേരുപടലത്തിൽഒട്ടിയിരിക്കുന്നതായി കാണാം. അതു് മണ്ണിലുള്ള ഒരുജാതി അണുക്കൾ അന്തരീക്ഷവായുവിൽനിന്നും സംഗ്രഹിച്ചു നിക്ഷേപിക്കുന്ന അമൂല്യധനമാണ്. മററുവിധത്തിൽ അത്ര സുലഭമല്ലാത്ത ഒരു നൈട്രജസമ്പാദനമാണ് അതു്. നൈട്രജനാണ് പ്രായേണ എല്ലാ കാർഷികമണ്ണിലും കുറവായികാണപ്പെടുന്ന സസ്യപോഷകാംശം. അതു സുലഭമാക്കാമെങ്കിൽ ഇതര പോഷകാംശങ്ങളെപ്പററിയുള്ള പ്രശ്നം അത്രത്തോളം വിഷമകരമല്ലെന്നുതന്നെ പറയാം. അതിനുപുറമേ, പയറുവർഗ്ഗത്തിൽപെട്ട ഒരു കൃഷിയെടുത്തുകഴിയുന്നതോടുകൂടി അവിടത്തെ മണ്ണ്, മേലാൽ അവിടെ ഇറക്കുന്ന വിളവുകളുടെ വളർച്ചയ്ക്കു കൂടുതൽ യോജിച്ചിരിക്കത്തക്കവണ്ണം മുമ്പന്നത്തേക്കാൾ പല പ്രകാരത്തിൽ കൂടുതൽ ആശാസ്യമായ ബാഹ്യഘടനയും വളപുഷ്ടിയും ഉള്ളതായിത്തീർന്നിരിക്കുന്നതുമാണ്.

## പച്ചിലവളം ചേർക്കുന്നരീതി

പച്ചിലവളത്തിനു വളർത്തുന്ന ചെറുജാതി ചെടികൾ, വളർച്ച ഏകദേശം പൂർത്തിയാക്കി പൂത്തുനിരന്നശേഷം കായ് രൂപമെടുത്തുവരുന്ന അവസരത്തിലാണ് വെട്ടിയെടുത്തുവളമായുപയോഗിക്കേണ്ടതു്. അതിനുമുമ്പു അതിൽ വളാംശം പൂർണ്ണമായി എത്തിച്ചേർന്നിരിക്കുന്നതല്ല. അതിനുശേഷം അതു മൂത്തുമുരടിച്ചുപോയാൽ എളുപ്പത്തിൽ ദ്രവിച്ചുമണ്ണിൽ ചേരുന്നതുമല്ല.

പറമ്പിലും പാടത്തിലും ഈ വളം ഇതേരൂപത്തിൽ പ്രയോഗിക്കാം. തെങ്ങുംതോപ്പുകളിൽ ചാലുകൾകീറി അതിൽ രണ്ടുമൂന്നിഞ്ച് ഘനത്തിൽ ഈ ചവറിട്ടുമൂടിയിടണം. നെൽപാടത്തിൽ നീററിലുഴവുകഴിഞ്ഞു് ചെളിയിൽ നിരപ്പെ ചവറുനിരത്തി ചവിട്ടിത്താഴ്ത്തണം. പറമ്പുകളിൽ പച്ചിലച്ചവറോടുകൂടി ഏക്കറൊന്നിനു് നാലോ അഞ്ചോ പാട്ട കമ്മായംകൂടി വിതറിച്ചേർക്കുന്നതു് നന്നായിരിക്കും. നെൽപാടത്തു് സൂപ്പർഫാസ്ഫേററ് എല്ലുപൊടിയോകൂടി ചേർക്കേണ്ടിവരുന്നതാണ്.

ധനു മകരത്തിൽ കൊയ്ത്തുകഴിഞ്ഞാൽ പല പ്രദേശങ്ങളിലും അടുത്തകൃഷിക്കു മൂന്നുമാസത്തോളം കാലതാമസം വരുന്നതിനാൽ അക്കാലത്തു നിലത്തിൽ ഒരു പച്ചിലവളം കൃഷിനടത്തുന്നതിനുള്ള സാഹചര്യങ്ങൾ ഇല്ലാതില്ല. കൊയ്ത്തുസമയത്തു മണ്ണിൽ സാമാന്യം ഈർപ്പമുള്ളപക്ഷം അവിടെ വിത്തുവിതച്ചു ഒന്നുരണ്ടുചാൽ ഉഴുതു മരമടിച്ചാൽ ആ ജോലി പൂർത്തിയാകുന്നതാണ്. തൃപ്തികരമായി മുളച്ചുനിരന്നു ഒരു ചാൺ വളർച്ചവന്നാൽ പിന്നീടു്, അതിനെപ്പററി ക്ലേശിക്കേണ്ട ആവശ്യംവരാതെ അതു വളർന്നുകൊള്ളുകയും ചെയ്യും. കുറഞ്ഞതു് ഒരു നൂറുരൂപായുടെ വിലയ്ക്കുള്ള വളം ഈവിധം ലഭിക്കുമെങ്കിൽ എന്തുകൊണ്ടു ഈ രീതി നാം സ്വീകരിച്ചുകൂടാ?

ഈ വിളവുകളിൽ ചടമ്പ്, മുതലായ ഏതാനും ചെടികൾ കാലികൾ തിന്നുന്നവയാണ്. അതിനാൽ കാലികളിൽനിന്നും അവയ്ക്കു രക്ഷ നൽകേണ്ടിവരുന്നു. എന്നാൽ തകര, കാട്ടുവക്ക് ആദിയായവ കാലിക്കും അത്ര ഇഷ്ടമല്ല, എന്നാൽ കടലാസ്സും തുണിക്കഷണങ്ങളും തിന്നു നടക്കുന്ന നമ്മുടെ പട്ടിണിക്കോലങ്ങളായ മൃഗങ്ങൾ അതിനേയും വിട്ടേയ്ക്കുമോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ഈവിധം വളർത്തുന്ന പച്ചിലവളത്തിനുള്ള ചവറ്, തല്ക്കാലം ആവശ്യം നേരിടാത്തപക്ഷം കമ്പോസ്റ്റുവളമായി രൂപാന്തരപ്പെടുത്തി സംഭരിക്കാവുന്നതാണ്. പോഷകാംശം കുറവുള്ളതും പാഴായ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതുമായ വയ്ക്കോൽപൊടി, ഉമി, പഴയോലപ്പൊടി ആദിയായ സാധനങ്ങൾ ഈ പച്ചച്ചവറുമായി കലർത്തി കമ്പോസ്റ്റുചെയ്താൽ അതു ഒന്നാന്തരം വളമായിത്തീരുന്നതാണ്.

വേലിയരികിനും പാഴ്ത്തറകളിലും മലഞ്ചരിവുകളിലും നല്ലജാതി കുഴവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതു മുഖേനയും ധാരാളം പച്ചിലച്ചവറ് സുലഭമാക്കാവുന്നതാണ്.

ഈവിധമെല്ലാം നമ്മാൽ കഴിവതുപോലെ പച്ചിലവളം സുലഭമാക്കുവാനുള്ള പ്രായോഗികമാർഗ്ഗങ്ങൾ നാം കൈക്കൊള്ളുന്നപക്ഷം ഇന്നു ദുർല്ലഭമായിരിക്കുന്ന 'വളം' നമ്മുടെ ആവശ്യങ്ങൾക്കെല്ലാം മതിയാകുന്നിടത്തോളം ഉല്പാദിപ്പിക്കുവാൻ സാധിക്കുന്നതാണ്.

—o—



ടെലിവിഷൻ യന്ത്രനിർമ്മാണം. (വിവരണത്തിനു ൧൩-ാം പേജ് നോക്കുക)

# ബാപ്പുജിയുടെ ഒരുദിവസം

വിദ്വാൻ കെ. എൻ. പരമേശ്വരൻപിള്ള

മഹാത്മാഗാന്ധിയുടെ മഹനീയതയ്ക്കുള്ള ഒരു കാരണം, ജീവിതത്തിന്റെ ഓരോഭാഗവും അവിടുന്ന് ഏററവും പ്രയോജനകരമാക്കിത്തീർത്തതാണ്. അലസത ആ ലോകാചാര്യന്റെ ജീവിതനിഘണ്ടുവിലില്ലാത്ത ഒരു പദമാകുന്നു. ഏതുജോലിയും നിശ്ചിതമായ ഒരു കാര്യപരിപാടിയനുസരിച്ച് ചെയ്തുപോന്നു. തോന്നുമ്പോൾ ഓരോന്ന് പ്രവർത്തിക്കുന്ന സമ്പ്രദായം ബാപ്പുജിക്കുണ്ടായിരുന്നില്ല. ജോലി മുഴുവൻ തീരുമ്പോൾ ദിവസവും അവസാനിക്കും. ദിനരാത്രങ്ങൾ ഏതുവിധവും തള്ളിനീക്കുവാനുള്ള ഒരു കൃത്യവും അദ്ദേഹം ഒരിക്കലും ചെയ്തിരുന്നില്ല. കൃത്യനിഷ്ഠയുടെ ഒരു ഉത്തമമാതൃകയായിരുന്നു ഗാന്ധിജി. ഒരു പോക്കററുവാച്ച് എപ്പോഴും കൈയിലുണ്ടായിരിക്കും. ഘടികാരത്തിന്റെ സൂചിയുടെ പ്രവർത്തനത്തിന് വിധേയമായി ദിനകൃത്യങ്ങൾ വിഭജിക്കപ്പെട്ടിരുന്നു. സന്ദർശകന്മാരുമായി സംസാരിക്കുന്നതിനുള്ള സമയം നിശ്ചയിച്ചാൽ, അതുകഴിയുമ്പോൾ ബാപ്പുജി വാച്ചെടുത്ത് കാണിച്ചുകൊടുക്കുവാൻ മടിക്കാറില്ല.

വെളുപ്പാൻകാലത്ത് കൃത്യം നാലുമണിക്ക്—ബ്രാഹ്മമുഹൂർത്തത്തിൽ—മഹാത്മജി ഉണർന്നിരുന്നു. ഒഴിച്ചുകൂടാൻപാടില്ലാത്ത ജോലിത്തിരക്കുകൾ വന്നുചേർന്നാൽ രണ്ടോ, മൂന്നോ മണിയാകുമ്പോൾ എഴുന്നേല്ക്കാൻ നിർബ്ബന്ധിതനാകും. നിത്യകർമ്മങ്ങൾക്കുശേഷം അഞ്ചുമുതൽ അഞ്ചരവരെ ആശ്രമവാസികളുമൊരുമിച്ച് പ്രാർത്ഥനയിലേർപ്പെടുന്നു. അനന്തരം ഏതെങ്കിലും ജോലി ചെയ്യുകയോ വിശ്രമിക്കുകയോ ചെയ്യും. പിന്നീടാണ് ലഘുഭക്ഷണം; കോലാട്ടിൻപാലും, മധുരനാരങ്ങയും, റൊട്ടിയും, ശർക്കരയും ലഘുഭക്ഷണത്തിന് ഉപയോഗിക്കാറുണ്ട്. അതിന്റെ ശേഷം നടക്കാൻ ഇറങ്ങുകയായി. നാലു മൈൽ ദൂരം സഞ്ചരിക്കും. യാത്ര വളരെ വേഗത്തിലാണ്; സന്ദർശകന്മാരും, അതിഥികളും ഈ യാത്രയിൽ ഗാന്ധിജിയെ അനുഗമിക്കാതിരിക്കയില്ല. അവരുടെ സംശയങ്ങൾ തീർക്കുന്നതിനും അവർക്കു ഉപദേശങ്ങൾ നൽകുന്നതിനും ഈ സമയം വിനിയോഗിക്കുന്നു. ചില സന്ദർഭങ്ങളിൽ കുട്ടികളും പ്രഭാതസവാരിയിൽ പങ്കുകൊള്ളാറുണ്ട്. ബാലികാബാലന്മാരുമായി ഫലിതം പറഞ്ഞു രസിക്കുവാൻ ബാപ്പുജിക്കുള്ള പ്രാഗത്ഭ്യം സുപ്രസിദ്ധമാണല്ലോ. ചെറുപ്പകാലങ്ങളിൽ ഒരുദിവസം അമ്പതുമൈൽവരെ നടന്നിട്ടുള്ളതായി മഹാത്മജി രേഖപ്പെടുത്തിയിട്ടുണ്ട്. അവസാനദിവസംവരെ ഗാന്ധിജി ഈ വിഭാതസഞ്ചാരം ഉപേക്ഷിച്ചിട്ടില്ല. വലിയ മഴയോ തണുപ്പോ ഉള്ളപക്ഷം വരാന്തയിലായിരിക്കും ഉലാത്തുന്നത്. "ആഹാരം ലഭിച്ചില്ലെങ്കിലും സാരമില്ല; നടക്കാതിരിക്കാൻ സാദ്ധ്യമല്ല" എന്നാണു ബാപ്പുജിയുടെ അഭിപ്രായം. സവാരികഴിഞ്ഞു വന്നാൽ അല്പനേരം വിശ്രമിക്കും. പിന്നീട് ആശ്രമം വൃത്തിയാക്കുക, കക്കൂസുമുറി ശുചിയാക്കുക, വസ്ത്രം അലക്കുക, ആഹാരം പാകപ്പെടുത്തുക, പാത്രംതേയ്ക്കുക, കറിസാധനങ്ങൾ നുറുക്കുക എന്നിങ്ങനെയുള്ള ജോലികളിൽ സഹകരിക്കുന്നു. എട്ടരമണിമുതൽ ഒരുമണിക്കൂർനേരം എഴുത്തു, വായന, സന്ദർശകസ്വീകരണം എന്നിവയ്ക്കായി വിനിയോഗിക്കുന്നു. ഏതു പാവപ്പെട്ടവനും വലിയവനും മഹാത്മജിയെ സന്ദർശിച്ചു സംസാരിക്കാം. ഏതു സംശയങ്ങളും ചോദിക്കാം.

ഒൻപതരമണിക്ക് എണ്ണതേയ്ക്കും; ചെറുനാരങ്ങാനീരും ഒലീവ് എണ്ണയും കൂട്ടിച്ചേർത്തു കുഴമ്പാക്കിയിട്ടാണ് ശരീരത്തിൽ പുരട്ടുന്നതു്. തൈലലേപനത്തിനു ശേഷം കുറെനേരം ഉലാത്തനം ചെയ്തുകൊണ്ടിരിക്കും. സാധാരണ ചൂടുവെള്ളത്തിലാണ് കുളി, കട്ടികൂടിയ ഖദർ തോർത്തുകൊണ്ടു തുടച്ച് ശരീരം സ്വച്ഛമാക്കും. സ്നാനാനന്തരം പതിനൊന്നുമണിക്കു ഭക്ഷണം കഴിക്കും. ആശ്രമവാസികളെല്ലാവരും ഭക്ഷണത്തിനു കൂടെയിരിക്കണമെന്നു ബാപ്പുജിക്കു നിർബന്ധമുണ്ട്. മന്ത്രോച്ചാരണത്തോടുകൂടിയാണു ഭോജനമാരംഭിക്കുന്നതു്. ഭക്ഷണം അല്പമാത്രവും, ലഘുതരവുമായിരിക്കും. ദിവസവും ഭക്ഷണസാധനങ്ങളിൽ മാററം വരുത്തുന്നതിനു വിരോധമില്ല. ഒരു ദിവസം അഞ്ചുതരം സാധനങ്ങളിൽ കൂടുതൽ ഉപയോഗിക്കാറില്ല. ആഹാരം ശരിയായി ചവച്ചരച്ചിറക്കും. കോലാട്ടിൻപാലും റൊട്ടിയും പ്രധാനമാണ്. സസ്യാദികൾ കൊണ്ടുണ്ടാക്കിയ ഉപദംശങ്ങൾ ഉപയോഗിക്കും. പക്ഷേ ഉപ്പും മുളകും ചേർക്കാൻ പാടില്ല. മുന്തിരിപ്പഴം, മാമ്പഴം, ആപ്പിൾപ്പഴം എന്നിവയും ചിലപ്പോൾ ഭക്ഷണസാധനങ്ങളിൽ ഉൾപ്പെടുത്തും. ചായ ഒരിക്കലും ഉപയോഗിച്ചിട്ടില്ല. തേനും സോഡയും ചേർത്ത ചൂടുവെള്ളമാണു പാനീയപദാർത്ഥം.

ആഹാരത്തിനുശേഷം അല്പസമയം വിശ്രമിക്കുന്നു. കാച്ചുനേരം ഉറങ്ങാതെയുമിരിക്കുന്നില്ല. ഒരുമണിക്കു വീണ്ടും ജോലിയിൽ പ്രവേശിക്കുന്നു. കുന്നുകുന്നായി വന്നുകൂടുന്ന എഴുത്തുകളും മററും വായിച്ച് മറുപടി തയ്യാറാക്കുകയാണ പിന്നീടുചെയ്യുന്ന പ്രവൃത്തി. വരുന്ന എഴുത്തുകളിൽതന്നെ ബാക്കിയുള്ള കടലാസ് മറുപടിയെഴുതാൻ ഉപയോഗിക്കും. അന്തേവാസികളിൽ ആരെങ്കിലും ക്ലാർക്കിന്റെ ജോലി വഹിക്കും. ഹിന്ദിയിലും ഗുജറാത്തിയിലുമാണ അധികം മറുപടികളും തയ്യാറാക്കുന്നതു്. ഇംഗ്ലീഷിലെഴുതേണ്ട സന്ദർഭം വരുമ്പോൾ ആ ഭാഷയിലും മറുപടി തയ്യാറാക്കാതിരിക്കയില്ല. പിന്നീടു വീണ്ടും സന്ദർശകരെ സ്വീകരിക്കുന്നു. അവരുമായി ഏതു കാര്യങ്ങളെക്കുറിച്ചും ചർച്ചകൾ നടത്തും. ഗ്രന്ഥകാരന്മാർ അയയ്ക്കുന്ന പ്രധാനപ്പെട്ട പുസ്തകങ്ങൾ വായിക്കുന്നതും ഈ സന്ദർഭത്തിലാണ്. നാലരമണിവരെ ഈ ജോലി നീണ്ടുനില്ക്കുന്നു. നാലരയ്ക്ക് നൂൽനൂല്ക്കാനിരിക്കും. അരമണിക്കൂർ സമയം നൂൽനൂൽക്കും. ചക്രപ്രവർത്തനം കഴിഞ്ഞാൽ അസ്തമയത്തിനു മുൻപുതന്നെ ഭക്ഷണം കഴിക്കും. ഭക്ഷണാനന്തരമാണ് സായംകാലപ്രാർത്ഥന. മരണംവരെ മഹാത്മജി പ്രാർത്ഥനമുടക്കിയിട്ടില്ല. അൻപതു കൊല്ലത്തിനിടയ്ക്കു ഒരു ദിവസവും പ്രാർത്ഥന നടക്കാതിരുന്നില്ല. കസ്തൂർബായുടെ മരണദിവസവും ബാപ്പുജി പ്രാർത്ഥനയിൽ പങ്കുകൊണ്ടു. പ്രാർത്ഥനയ്ക്കുശേഷവും കുറെനേരം നടക്കും. ഒൻപതുമണിക്കുതന്നെ കിടക്കും. ഉടൻതന്നെ ഉറങ്ങുകയുംചെയ്യും. നിദ്രാദേവി ഒരിക്കലും ബാപ്പുജിയുമായി കലഹിച്ചിട്ടില്ല. മരക്കട്ടിലിൽ 'ഖദർകോസടി'യിലാണുകിടപ്പ്. ഉന്നത സ്ഥലങ്ങളിൽ മാത്രമേ കിടക്കുകയുള്ളു. കൊട്ടാരത്തിലും, കുടിലിലും, ജയിലിലും ഈ ദിനചര്യയ്ക്കു മാററമുണ്ടായിട്ടില്ല.

മഹാത്മജിയുടെ അന്ത്യദിനത്തിൽ ഒടുവിൽ സന്ദർശനം നടത്തിയയാൾ സർദാർ വല്ലഭായിപട്ടേലായിരുന്നു. അനന്തരം ഭക്ഷണത്തിനിരുന്നു. ഹരിദാസ് എന്ന പേരുള്ള ഒരു ഹരിജനാണ് ആഹാരസാധനങ്ങൾ വിളമ്പിയതു്. എഴുതുടം ആട്ടിൻപാലും, മധുരനാരങ്ങയും ഭക്ഷണത്തിനുപയോഗിച്ചു. ഒരു മണിക്കൂർകൂടി കഴിഞ്ഞു, പ്രാർത്ഥനയ്ക്കുള്ള സമയമായി. ഭക്താഢ്യകളായ ആശ്രമവനിതമാരുടെ സഹായത്തോടുകൂടി അവിടുന്നു പ്രാർത്ഥനാലയത്തിലെത്തി.

"സ്വാതന്ത്ര്യപ്പൊൻമാല്യം നൽകി
തടവും സത്യത്തിന്റെ
പൂതമാം കൈകൾക്കല്ലോ
കടിച്ചു! മൂർഖപ്പാമ്പേ!
കഷ്ടിച്ചുരണ്ടോ മൂന്നോകാരിരുമ്പിൻ തുണ്ടുകൾ!
നഷ്ടമായതോ ജീവാത്മാക്കൾ നാല്പതുകോടി!!

ശാന്തി! ശാന്തി!

---



കാറൽസാൻഡ്ബർഗ്ഗ്—യു. എസ്-ലെ ഒരു കവിയായ ഇദ്ദേഹം എബ്രഹാംലിങ്കന്റെ ജീവചരിത്രകാരൻകൂടിയാണ്. ലിങ്കണേയും ലിങ്കന്റെ കാലത്തേയും സംബന്ധിക്കുന്ന കത്തുകളും, രേഖകളും മററും അടങ്ങിയ "ലിങ്കൺ കളക്ടർ" എന്നൊരു ഗ്രന്ഥം ഈ ഫെബ്രുവരിയിൽ അദ്ദേഹം പ്രസിദ്ധപ്പെടുത്തുകയുണ്ടായി.

## ടെലിവിഷൻ യന്ത്രനിർമ്മാണം

(വിവരണം)

യു. എസ്-ന്റെ നാനാഭാഗങ്ങളിലുമുള്ള ജനങ്ങൾക്കു ടെലവിഷൻമുഖാന്തിരം വിജ്ഞാനവും വിനോദവും ലഭിക്കുന്നു. ടെലവിഷൻ ഉപയോഗപ്പെടുത്തുന്ന ഒരാൾക്ക് അയാളുടെ വീട്ടിൽ ഇരുന്നുകൊണ്ടുതന്നെ ഏററവും പുതിയ വിശേഷങ്ങൾ കാണാനും കേൾക്കാനും, നാടകങ്ങളും നൃത്തങ്ങളും കണ്ടും കേട്ടും ആനന്ദിക്കാനും, രാഷ്ട്രീയപ്രാധാന്യമുള്ള സംഭവങ്ങൾ നേരിട്ടു ശ്രദ്ധിച്ചു മനസ്സിലാക്കുവാനും കഴിയും. ദൂരെയുള്ള നഗരങ്ങളിൽ താമസിക്കുന്ന ആയിരക്കണക്കിനുള്ള ഡാക്ടറന്മാരും, നഴ്സുമാരും, വിദ്യാർത്ഥികളും ടെലവിഷൻമുഖാന്തിരം ശസ്ത്രക്രിയകൾ നോക്കിക്കാണുന്നു.

നിഷ്കൃഷ്ടമായ ഗവേഷണങ്ങളുടേയും; ആധുനിക ഉല്പാദനവ്യവസ്ഥകളുടേയും ഫലമായാണ് ടെലവിഷൻവ്യവസായം യു. എസ്-ൽ ഇത്ര പെട്ടെന്നു അഭിവൃദ്ധി പ്രാപിച്ചിട്ടുള്ളതു്. ൧൯൪൫ ഒടുവിൽ ലോകമഹായുദ്ധം അവസാനിക്കുമ്പോൾ യു. എസ്-ൽ ആകെ പതിനായിരം റിസീവിംഗ് സെററുകളാണുണ്ടായിരുന്നതു്. ഇപ്പോഴേയ്ക്കു അതു ൧൦ ലക്ഷമായി വർദ്ധിച്ചിരിക്കുന്നു. ൧൯൫൦ ഒടുവിലേയ്ക്കു ഇതു് അൻപതു ലക്ഷമായി വർദ്ധിക്കുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ടെലവിഷൻ ഉല്പാദിപ്പിക്കുന്നതാണ് 15-ാംവശത്തെ ചിത്രത്തിൽ കാണുന്നതു്.

---

# പതിനാറുവയസ്സുള്ള അമ്മയ്ക്കു് പതിനൊന്നുവയസ്സുള്ള മകൻ

## ലോകം ഇതുവരെ കേട്ടിട്ടില്ലാത്തതും വൈദ്യലോകത്തെ അമ്പരപ്പിച്ചതുമായ അത്ഭുതസംഭവം

കേവലം അഞ്ചരവയസ്സു പ്രായമുണ്ടായിരുന്നപ്പോൾ ഒരാൺകുട്ടിയെ പ്രസവിക്കുകമൂലം ൧൯൩൯-ൽ വൈദ്യലോകത്തെ അമ്പരപ്പിച്ച ലീനാമെഡീന എന്ന പെറൂക്കാരിയായ പെൺകുട്ടി, താൻ അനുജനെന്നു വിചാരിച്ചു പെരുമാറിപ്പോന്ന കുട്ടി തന്റെ മകനാണെന്നു ഇപ്പോൾ ആദ്യമായി മനസ്സിലാക്കിയിരിക്കുന്നു. ലീനയ്ക്കു് ഇപ്പോൾ ൧൬ വയസ്സു പ്രായമാണുള്ളതു്. അവൾ ഇപ്പോഴും സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുകയാണ്. കുറുകിയ ശരീരവും, തടിച്ച കാലുകളും, തികഞ്ഞമാറും, തിളങ്ങുന്ന കണ്ണുകളും ആൻഡിയൻ ഇന്ത്യക്കാരുടെ മുഖഛായയും ഉള്ള ഒരു പെൺകുട്ടിയാണവൾ. ൧൧ വയസ്സു പ്രായമുള്ള ഒരു ചൊടിയുള്ള കുട്ടിയായി വളർന്നുവരുന്ന അവളുടെ മകൻ ടിക്രാപ്പോയിലെ ഒരു സ്കൂളിൽ പഠിച്ചുവരുന്നു. കുട്ടിയായിരുന്നപ്പോൾപോലും ജീവനില്ലാത്ത പാവയെക്കൊണ്ടു ലീനയ്ക്കു് കളിക്കേണ്ടിവന്നിട്ടില്ല. അവളുടെ മകൻതന്നെയായിരുന്നു അവളുടെ കളിപ്പാവ.

കഴിഞ്ഞ സെപ്തംബർ ൨൩-ാംനു ലീനയ്ക്കു പതിനാറുവയസ്സു പൂർത്തിയായി. അവളുടെ മകൻ, അവളുടെ അച്ഛനൊന്നിച്ചു കുറെ അകലെയാണ താമസിക്കുന്നതു്. സ്കൂൾ ഒഴിവുകാലത്തു അച്ഛന്റെ വീട്ടിൽ പോകുമ്പോൾ മാത്രമാണ അവൾ മകനെ കാണുന്നതു്.

ലീനയുടെ പ്രസവം നടത്തിയ ഡാക്ടറന്മാരും അതിനു സഹായിച്ച മിഡ്‌വൈഫും അവളെ പറഞ്ഞു വിശ്വസിപ്പിച്ചിരുന്നതനുസരിച്ചു കഴിഞ്ഞ വെക്കേഷൻകാലംവരെ തന്റെ മകനെ അനുജനായിട്ടാണ അവൾ ധരിച്ചു പെരുമാറിപ്പോന്നതു്. കഴിഞ്ഞ വെക്കേഷന അച്ഛനാണ അവളോടു മകനാണെന്ന വസ്തുത പറഞ്ഞതു്. ഇതു കേട്ടപ്പോൾ ലീന പൊട്ടിക്കരഞ്ഞുപോയി. വളരെ ദിവസങ്ങളോളം കരഞ്ഞു കഴിച്ചുകൂട്ടുകയും ചെയ്തു.

ഒരമ്മയായിത്തീരുവാൻ ലീന ഒരു പ്രകാരത്തിലും ഉത്തരവാദിയല്ലെന്നു ഡാക്ടറന്മാർ അഭിപ്രായപ്പെടുന്നതിനാൽ, അവളെ ആരും ആക്ഷേപിക്കുന്നില്ല. ഈ കുട്ടിയുടെ പിതൃസ്ഥാനം ആർക്കാണെന്നും കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടില്ല. മൂന്നുമാസം പ്രായമുള്ളപ്പോൾതന്നെ ലീന സാധാരണമല്ലാത്തവിധം വളച്ചു പ്രാപിച്ചു. ലീനയുടെ പ്രസവം നടത്തിയ ഡാക്ടർ പറയുന്നതു്, തന്റെ ആശുപത്രിയിൽ ൧൯൪൦ ഒടുവിൽ നടന്ന ൫൦൦൦ പ്രസവത്തിൽ ഉണ്ടായ പെൺകുഞ്ഞുങ്ങളിൽ, മൂന്നെണ്ണം ഈ വിധം അസാധാരണമാംവിധം വളർന്നുവെന്നാണ്.

ലീനയുടെ മാതാവു് തന്റെ മകൾക്കു ഗർഭമുണ്ടെന്നു മനസ്സിലാക്കിയതെങ്ങിനെയെന്നുള്ളതുതന്നെ ഒരു കഥപോലെയിരിക്കും. ലീനയ്ക്കു ഓക്കാനവും ക്ഷീണവും ഉണ്ടാകാൻ തുടങ്ങിയപ്പോൾ അവൾക്കു മലേറിയാ പിടിപെട്ടിരിക്കുമെന്നവർ വിചാരിച്ചു. ൧൯൩൯ ജനുവരിയിലാണിതു്. അന്നു് അവളുടെ അച്ഛൻ അകലെ ജോലിക്കുപോയിരിക്കുകയായിരുന്നു. നിലത്തു ഉറങ്ങിക്കിടന്നിരുന്ന ലീനയുടെ വയററിൽ അമ്മ യാദൃച്ഛികമായി കൈവച്ചു. അകത്തു് എന്തോ പിടയ്ക്കുന്നതായി അവർക്കു തോന്നി. അവർ പേടിച്ചുപോയി. ഭർത്താവുവന്നപ്പോൾ വിവരം പറയുകയുംചെയ്തു.

ചില മന്ത്രവാദികളുമായി അച്ഛൻ ആലോചന നടത്തിയെങ്കിലും ഫലമൊന്നും ഉണ്ടായില്ല. ഒടുവിൽ അവരുടെ ഗ്രാമത്തിൽനിന്നു വളരെ അകലെയുള്ള പിസ്കോപട്ടണത്തിലുള്ള ഒരു ഡാക്ടരെക്കൊണ്ടു അവളെ പരിശോധിപ്പിച്ചു. ലീനയെ സംബന്ധിച്ചു് അവളുടെ അച്ഛൻ പറഞ്ഞതൊന്നും ഡാക്ടർക്കു വിശ്വസിക്കുവാൻ കഴിഞ്ഞില്ല. അതിനാൽ, ഡാക്ടർ അവളുടെ ജനനസർട്ടിഫിക്കററ് വരുത്തി പരിശോധിച്ചു. അച്ഛൻ പറഞ്ഞതു് പോലെ അവൾക്കു അഞ്ചരവയസ്സേ പ്രായമുള്ളുവെന്നു് ബോദ്ധ്യമാവുകയും ചെയ്തു. ലീനയ്ക്കു് അഞ്ചുജ്യേഷ്ഠന്മാരും രണ്ടുജ്യേഷ്ഠത്തിമാരും, ഒരനുജത്തിയും ഉണ്ടെന്നും, സഹോദരന്മാരിൽ ഒരാൾ അൽപം മോശപ്രകൃതിയാണെന്നും ഡാക്ടർ മനസ്സിലാക്കി.

താമസിയാതെ പെറുവിലെ പ്രസിഡന്റിന്റെ ഭാര്യയുടെ ചെവിയിൽ ലീനയെപ്പററിയുള്ള വിവരങ്ങൾ എത്തി. അവർ ഫ്രാൻസിസ്ക്കോഗ്രാന എന്നൊരു പ്രശസ്ത ഡാക്ടരെ ലീനയുടെ കേസ് അന്വേഷിക്കുന്നതിനു് ചുമതലപ്പെടുത്തി. ഈ ഡാക്ടർ പിസ്കോയിൽ പോയി ലീനയെ കൊണ്ടുവരുവാൻ ഒരു മെഡിക്കൽമിഷനെ നിയോഗിച്ചു. ലീനയെ ആദ്യം പരിശോധിച്ച ഡാ: ലൊസാഡായെയും അവർ കൂട്ടിക്കൊണ്ടുപോന്നു. ഈ മിഷൻ ഒരു വ്യാഴാഴ്ച ലിമയിൽ എത്തി. ആ ഞായറാഴ്ച തന്നെ ആപ്പറേഷൻ നടന്നു. അങ്ങിനെ ൧൯൩൯-മേയ് ൧൪-ാംനു ലീന അഞ്ചുറാത്തൽ ഭാരമുള്ള ഒരു ആൺകുട്ടിയെ പ്രസവിച്ചു.

ആപ്പറേഷനുശേഷം ആറുദിവസം കഴിഞ്ഞപ്പോൾ കുട്ടിയുടെ സംരക്ഷണഭാരം, ഇതിൽസഹായിച്ച മിഡ്‌വൈഫ് ഏറെറടുത്തു. എന്നാൽ പിറേറവർഷം ഒരു സുപ്രീംകോടതിവിധിയെ അടിസ്ഥാനമാക്കി അവനെ, ലീനയുടെ മാതാപിതാക്കന്മാരെ ഏൽപിച്ചുകൊടുക്കേണ്ടിവന്നു. ഈ മിഡ്‌വൈഫ്, കുട്ടി ലീനയുടെ സഹോദരനാണെന്നാണ് അവളെ ധരിപ്പിച്ചുവച്ചിരുന്നതു്. അതിനാൽ കുഞ്ഞിന്റെ അച്ഛനാരാണെന്നു ലീനയോടു് ചോദിച്ചാൽ "അവനെന്റെ അച്ഛന്റെ മകനാണെ"ന്നു അവൾ പറയുമായിരുന്നു. ഡാക്ടറന്മാർ അവളുടെ വയററിൽ ഒരു ദശവളർന്നിരുന്നതു് ആപ്പറേററുചെയ്തുകളകയാണ് ചെയ്തതെന്നാണ ലീന ധരിച്ചുവച്ചിരുന്നതു്. അവൾക്കു കളിക്കുവാൻ ഡാക്ടർ ഒരു ജീവനുള്ള കുഞ്ഞിനെ നൽകി എന്നു മിഡ്‌വൈഫ് അവളെ വിശ്വസിപ്പിച്ചിരുന്നു.

ആശുപത്രിയിൽനിന്നു് ലീനയേയും അവളുടെ കുഞ്ഞിനേയും തട്ടിക്കൊണ്ടുപോകുവാൻ ശ്രമങ്ങൾ നടന്നുവെങ്കിലും, ഗവൺമെന്റ് തക്കതായ നടപടികൾ കൈക്കൊള്ളുകയാൽ, ആ ശ്രമങ്ങൾ പരാജയപ്പെടുകയാണുണ്ടായതു്.

ഒരു വളർത്തമ്മയെ ലഭിക്കുന്നതുവരെ, സ്വാദുപിടിപ്പിച്ച വിററമിൻ നൽകിയാണ് കുട്ടിയെവളർത്തിയതു്. ഈ വളർത്തമ്മ ഒരു വർഷത്തിനകം മരിച്ചുപോയി. അപ്പോൾ ലീനയ്ക്കുണ്ടായ ദുഃഖത്തിനു് അതിരില്ലായിരുന്നു. ലീനയുടേതുപോലുള്ള ഒരു സംഭവം ലോകത്തിൽ ഉണ്ടായിട്ടില്ല. ഭിഷക്‌ലോകത്തെ ഒന്നാകെ സംഭ്രമിപ്പിച്ച ഒരു വിശേഷമാണിതു്.

(ചിക്കാഗോ സൺഡെട്രിബ്യൂണിൽനിന്നു്)

നോട്ട്—സ്വകാര്യോദ്യമങ്ങളുടെയും അവസരങ്ങളുടെയും ജന്മദേശമായ അമേരിക്കയിൽ എന്തും സംഭവിക്കുമെന്നുള്ളതിനു ചുവടെ ചേർക്കുന്ന ബാല്യപ്രസവങ്ങൾ സാക്ഷ്യം വഹിക്കുന്നു. (൧) ൧൨ വയസ്സുള്ള ബെററിജയൻലേസക്കു് ൧൩ വയസ്സുള്ള ഒരു സ്കൂൾകുട്ടിയിൽനിന്നു ൭ റാത്തൽ ഭാരമുള്ള ഒരു ആൺകുട്ടി ജനിച്ചു. (൨) ൧൨ വയസ്സുള്ള മേരികെല്ലക്കു് ഒരു പുത്രിയുണ്ടായി. (൩) അഡിൽവൈററു് എന്ന പത്തുവയസ്സുള്ള ഒരു നീഗ്രോബാലികയ്ക്കു നല്ല ആരോഗ്യമുള്ള ഒരു പെൺകുഞ്ഞുണ്ടായി. (൪) ലൊവ്‌ലാബ്രൂക്ക്ബാങ്ക് എന്ന ൧൨ വയസ്സുള്ള ഒരു കുട്ടിയും അവളുടെ കുഞ്ഞിനെ വളർത്തുന്നതിൽ അഭിമാനം കൊള്ളുന്നു.

—o—

Printed & Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.